# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages - 68

വാല്യം - 8 ലക്കം - 6 ഇടവം - 1190 ജൂൺ 2015






**സേവനം ജീവിത സാഫല്യം**

വാല്യം 8 ♦ ലക്കം – 6 ♦ ജൂൺ 2015

ഉള്ളടക്കം നം


| ഉള്ളടക്കം | നം |
|---|---|
| എഡിറ്റോറിയൽ | - 3 |
| ബദൽ ഇല്ലാത്ത ബന്ധം | - 4 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | - 5 |
| ബാലലോകം | - 7 |
| രാഗപരിചയം | - 9 |
| വാസ്തു | - 10 |
| ഭാഷയും സാഹിത്യവും | - 12 |
| അണിമാണ്ഡവ്യന്റെ ശാപവും വിദുര ജന്മവും | - 14 |
| പരമപുരുഷാർത്ഥം | - 16 |
| കലിയുഗത്തിൽ നാമജപത്തിന്റെ പ്രസക്തി | - 18 |
| വേദമാതാവിന് പ്രണാമം | - 20 |
| അനശ്വരമായ ആത്മാവ് | - 21 |
| തൃപ്പദം | - 24 |
| കുട്ടികൾ അപ്രത്യക്ഷരാവുന്നത് | - 25 |
| ഭാരതീയ പൈതൃക സന്ദേശം | - 26 |
| ഹബിൾ സ്പേസ് ടെലസ്കോപ്പ് | - 32 |
| സ്വാമി ചിൻമയാനന്ദ | - 34 |
| മലബന്ധം | - 36 |
| കരയോഗ ധനസഹായ പദ്ധതി | - 38 |
| പ്രോസ്റ്റേറ്റ് ഗ്രന്ഥി | - 39 |
| Nicotine Addiction | - 40 |
| ക്ഷേത്രമഹാത്മ്യം | - 42 |
| പരമമായ സത്യം | - 44 |
| രണ്ട് സഹയാത്രികൾ | - 45 |
| ഗാന്ധിസൂക്തം | - 50 |
| ആദരാഞ്ജലി | - 50 |
| ചരമവാർഷികം | - 51 |
| മാസഫലം | - 52 |
| മാംഗല്യം | - 53 |



## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിറ്റർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എഡിറ്റർ)*

**കെ. വി. രാമചന്ദ്രൻ**
**പി. രാമചന്ദ്രൻ (വേണു)**
**കെ. ടി. മോഹനൻ**
**എ. മുരളീധരൻ**
**എം. രാജലക്ഷ്മി**


*എഡിറ്റോറിയൽ........*

# ഭൂകമ്പവും കൊച്ചിയും

നേപ്പാളിലും ഉത്തരേന്ത്യയുടെ ചില ഭാഗങ്ങളിലും ഉണ്ടായ ഭൂകമ്പം മൂലം ആയിരക്കണക്കിന് ആളുകൾ മരണമടഞ്ഞു. പതിനായിരക്കണക്കിന് സാരമായ പരിക്കുകളോടെ ആതുരാലയങ്ങളിലും അഭയകേന്ദ്രങ്ങളിലും കഴിഞ്ഞ് കൂടുന്നു. നേപ്പാളിൽ വീടുകളും മറ്റ് കെട്ടിടങ്ങളും ഏതാണ്ട് എല്ലാം തന്നെ ഇല്ലാതായി. മരണത്തിൽ നിന്നും രക്ഷപ്പെട്ടവർ നരകയാതന അനുഭവിക്കുകയാണ് ഇന്നവിടെ. ഭാരതമുൾപ്പടെ അയൽ രാജ്യങ്ങളും, മിക്ക ലോകരാഷ്ട്രങ്ങളും സഹായഹസ്തവുമായി എത്തി, ഏതാണ്ടൊരു അല്പം ആശ്വാസ മായപ്പോഴെക്കും മേയ് 12-ാം തീയതി ഉണ്ടായ തുടർചലനം മൂലം നേപ്പാളിലും ഉത്തരേന്ത്യയിലും മരണം വീണ്ടും താണ്ഡവമാടി. ഭൂകമ്പത്തിനിരയായ ഈ പ്രദേശങ്ങൾ പഴയതുപോലെ ആക്കി എടുക്കുവാൻ ഇനി എത്ര കാലമെടുക്കും - എത്രമാത്രം കഠിനാദ്ധ്വാനം വേണ്ടി വരും. എന്തായാലും, നമ്മുടെ അയൽ രാജ്യത്തും നമ്മുടെ രാജ്യത്തിന്റെ ചില ഭാഗങ്ങളിലും ഉണ്ടായ മഹാദുരന്തത്തിൽ മരിച്ചവരുടെ ആത്മാവിന് നിത്യശാന്തി ലഭിക്കുവാനായി നമുക്കും പ്രാർത്ഥിക്കാം - ഒപ്പം ഈ പ്രദേശത്ത് അവശേഷിക്കുന്നവരെ സഹായിക്കുന്നതിനായി രൂപം കൊടുത്തിരിക്കുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്യുകയും വേണം. മനുഷ്യ സ്നേഹത്തിന്റെ ഉറവ വറ്റാത്തവർ കഴിവനുസരിച്ച് സഹായിക്കണം.

ഇനി മറ്റൊന്ന്, ആദ്യത്തെ ഭൂചലനവും 12-ാം തീയതി ഉണ്ടായ തുടർചലനവും കൊച്ചിയിലും അനുഭവപ്പെട്ടു. കൊച്ചിയിലെ വലിയ ബഹുനില കെട്ടിടങ്ങളുടെ മുകളിലത്തെ നിലകളിലാണ് പ്രകമ്പനം അനുഭവപ്പെട്ടത്. ഇതൊരു മുന്നറിയിപ്പായി കരുതണം. ഭൂചലനങ്ങൾക്കുശേഷം തുടർ ചലനങ്ങളും നടക്കുന്നതു

പോലെ വലിയ ഭൂചലനങ്ങൾ ഉണ്ടാകുന്നതിന് മുമ്പും ചെറിയ ചലനങ്ങൾ ഉണ്ടാകാറുണ്ടെന്ന് ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടു കണ്ടു. അപ്പോൾ, കൊച്ചി നഗരവാസികൾ തീർച്ചയായും മുൻ കരുതൽ എടുക്കേണ്ട അവസ്ഥയാണിപ്പോൾ. ഇനിയും ഒട്ടും അമാന്തിച്ചു കൂടാ. കൊച്ചി എന്ന് പറയുന്ന നമ്മുടെ ഈ നാട് പണ്ട് കടലിനടിയായിരുന്നുവെന്നും, പ്രകൃതിയിലുണ്ടായ ഏതോ തരത്തിലുള്ള മാറ്റം കൊണ്ട് കടൽ പിൻവാങ്ങി, കരയായതാണെന്നുമാണല്ലോ പറയപ്പെടുന്നത്. ഒരു വശത്ത് തൃപ്പൂണിത്തുറ വരെയും മറുവശത്ത് ഇടപ്പള്ളി വരെയും കടലായിരുന്നു. എന്നാണല്ലോ നിഗമനം. ഇത് ശരി ആയാലും തെറ്റായാലും ഒന്നുണ്ട്, കൊച്ചിയിലെ മണ്ണ് ചെളി കലർന്നതാണ്. പല ഭാഗങ്ങളും ശരിയായ ചെളിപ്രദേശങ്ങളുമാണ്. വെള്ളവും ചെളിയും നിറഞ്ഞ ഈ പ്രദേശത്ത് നിർമ്മിച്ചിട്ടുള്ള ബഹുനില ഫ്ളാറ്റുകളിലാണ് പ്രകമ്പനം അനുഭവപ്പെട്ടത്. അതുകൊണ്ട് എറണാകുളത്തെ പ്രത്യേക സംരക്ഷിത മേഖലയായി പ്രഖ്യാപിച്ച് കൊച്ചി കോർപറേഷന്റെ പരിധിയിൽ വരുന്ന ചെളി പ്രദേശങ്ങളിൽ ബഹുനില ഫ്ളാറ്റുകൾ നിർമ്മിക്കാൻ അനുവാദം നൽകാതിരിക്കുകയാണ് അഭിലഷണീയം. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ മൂന്ന് നിലയിൽ കുടുതലുള്ള കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുവദിക്കരുത്. കൊച്ചിയെ രക്ഷിക്കുവാൻ അതുമാത്രമെ മാർഗ്ഗമുള്ളു. നിലവിലുള്ള ബഹുനിലകെട്ടിടങ്ങൾക്കും, താമസക്കാർക്കും വേണ്ട സുരക്ഷാ സംവിധാനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ സജ്ജമാക്കുകയും വേണം. കൊച്ചി കോർപ്പറേഷന്റെയും, കേരള സർക്കാരിന്റെയും, അടിയന്തിര ശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടാവണം. ■

# ബദൽ ഇല്ലാത്ത ബന്ധം



ഉണ്ണി വാരിയത്ത്

അമ്മയാണവൾ. പ്രസവിക്കാത്ത അമ്മ. അനാഥശിശുവിനെ എടുത്തു വളർത്തിക്കൊണ്ട് അമ്മയായവൾ...................

മിന്നലിന്റെ വാൾവീശലും മേഘങ്ങളുടെ അതിഘോര ഗർജ്ജനവും മഴയുടെ അകമ്പടിയുമുള്ള ഒരു രാത്രി. വീടിന്റെ ചുവരിനപ്പുറത്തു നിന്നും കേട്ടതാണവൾ ഒരു ചോരക്കുഞ്ഞിന്റെ കരച്ചിൽ.

അനാഥനായ ആ ആൺകുഞ്ഞിനെ അവളും ഭർത്താവും എടുത്തു വളർത്തി വലുതാക്കി. അവസാനം അവർ അനാഥരായി. കാരണം, അവരെ അവൻ തള്ളിപ്പറഞ്ഞു. തള്ളിക്കളഞ്ഞു.

പ്രസവിക്കാതെ അമ്മയായവളും പ്രസവിപ്പിക്കാതെ അച്ഛനായവനും ഓർത്തോർത്തു കരഞ്ഞു. അവരുടെ മനസ്സിലെ ഉണങ്ങാത്ത മുറിപ്പാടുകൾ നീറിക്കൊണ്ടിരുന്നു.

പത്തു മാസം വയറ്റിൽ ചുമന്നു നടന്ന് നൊന്തു പ്രസവിക്കുന്ന അമ്മയെപ്പോലെത്തന്നെ അല്ലെങ്കിൽ അതിനേക്കാൾ മഹത്വമില്ലേ സ്വന്തമല്ലെങ്കിലും സ്വന്തമായി ഉൾക്കൊണ്ട് എടുത്തു വളർത്തുന്ന അമ്മയ്ക്ക്. തീർച്ചയായും.

ബദൽ ഇല്ലാത്ത ഒരേയൊരു ബന്ധമാണല്ലോ അമ്മ.



# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗത്തിന്റെ 90-ാമത് വാർഷിക പൊതുയോഗം ജൂൺ 28-ാം തീയതി രാവിലെ 10.00 മണിക്ക് ടി.ഡി.എം.ഹാളിൽ കൂടുന്നതാണ്. 2015-2016 ലെ റവന്യൂ-ക്യാപ്പിറ്റൽ ബഡ്ജറ്റിൽ 22,26,10,000 രൂപ വിവിധ പദ്ധതി കൾക്കായി വകയിരുത്തുന്നു. കരയോഗത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതോടൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകിക്കൊണ്ട് കരയോഗാംഗങ്ങൾക്കും കൂടി പ്രയോജനപ്രദമായ രീതിയിലുള്ള സംരംഭങ്ങൾ ഏറ്റെടുക്കുകയാണ് ഭരണസമിതിയുടെ ലക്ഷ്യം.

നവതിയാഘോഷത്തോടൊപ്പംതന്നെ നവതി സ്മരണകൾ നിലനിർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതും അതു പോലെ തന്നെ 2025-ലെ ശതാബ്ദി ആഘോഷ ങ്ങൾക്കുള്ള ആലോചനകൂടി നടത്തേണ്ടതുമുണ്ട്. ലോകത്തുള്ള എല്ലാ സമുദായാംഗങ്ങൾക്കും ഒത്തുകൂടുവാൻ, വിപുലമായ സംവിധാനങ്ങളോടു കൂടി എല്ലാ നൂതന സാങ്കേതികവിദ്യയുടെയും സഹായത്തോടെ ഒരു "ഇൻറർനാഷണൽ നായർ ഹബ്ബ്" തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള ഒരാശയം വിവിധ കോണുകളിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്. ഭാരതത്തിനകത്തും പുറത്തുമുള്ള എല്ലാ സമുദായാംഗങ്ങളുടെയും സഹകരണ ത്തോടെ മേൽ സൂചിപ്പിച്ച പദ്ധതി നടപ്പിലാക്കു വാൻ കഴിയുമോ എന്ന ആലോചനയിലാണ്. ഇത്തരം ബൃഹത്തായ പദ്ധതികളിലൂടെ കരയോഗ ത്തിന് സാമ്പത്തികമായി ബാദ്ധ്യതകൾ വരാതെ വലിയ ഒരു കൂട്ടായ്മയ്ക്ക് നേതൃത്വം കൊടുക്ക ലാണ് നമ്മുടെ ലക്ഷ്യം. ഇത് ഒരു സ്വപ്ന പദ്ധതിയാണ്. ഈ പദ്ധതിയുടെ ആശയം പൊതുജനങ്ങളിലേക്ക് കൈമാറുമ്പോൾ ഇന്ന ല്ലെങ്കിൽ നാളെ സാക്ഷാത്ക്കരിക്കും എന്ന ഉറച്ച വിശ്വാസത്തിലാണ് ഇങ്ങനൊരാശയത്തിന്റെ വിത്തു പാകുന്നത്.

കഴിഞ്ഞ പത്തു വർഷത്തെ നമ്മുടെ പ്രസ്ഥാനത്തിന്റെ വളർച്ച സാമ്പത്തികമായും അതിലുപരി സാമൂഹ്യമായും പതിൻമടങ്ങ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന് സഹകരി ക്കുന്ന കരയോഗാംഗങ്ങളും പൊതുസമൂഹവും ഒരുപോലെ അഭിനന്ദനമർഹിക്കുന്നു. ഇന്നത്തെ സാമൂഹ്യ രാഷ്ട്രീയ ചുറ്റുപാടുകളിൽ ഒരു രാഷ്ട്രീയ ഇടപെടലുകൾക്കും ഇടം കൊടു ക്കാതെ തികച്ചും ജനാധിപത്യ രീതിയിൽ സാമൂഹ്യ പ്രതിബദ്ധതയോടെ എറണാകുളം കരയോഗത്തിന്റെ സേവനം ജനങ്ങൾക്ക് നൽകുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് പറയുന്നതിൽ അതിയായ സന്തോഷമുണ്ട്.

എറണാകുളം കരയോഗത്തിന്റെ വാർഷിക പൊതുയോഗത്തിലേയ്ക്ക് എല്ലാ അംഗങ്ങളുടെയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നതോടൊപ്പം നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖാമൂലം അറിയിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു.

പ്രധാനമന്ത്രിയുടെ നേപ്പാൾ ഭൂകമ്പ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി കരയോഗം 55,555 രൂപയുടെ ചെക്ക്, മെയ് 9ന് ടിഡിഎം ഹാളിൽ നടന്ന ചടങ്ങിൽ കരയോഗം പ്രസിഡണ്ടും, ജനറൽ സെക്രട്ടറിയും, മറ്റു ഭരണസമിതി അംഗങ്ങളും ചേർന്ന് കേന്ദ്ര മന്ത്രി പ്രകാശ് ജാവ്ദേക്കർക്ക് കൈമാറി.


മാതൃഭൂമി, എറണാകുളം കരയോഗ ത്തിന്റെ സഹകരണത്തോടെ മെയ് 30ന് പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് വേണ്ടി ടിഡിഎം ഹാളിൽ പ്രൊഫഷണൽ കോഴ്സ് ഗൈഡൻസ് സെമിനാർ നടത്തി. സെമിനാറിൽ പ്രൊഫ. കൃഷ്ണൻ സ്വാമിനാഥൻ, ഡോ. എസ്. സുരേന്ദ്രൻ, ഡോ. എസ്. സന്തോഷ് തുടങ്ങിയ വിദഗ്ധർ ക്ലാസ്സുകളെടുത്തു.

ബാങ്ക് ജീവനക്കാരുടെ സംഘടനയായ ബീം, എറണാകുളം കരയോഗവുമായി സഹകരിച്ച് 22.05.2015ൽ ടിഡിഎം ഹാളിൽ കുമാരി ഐശ്വര്യ, ബംങ്കളൂരുവിന്റെ സംഗീത കച്ചേരി നടത്തി.

എറണാകുളം കരയോഗത്തിന്റെ കലാസാംസ്ക്കാരിക വിഭാഗമായ എറണാകുളം കഥകളി ക്ലബിന്റെ നേതൃത്വത്തിൽ മെയ്മാസ പരിപാടിയായി 26-ാം തീയതി ടിഡിഎം ഹാളിൽ "നരകാസുരവധം" കഥകളി അവതരിപ്പിച്ചു.

ബീമും, എറണാകുളം കരയോഗവും സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയിൽ ജൂൺ17ാം തീയതി ടിഡിഎം ഹാൾ ഗംഗയിൽ തൃശ്ശൂർ നാടക സൗഹൃദത്തിന്റെ "പടച്ചോന്റെ ചോറ്, നിലവിളക്ക്, മരണശിക്ഷ" എന്നീ ലഘുനാടകങ്ങൾ അവതരിപ്പിക്കുന്ന താണ്. ജൂൺമാസം, 23-ാം തീയതി വൈകുന്നേരം 6.00 മണിക്ക് ടിഡിഎം ഹാൾ ഗംഗ എ.സിയിൽ എറണാകുളം കഥകളിക്ലബിന്റെ "കല്യാണ സൗഗന്ധികം" കഥകളി നടത്തുന്നതാണ്.

- ജനറൽ സെക്രട്ടറി -





# ബാലലോകം



ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

ഉൻമേഷത്തോടെ, ഉത്സാഹത്തോടെ സ്കൂളിലേക്ക് പുറപ്പെടാറായല്ലോ അല്ലെ?. പുതിയ യൂണിഫോം, പുതിയ ബാഗ്, കുട എല്ലാറ്റിലും ഉപരി പുതിയ ക്ലാസ്, കൂട്ടുകാർ , നിർത്താതെ പെയ്യുന്ന മഴ. എന്തൊരു രസമായിരിക്കും.

വരൾച്ചയുടെ കെടുതികളിൽ നിന്നും കുളുർമയിലേക്കുള്ള പ്രയാണം, മഴത്തുള്ളികളുടെ കിലുകിലുക്കം. ഇതൊക്കെ പ്രകൃതി നമുക്ക് തരുന്ന അനുഗ്രഹങ്ങൾ ആണെന്ന് കൂട്ടുകാർക്ക് അറിയാമല്ലോ?. ഓരോ വർഷവും കടന്നുപോവുമ്പോൾ എന്തെന്തു പുതിയ അനുഭവങ്ങളാണ് ഉണ്ടാവുക? അതൊക്കെ ഒരു കുഞ്ഞു ഡയറിയിൽ കുറിച്ചിട്ടു നോക്കു. പിന്നീട് വായിക്കാൻ എന്ത് രസമായിരിക്കുമെന്നോ. ഓരോ തുള്ളി ജലവും ഇനിയുള്ള കാലത്ത് നാം കരുതി ഉപയോഗിക്കണം. അല്പം ജലം പോലും ആവശ്യമില്ലാതെ കളയരുത്. എന്നർത്ഥം.

മഴവെള്ളത്തിനുമുണ്ട് സംഗീതം എന്ന് കൂട്ടുകാർക്കറിയാമോ? ഇതൊന്നു പരീക്ഷിച്ചു നോക്കൂ. അഞ്ചു സ്റ്റീൽ ഗ്ലാസുകൾ നിരത്തിവെക്കു. ഒരു ഗ്ലാസിൽ നിറയെ വെള്ളമെടുക്കു, അടുത്ത ഗ്ലാസിൽ കാൽഭാഗം വെള്ളവും മറ്റു ഗ്ലാസുകളിൽ പല അളവുകളിൽ വെള്ളവും എടുക്കു. ഒരു സ്പൂൺ എടുത്ത് വരിയായി നിരത്തിയിരിക്കുന്ന ഓരോ ഗ്ലാസുകളിലും മുട്ടിനോക്കു. സംഗീതാത്മകമായ ശബ്ദം കേൾക്കുന്നില്ലേ? കുറച്ചു വെള്ളമുള്ള ഗ്ലാസിൽ നിന്നും ജലതരംഗങ്ങൾ കേൾക്കാനാവും. കുറച്ചു വെള്ളമുള്ള ഗ്ലാസിലാണ് ജലതരംഗങ്ങൾ കൂടുതൽ അറിയുക.

## *നല്ലത് നൽകുക*

ഒരിടത്ത് രണ്ടു കൂട്ടുകാർ ഉണ്ടായിരുന്നു. രാമനും, മീരയും. രാമൻ ഒരിക്കൽ കൂട്ടുകാരന്റെ വീട്ടിൽ നിന്നും കുറെ മധുരമുള്ള മാമ്പഴം കൊണ്ടുവന്നു. അതിൽ നിന്ന് നല്ലതെല്ലാം തിരഞ്ഞെടുത്ത് ബാക്കിയിൽ ചിലത് മീരയുടെ വീട്ടിലേക്കു കൊടുത്തു. മീര നോക്കിയപ്പോൾ പലതും ഉപയോഗിക്കാൻ പറ്റാത്ത പരുവത്തിലായിരുന്നു, എങ്കിലും മീരയുടെ അച്ഛൻ രാമുവിന് കൊടുക്കാൻ വേണ്ടി കുറെ നല്ല പലഹാരം വീട്ടിൽ കൊണ്ടുവന്നു. അതിന്റെ മുക്കാൽ പങ്കും മീര സന്തോഷത്തോടെ രാമുവിന് നല്കി മീരക്ക് ഏറെ സന്തോഷമായി. രാമുവിനാകട്ടെ എന്തോ ഒരു സ്വസ്ഥതക്കുറവ്. താൻ ചെയ്തത് ശരിയായില്ലെന്ന കുറ്റബോധം. മീരയ്ക്കാകെ ഏറെ സന്തോഷവും. എന്തുകൊണ്ടാണെന്ന് കൂട്ടുകാർക്ക് പറയാമോ? ആർക്ക് എന്ത് കൊടുക്കുമ്പോഴും നല്ലത് മാത്രം കൊടുക്കുക.

### *കണ്ണൻ*


കണ്ണനാമുണ്ണിയെ കാണുമാറാകണം
കാറോളിമേഘവർണ്ണനെക്കാണുമാറാകണം
കിങ്കിണീനാദങ്ങൾ കേൾക്കുമാറാകണം
കീർത്തനം ചൊല്ലിപ്പുകഴ്ത്തുമാറാകണം.

ഒന്നാമത്തെ കഥ പറയാൻ, നീയും ഞാനും
കരിമല കാട്ടിൽ പോയില്ലെ
കഥ പറയാൻ ഞാൻ പോയി
കഥ കേൾക്കാൻ അവളും കൂടി
പണ്ടൊരു നാട്ടിലെ കള്ളക്കണ്ണൻ
പാട്ടും പാടി നടക്കുമ്പോൾ
കാട്ടിലെ കണ്ണാടി പെണ്ണിനെ കണ്ടു
അവളുടെ മധുരമാം പാട്ടും കേട്ടു
അവളുടെ പാട്ടിൽ അവൻ അലിഞ്ഞു
അഴകിന്റെ നിഴലിൽ അവൻ ഇരുന്നു
കണ്ണാടി പെണ്ണിന് കല്ല്യാണമായ്
കൊട്ടും, കുഴലും, കുരവയുമായി
നാട്ടിലും കാട്ടിലും പാട്ടു പാടി
നൃത്ത ചുവടുകൾ ഒന്നായാടി
കഥയും പറഞ്ഞുകൊണ്ട് അവിടിരുന്നു
പാട്ടും പാടി ഒത്തുചേർന്നു
കണ്ണാടി പെണ്ണിന് കള്ളക്കണ്ണൻ
അവന് കിട്ടിയ ഒരു കണ്ണാടിയും.

**അക്ഷയ. എം**
STD. V


ബാലലോകം

# ആരോഗ്യവും നല്ല ശീലങ്ങളും



എ.ശിവസുബ്രഹ്മണ്യൻ

വലിയ പട്ടണങ്ങളിൽ, ബഹുനിലകെട്ടിടങ്ങൾ കാണുമ്പോൾ അതിന്റെ ഉയരത്തിനു അനുസരിച്ച് ബലമുള്ള അടിത്തറയെക്കുറിച്ച് നിങ്ങൾക്ക് ഊഹിക്കാമല്ലോ. ബലമുള്ള അടിത്തറയുണ്ടെങ്കിലേ പ്രകൃതി ക്ഷോഭങ്ങളേയും മറ്റും അതിജീവിച്ച് കെട്ടിടങ്ങൾക്ക് ദീർഘകാലം നിലനിൽക്കാൻ സാധിക്കുകയുള്ളൂ. അതുപോലെയാണ് ആരോഗ്യവും. ദീർഘകാലം ആരോഗ്യവാനായി ജീവിക്കണമെങ്കിൽ വളരെ ചെറുപ്രായത്തിൽ തന്നെ നല്ല ഭക്ഷണശീലങ്ങളും കൃത്യമായ വ്യായാമവും ഉണ്ടാകണം. അങ്ങനെ ഒരു ആരോഗ്യപരമായ അടിത്തറ ചെറുപ്രായത്തിൽ തന്നെ ഉണ്ടാക്കിയാൽ തീർച്ചയായും ഭാവിയിൽ ജീവിതശൈലീ രോഗങ്ങളായ പ്രമേഹവും രക്തസമ്മർദ്ദവും പിടിപെടാതെ എല്ലാ രുചിയുള്ള ഭക്ഷണവും കഴിച്ച് സുഖമായി ജീവിക്കാം. ഇത്തരം രോഗങ്ങൾ ചെറുപ്പക്കാരിൽ വരുന്നത് പ്രധാനമായും അധികഭക്ഷണം (ഉദാ.പൊരിച്ചതും,കോള പോലുള്ളവയുടെ അമിത ഉപയോഗവും) മൂലമാണ്. ആവിയിൽ വേവിച്ചതും നാടൻ പലഹാരങ്ങളും ഭക്ഷിക്കുവാൻ ശീലിക്കുക. ഓർക്കുക, ജീവിതശൈലീ രോഗങ്ങൾ വന്നാൽ പനിയോ, ചുമയോ പോലെ പൂർണ്ണമായി ചികിത്സിച്ചു മാറ്റാൻ സാധിക്കുകയില്ല.ജീവിതകാലം മുഴുവൻ ഭക്ഷണക്രമീകരണവും മരുന്നും വ്യായാമവുമായി ജീവിക്കേണ്ടിവരും. കൂട്ടുകാരെ, നിങ്ങൾ അവയുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി താഴെ കാണുന്ന ഫുഡ് പിരമിഡ് അനുസരിച്ച് ഭക്ഷണം ക്രമീകരിച്ചാൽ മേൽപ്പറഞ്ഞ രോഗങ്ങളെ നിത്യജീവിതത്തിൽ നിന്ന് അകറ്റി നിർത്താം.



## മദ്യത്തിന്റെയും മറ്റു ലഹരി ഉൽപ്പന്നങ്ങളുടെയും ദോഷഫലങ്ങൾ

കുട്ടനും വിജയനും സഹപാഠികൾ ആയിരുന്നു. അവരുടെ പിതാക്കളും ഒരേ പ്രായക്കാരും ഒരേ വരുമാനം ഉള്ളവരും ആയിരുന്നു. കുട്ടന്റെ വീട്ടിൽ ബൈക്ക്, ടി.വി, വസ്ത്രം, നല്ല ആഹാരം, വിനോദയാത്രകൾ, ഉൾപ്പെടെ സന്തുഷ്ടമായ കുടുംബ ജീവിതം ആയിരുന്നു. എന്നാൽ വിജയന്റെ വീട്ടിൽ അതായിരുന്നില്ല സ്ഥിതി. വഴക്ക്, ദാരിദ്ര്യം, ആരോഗ്യമില്ലായ്മ മുതലായവ വിട്ടുമാറിയിരുന്നില്ല. കൂട്ടുകാരേ, സമൂഹത്തിൽ ഇന്നു നാം വിജയന്റേതുപോലെയുള്ള കുടുംബങ്ങൾ ധാരാളം കാണുന്നുണ്ട്. കിട്ടുന്ന പണം മുഴുവൻ മദ്യവും മറ്റു ലഹരികളും ഉപയോഗിച്ചു ചിലവാക്കുന്നു. വീട്ടിൽ സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി ബാക്കി വളരെ കുറച്ചു മാത്രം ചിലവാക്കുന്നു. അതുമൂലം ഭാവി വാഗ്ദാനങ്ങളായ കുട്ടികൾക്ക് വളരുന്ന പ്രായത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാതാക്കുകയും അവസാനം മദ്യപാനത്തിനടിമപ്പെട്ടും തെറ്റായ ഭക്ഷണശീലങ്ങൾ മൂലവും ജീവിതശൈലീ രോഗങ്ങൾ പിടിപെട്ട് നാശത്തിൽ നിന്ന് നാശത്തിലേയ്ക്ക് പോകുന്നു. അതുകൊണ്ട് മദ്യത്തിന്റേയും മറ്റു ലഹരി വസ്തുക്കളുടേയും ദൂഷ്യഫലങ്ങൾ മനസ്സിലാക്കി ജീവിതത്തിൽ അവയെ അപ്പാടെ വർജ്ജിക്കാമെന്ന് സത്യം ചെയ്യാം.

### മദ്യത്തിന്റെ ദോഷഫലങ്ങൾ

1. മദ്യം ഉപയോഗിക്കുമ്പോൾ വിശപ്പ് കൂടുന്നു. എണ്ണയിലും മറ്റും വറുത്ത ഭക്ഷണം കൂടുതൽ കഴിക്കുന്നു. ജീവിതശൈലീ രോഗങ്ങൾ പിടിപെടുന്നു.
2. ആമാശയത്തിൽ രക്തസ്രാവം, ഛർദ്ദി എന്നിവ ഉണ്ടണ്ടാകുന്നു.
3. ദഹനക്കേടും,രക്ത സമ്മർദ്ദവും പിടിപെടുന്നത് ഹൃദയ ആരോഗ്യത്തെ ബാധിക്കും. ചിലപ്പോൾ ഹൃദയാഘാതം മൂലമുള്ള വേദനപോലും അവർ തിരിച്ചറിയാതെ പോകുന്നു
4. ശ്വാസകോശപ്രവർത്തനം മന്ദഗതിയിലാകുന്നു.
5. പേശികളുടെ ശക്തി കുറയുന്നു.
6. വിളർച്ച അനുഭവപ്പെടുന്നു. എത്ര ആഹാരം കഴിച്ചാലും ദഹിക്കാതെ ശരീരം ശോഷിക്കുന്നു.

### കരൾ

അമിത മദ്യപാനം മൂലം കരൾ അമിതമായി പ്രവർത്തിക്കേണ്ടി വരുന്നു. കരൾ സിറോസിസ് പോലുള്ള അവസ്ഥയിലേയ്ക്ക് നീങ്ങുന്നു.

### കാൻസർ സാധ്യത


വായ്, അന്നനാളം, വൻകുടൽ, കരൾ എന്നിവടങ്ങളിലെ കാൻസറിന് മദ്യം കാരണമാകുന്നു.

### മയക്കുമരുന്നിന്റെ ദോഷഫലങ്ങൾ

ഓക്കാനം, ഛർദ്ദി, വിശപ്പില്ലായ്മ, മലബന്ധം, ശ്വാസതടസ്സം,ഹൃദയമിടിപ്പ്, രക്തസമ്മർദ്ദം കുറഞ്ഞുപോകുക,ചൊറിച്ചിൽ, ബോധക്ഷയം, അപസ്മാരം, മുതലായവ.

### പുകയിലയുടെ ദോഷഫലങ്ങൾ

വിട്ടുമാറാത്ത ചുമ, ശ്വാസകോശരോഗങ്ങൾ, വായ്ക്കുള്ളിലെ രോഗങ്ങൾ, കാൻസർ പുകവലിക്കാരുടെ കുട്ടികൾക്ക് ജന്മനാ ആരോഗ്യക്കുറവ് മുതലായവ. മദ്യവും മയക്കുമരുന്നും ശാരീരിക വ്യവസ്ഥയെ ആകമാനം തകരാറിലാക്കുന്നു. പ്രധാന അവയവങ്ങളെ ബാധിക്കുന്നതുകൊണ്ട് ആരോഗ്യകരമായ പ്രശ്നങ്ങൾ സദാ അഭിമുഖീകരിക്കേണ്ടി വരുന്നു. മുഷ്യനു വരുന്ന ഏതു രോഗവും മദ്യത്തിനും മയക്കുമരുന്നിനും കീഴ്പ്പെട്ടവരിൽ സങ്കീർണ്ണവും ഗുരുതരവുമാകും. ലഹരി പദാർത്ഥ വിധേയത്വം അകാലമരണത്തിന് വഴിയൊരുക്കും.



## മാതൃപഞ്ചകം

അംബേതി, താതേതി, ശിവേതി, തസ്മിൻ
പ്രസൂതികാലേ യദവോച ഉച്ചൈഃ
കൃഷ്ണേതി, ഗോവിന്ദ, ഹരേ, മുകുന്ദേ
തൃഹോ ഃ ജനന്യൈ സചിതോ ഞ്ജലിസ്തേ.

പ്രസവസമയത്ത് അമ്മേ! അച്ഛാ! ശിവാ! എന്ന് അങ്ങ് ഉറക്കെ പറഞ്ഞു. ഇതാ ഞാൻ ഇപ്പോൾ കൃഷ്ണ! ഗോവിന്ദ! ഹരേ! മുകുന്ദ! എന്ന് കഷ്ടം! ഉറക്കെപ്പറയുന്നു. അമ്മേ അങ്ങയ്ക്കുവേണ്ടി ഞാൻ ഇതാ കൂപ്പുകൈ അർപ്പിക്കുന്നു.

*(ശ്രീ ശങ്കരാചാര്യർ)*

(രാഗപരിചയം)



# ദേവഗാന്ധാരി



ഡോ. ജയലക്ഷ്മി നന്ദകുമാർ

29-ാമത്തെ മേളകർത്താരാഗമായ ശങ്കരാഭരണത്തിന്റെ ജന്യരാഗമാണ് ദേവ ഗാന്ധാരി. വളരെ പുരാതനമായ രാഗമാണിത്. ഈ രാഗത്തിലെ പല പ്രത്യേക പ്രയോഗങ്ങളും ഗുരുമുഖത്തു നിന്നു തന്നെ കേട്ടു മനസ്സി ലാക്കേണ്ടതാണ്.

ആരോഹണം : സ രി മ പ ധ സ

അവരോഹണം : സ നി ധ പ മ ഗ രി സ/

സ നി ധ നി ധ പാ മ ഗ രി സ

**സ്വരസ്ഥാനങ്ങൾ :** ഷഡ്ജം, ചതുഃശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃശ്രുതി ധൈവതം, കാകളി നിഷാദം, കൈശികി നിഷാദം.

കൈശികി നിഷാദം ഈ രാഗത്തിൽ അന്യസ്വരമായി വരുന്നതിനാൽ ദേവഗാന്ധാരി ഒരു ഏക അന്യസ്വര ഭാഷാംഗ രാഗമാണ്. ആരോഹണത്തിൽ അഞ്ചു സ്വരങ്ങളും അവരോഹണത്തിൽ വക്രമായി സമ്പൂർണ്ണ സ്വരങ്ങളും വരുന്നതിനാൽ ഇത് ഔഡവ - വക്ര സമ്പൂർണ്ണ രാഗമാണ്. വിളംബിത കാലം, അതായത് സാവധാനത്തിലാണ് ദേവഗാന്ധാരി രാഗം ആലപിക്കേണ്ടത്. ഭക്തി, കരുണ, ബഹുമാനം തുടങ്ങിയ ഭാവങ്ങളാണ് ഈ രാഗത്തിൽ നിന്നും ഉളവാകുന്നത്. കഥകളി പദങ്ങളിൽ, സന്താന ഗോപാലം കഥയിലെ അർജ്ജുനന്റെ 'നാഥാ ഭവൽ ചരണ ദാസനാം' എന്നു തുടങ്ങുന്ന പദം ഇതിന് ഉത്തമ ഉദാഹരണമാണ്. സംഗീത നൃത്തനാടകങ്ങളിൽ നായകന്റെ ധീരകൃത്യങ്ങൾ വർണ്ണിക്കുവാൻ യോജിച്ച രാഗം. ത്യാഗരാജസ്വാമി ഈ രാഗം 8 മണിക്കൂർ തുടർച്ചയായി ആലപിച്ചതായി ചരിത്രമുണ്ട്.


ഏതു സമയത്തും ആലപിക്കാവുന്ന ഒരു സർവ്വകാലിക രാഗമാണ് ദേവഗാന്ധാരി. ആരഭി രാഗത്തിനും ദേവഗാന്ധാരി രാഗത്തിനും ഒരേ ആരോഹണ - അവരോഹണങ്ങളാണ്. ആരഭി രാഗത്തിന്റേതുപോലെ, ജണ്ഡവരിശ പ്രയോഗ ങ്ങളും ഗമകം കുറച്ചു കൊണ്ടുള്ള പ്രയോഗ ങ്ങളും ഒഴിവാക്കി ശ്രദ്ധയോടെ ആലപിച്ചെങ്കിൽ മാത്രമേ ദേവഗാന്ധാരി രാഗത്തിന്റെ ഭംഗി പ്രകടമാവുകയുള്ളൂ. ഹിന്ദുസ്ഥാനിയിലെ ദേവ്ഗാന്ധാരി എന്ന രാഗം അസാവേരി ഥാട്ടിന്റെ ജന്യ രാഗമാണ്. കർണ്ണാടക ദേവഗാന്ധാരി യുമായി സാദൃശ്യം ഇല്ല.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1) ക്ഷീരസാഗര ശയനാ | - | ആദി | - ത്യാഗരാജസ്വാമി |
| 2) ശാരദേ വീണാവാദന | - | ആദി | - പാപനാശം ശിവൻ |
| 3) സ്വാമികി സരി | - | ആദി | - മാനംബുച്ചാവടി വെങ്കട സുബ്ബയ്യർ |
| 4) വിനരാദനാ മനവി | - | ആദി | - ത്യാഗരാജസ്വാമി |
| 5) തനലോനേ ധ്യാനിംചി | - | ആദി | - ത്യാഗരാജസ്വാമി |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1) പ്രിയ മാനസാ നീ വാ വാ | - | ചിലമ്പൊലി |
| 2) ശ്രീമഹാദേവൻ തന്റെ -ഓമന ഉണ്ണീടെ.. | - | നിർമ്മാല്യം |
| 3) കൈതപ്പൂമണമെന്തേ ചഞ്ചലാക്ഷി | - | സ്നേഹം |
| 4) ഹരി ചന്ദന മലരിലെ മധുവായ് | - | കണ്ണെഴുതി പൊട്ടും തൊട്ട് |
| 5) പീലിപ്പൂമുടി | - | ശ്രീ ഗുരുവായൂരപ്പൻ |
| 6) നാളെ നാളെയെന്നായിട്ട് | - | ഭക്തകുചേല |
| 7) പ്രമദവനത്തിൽ വെച്ചെൻ | - | അമ്പലപ്രാവ് |
| 8) മധുരമീനാക്ഷി അനുഗ്രഹിക്കും | - | യൗവനം |
| 9) തിങ്കൾ മുഖീ തമ്പുരാട്ടി | - | അരക്കള്ളൻ മുക്കാൽ കള്ളൻ |
| 10) കണ്ണനെ കണ്ണിനാൽ കണ്ടു ഞാൻ | - | ശ്രീ ഗുരുവായൂർ മാഹാത്മ്യം |



# ഗേറ്റുകൾ ശ്രദ്ധിക്കണം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ


കഴിഞ്ഞ ദിവസം എറണാകുളത്ത് ഒരു വീടു പരിശോധിച്ചപ്പോൾ പല പ്രശ്നങ്ങളും കണ്ടു. വീടുപണിതിട്ട് എട്ടുകൊല്ലമായി സുഖമായി താമസിക്കുകയായിരുന്നു. വീട്ടുകാർക്ക് ഉറക്കം വരുന്നില്ല. കുട്ടികളുടെ പഠിപ്പിൽ ഉത്സാഹക്കുറവ്.

വീടു പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

അടുക്കള വീടിന്റെ കിഴക്കു വടക്ക്. കിടപ്പുമുറികൾ പടിഞ്ഞാറ് വടക്കും തെക്കും.

കിഴക്ക് വടക്കും തെക്കും രണ്ടു ഗേറ്റുണ്ട്. തെക്കും ഒരു ഗേറ്റ്. മൊത്തം വീടിന് മൂന്നു ഗേറ്റുണ്ട്.


വീടു നിൽക്കുന്നത് പറമ്പിന്റെ വടക്കു വശത്താണ്. തെക്കുവശം ഒരു വീടു കൂടി പണിയുവാൻ നീക്കി വച്ചിരിക്കുന്നു. കിണർ പണിഞ്ഞിരിക്കുന്നത് ശരിക്കും തെക്കു പടിഞ്ഞാറുമൂലയിലാണ്. വീടിന്റെ പടിഞ്ഞാറ് ഒഴിഞ്ഞ സ്ഥലം വടക്കോട്ടു പോകുന്തോറും കുറഞ്ഞു വരുന്നു. താഴെ പറയുന്ന പ്രതിവിധികൾ നിർദ്ദേശിച്ചു.




വീടിന്റെ വടക്കുവശം ഒഴിഞ്ഞ സ്ഥലം 1.5 മീറ്റർ വീതിയും, തെക്കുവശം 15 മീറ്റർ വീതിയുമുണ്ട്. തെക്കുവശത്ത് 1.2 മീറ്റർ വച്ച് വീടിനു സമാന്തരമായി 24 സെ.മീ ഉയരത്തിൽ ഒരു കുട്ടി മതിൽ കെട്ടണം. ഇതുപോലെ പടിഞ്ഞാറു വശത്ത് കിണറിനും വീടിനുമിടയിൽ 24 സെ.മീ ഉയരത്തിൽ വീടിനു സമാന്തരമായി മതിൽ കെട്ടി കിണർ വേറെ പറമ്പിലാക്കണം.

തെക്കോട്ടു ഗേറ്റുണ്ടെങ്കിൽ മറ്റു ഗേറ്റുകൾ പാടില്ല. അതുകൊണ്ട് കിഴക്കു വടക്കു ഗേറ്റ് നിലനിർത്തി മറ്റു രണ്ടു ഗേറ്റുകളും തുറക്കാതിരിക്കാൻ ഗേറ്റിനകത്ത് 18 സെ.മീ ഉയരത്തിൽ മതിൽ കെട്ടി ഗേറ്റുകൾ തുറക്കാതിരിക്കുക. അല്ലെങ്കിൽ രണ്ടു ഗേറ്റുകളും മാറ്റി മതിൽ കെട്ടുക.

വീടു നിൽക്കുന്ന സ്ഥലത്ത് മഴവെള്ളം വടക്കുകിഴക്കേ മൂലയിലേക്ക് തിരിച്ചു വിടണം.




# അവാർഡ് സമ്മാനിച്ചു




സമഗ്ര സംഭാവനയ്ക്കുള്ള അൽബരിയോണെ മീഡിയ അവാർഡ് സാഹിത്യകാരൻ പി.ഐ.ശങ്കരനാരായണന് പ്രൊഫ. എം.കെ. സാനു സമ്മാനിക്കുന്നു. തൊട്ടടുത്ത് ഫാ. റോബി കണ്ണൻ ചിറയും ഫാ. സാജു ഇല്ലിക്കലും റവ. ഫാ. തോമസ് മഞ്ഞക്കുന്നേലും (ഇടത്തേ അറ്റം)


## അഭിനന്ദനങ്ങൾ



എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിലെ റിസർവേഷൻ സൂപ്പർ വൈസറായി ശ്രീ. സി. എൻ. മുരളിധരന് 2014 -2015 വർഷത്തെ പ്രശസ്ത സേവനത്തിന്, ചീഫ് കോമേഴ്സ്യൽ മാനേജർ, സതേൺ റയിൽവേയിൽ നിന്നും പ്രശസ്തി പത്രവും ക്യാഷ് അവാർഡും ലഭിക്കുകയുണ്ടായി. കരയോഗാംഗമായ ശ്രീ. മുരളിധരന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

**ജനറൽ സെക്രട്ടറി**

## അഭിനന്ദനങ്ങൾ



അഖിലേന്ത്യാടിസ്ഥാനത്തിൽ നടന്ന നിയമ പഠനപ്രവേശന പരീക്ഷയിൽ (CLAT-2015) സംസ്ഥാന തലത്തിൽ 2-ാം റാങ്കും അഖിലേന്ത്യാ തലത്തിൽ 30-ാം റാങ്കും കരസ്ഥമാക്കിയ സി. യമുനാ മേനോൻ (ഭവൻസ് വിദ്യാമന്ദിർ, ഏരൂർ) എറണാകുളം കരയോഗാംഗമായ ശ്രീ. മോഹൻ കുമാറിന്റേയും, ശ്രീമതി. ഉഷാ മോഹൻ കുമാറിന്റേയും മകളാണ്. യമുനാമേനോന് എറണാകുളം കരയോഗത്തിന്റെ എല്ലാവിധ ഭാവുകാശംസകളും നേരുന്നു.

# അംബാസ്വരമാലാ സ്തോത്രം


**നന്ദകുമാർ മേനോൻ**

ഋക്കും യജുസ്സുമുതലാകിയ നാലു വേദം
തിക്കീട്ടു കിട്ടിയതുമില്ലവിടുത്തെ വേദം
തക്കം ലഭിച്ചു ഗുരുപാദമണഞ്ഞു കിട്ടീ-
ട്ടൊക്കെത്തിരിഞ്ഞു തവ മന്ത്രമതിൽ ഭജേഹം

ഋക്, യജുസ്സ് മുതലായ നാലു വേദങ്ങളിലും തിരഞ്ഞിട്ടും അവിടുത്തെക്കുറിച്ചുള്ള അറിവ് (വേദം) എനിക്കു ലഭിച്ചില്ല. ഭാഗ്യം കൊണ്ട് ഒരു മഹാനായ ഗുരുവിന്റെ പാദങ്ങളിൽ അണയാൻ അവസരം ലഭിച്ചു. ആ ഗുരു തന്ന അവിടുത്തെ മന്ത്രത്തെ ഉപാസിച്ചിട്ട് ഇപ്പോൾ എനിക്കെല്ലാം മനസ്സിലായി. അവിടുത്തെ ആ മന്ത്രത്തെ ഞാൻ ഭജിക്കുന്നു. (തന്റെ ഗുരുവായ നാഗാനന്ദനാഥയെ കവി സ്മരിക്കുന്നു.)

**(തുടർച്ച)**

# ഭാഷയും സാഹിത്യവും



നന്ദകുമാർ മേനോൻ

പണ്ടൊക്കെ കുട്ടികൾ, ആദ്യമാദ്യം അച്ഛനമ്മമാർ പറഞ്ഞുകൊടുക്കുന്ന കഥകളിലേയും, കവിതകളിലേയും മറ്റും കഥാപാത്രങ്ങളിലൂടെ മലയാള സംസ്കാരം ഉൾക്കൊണ്ടു. ധ്രുവന്റെയും, ശിബിയുടെയും കഥകളിലൂടെ ത്യാഗസംസ്കാരവും, രാമായണത്തിലൂടെയും, രഘുവംശത്തിലൂടെയും രാജധർമ്മങ്ങളെയും, ശാകുന്തളത്തിലൂടെയും, നളചരിതത്തിലൂടെയും സ്ത്രീ പുരുഷബന്ധ സങ്കീർണ്ണതകളെയും, പഞ്ചതന്ത്രത്തിലൂടെ ജീവിതോപാധികളെയും, ഏകലവ്യനിലൂടെയും, കർണ്ണനിലൂടെയും ഗുരുഭക്തിയെയും, ഉൾക്കൊണ്ടിരുന്നു. പള്ളിക്കൂടത്തിൽ പോകാൻ തുടങ്ങിയാൽ, നാലു വയസ്സു വരെ കളിച്ച് നടന്നിരുന്ന കുട്ടികൾ അഞ്ചാം വയസ്സിലാണ് പള്ളിക്കൂടം കയറിയിരുന്നത്. അന്നത്തെ ഗുരുക്കൻമാരും മലയാള സംസ്കാരാഭിമാനികളായിരുന്നു. കുട്ടികളെ സ്വന്തം മക്കളെപ്പോലെ സ്നേഹിച്ചിരുന്ന ആ വാധ്യാൻമാർ പാഠ്യപദ്ധതിയിൽ പെടാത്ത കഥകൾ പോലും പറഞ്ഞ് കൊടുത്തിരുന്നു. എത്ര സുന്ദരവും, സുലളിതവുമായിരുന്നു അന്നത്തെ പാഠ്യ കവിതകൾ "ഈ വള്ളിയിൽ നിന്ന് ചെമ്മേ..." ഭാരതക്ഷേത്രത്തിലെ കാഞ്ചന പ്രതീപമേ...... എന്നിങ്ങനെയുള്ള കവിതകൾ പ്രകൃതിയുടെ നനുനനുത്ത സൗന്ദര്യത്തോടൊപ്പം മലയാളം എന്ന ഭാഷയെ സ്നേഹിക്കാനും അതിൽ അഭിമാനിക്കാനും പഠിപ്പിച്ചിരുന്നു. അഞ്ചു വയസ്സുവരെ തറയും, പറയും, പനയും, തവളയും പരിചയപ്പെടാത്ത കുട്ടികൾ അഞ്ചാം തരത്തിലാണ് (10 വയസ്സ്) അന്നൊക്കെ ആംഗലമാധ്യമം വേണമെങ്കിൽ 'എ' ഡിവിഷനിലേക്കും മലയാളത്തിന് പകരം സംസ്കൃതം പഠിക്കണമെങ്കിൽ 'ബി' ഡിവിഷനിലേക്കും ഒക്കെ മാറിയിരുന്നത്. എല്ലാവരും ആംഗലം ഒരു ഭാഷ എന്ന നിലയ്ക്ക് പഠിച്ചിരുന്നു. അഞ്ചാം തരത്തിലാണ് ആംഗല അക്ഷരങ്ങളും Cat, Rat, Mat പഠിച്ച് തുടങ്ങിയിരുന്നതും. 1970-80 കാലഘട്ടങ്ങളിൽ പോലും, എന്നുവച്ചാൽ ബ്രിട്ടീഷ് ആധിപത്യം അസ്തമിച്ച് 20 കൊല്ലങ്ങൾക്ക് ശേഷം പോലും ഇത്രമാത്രമെ ഉണ്ടായിരുന്നുള്ളു. പറങ്കികളും വെള്ളക്കാരും പോയിടത്തെ പൂടപോലും ഇല്ലാതായപ്പോഴാണ് മലയാളിക്ക് അവരോടുള്ള ഭക്തി വർദ്ധിച്ചത് എന്നത് വിധിവൈപരിത്യം. ഇന്ന് മലയാളികൾ മൂന്ന് വയസ്സു മുതൽ (ഇപ്പോൾ അത് 2 വയസ്സ് മുതൽ തുടങ്ങി) 17 വയസ്സ് വരെ, വ്യക്തിത്വ, ബൗദ്ധിക, മാനസിക വികാസത്തിന്റെ ഹരിത വർഷങ്ങൾ, മലയാളം പഠിക്കാത്ത വിദ്യാഭ്യാസം തുടരുന്നത് സംസ്കാരത്തിന്റെ ദുര്യോഗം!.

ആംഗലസാഹിത്യത്തിന് അതിന്റെ മഹത്വമില്ലെന്നല്ല. അതിലെ സാഹിത്യം അതിന്റെ സംസ്കാരത്തിലേക്ക് നമ്മെ എത്തിക്കും. സഞ്ജയൻ (എം.ആർ.നായർ) 1935- 40 കാലഘട്ടത്തിനിടെ എഴുതിയ ഷേക്സ്പിയറും കാളിദാസനും എന്ന ലേഖനം നോക്കുക.

"കാളിദാസൻ ഷേക്സ്പിയറെക്കാൾ എത്രയോ ഉന്നതമായ സ്ഥാനത്തെ അർഹിക്കുന്ന കവിയാണെന്ന് ഇരുവരുടെയും കൃതികളെ അവധാനപൂർവ്വം പരിശോധിച്ചിട്ടുള്ള ഏതൊരു നിർമ്മൽസരനും സമ്മതിക്കുന്ന വസ്തുതയാണ്... സംസ്കാരവിഷയത്തിലാണ് കാളിദാസൻ ഷേക്സ്പിയർക്കെന്നല്ല ലോകത്തിലെ മറ്റേതു കവിക്കും അപ്രാപ്യമായ ഒരു സ്ഥാനത്തെ ആരോഹണം ചെയ്യുന്നത്". എന്നു തുടങ്ങി, "ടെമ്പെസ്റ്റും ശാകുന്തളവും" എന്ന ഭാഗത്തിങ്ങിനെ പറയുന്നു. പക്ഷേ പ്രൊസ്പീറോവിന്റെ പുത്രീ വാത്സല്യത്തോടടുക്കുമ്പോൾ നിലയില്ലാത്ത ഒരു കയത്തിലാണ് അദ്ദേഹം എത്തിച്ചേർന്നിരിക്കുന്നതെന്ന വസ്തുത ഷേക്സ്പിയർക്ക് മനസ്സിലായതായി ടെമ്പെസ്റ്റിലെ അനേകം വരികൾ വിളിച്ചു പറയുന്നുണ്ട്. തന്റെ സർവ്വസ്വവും ദാനമായി സ്വീകരിച്ച സ്വന്തം പുത്രിമാരാൽ ഭർത്സിതനായി, കൊടുങ്കാറ്റും മഴയും കൊണ്ട് ഭീകരമായ ഒരു രാത്രി സ്വഭവനത്തിൽ നിന്നും ബഹിഷ്കൃതനായി ഭ്രാന്ത് പിടിച്ചു, ജനശൂന്യമായ വെളിപ്പറമ്പിൽ കൂടി പാഞ്ഞു പോകുന്ന 'ലിയർ'

രാജാവിനെ കൊണ്ട്, മേഘഗർജ്ജനത്തിന്റെ പ്രതിധ്വനിയോ എന്ന ശങ്ക ജനിപ്പിക്കുന്ന വാക്കുകളിൽ, സൃഷ്ടികർത്താവിനെപ്പോലും ശകാരിപ്പിക്കുവാൻ ധൈര്യപ്പെട്ട ഷേക്സ്പി യറുടെ പേനപിടിച്ച കൈ വികാരകല്ലോലങ്ങൾക്ക് അപ്രാപ്യനായ പ്രൊസ്പീറോവിന്റെ പ്രശാന്ത വാക്കുകളെ പകർത്തുവാൻ തുനിയുമ്പോൾ ഇടറുന്നു. ഇവ തന്നെയായിരുന്നു പ്രൊസ്പീറോ പറഞ്ഞ വാക്കുകൾ എന്ന് രംഗസ്ഥൻമാരെ വിശ്വസിപ്പിക്കുവാൻ ആ കവി സാംമ്രാട്ട് ക്ലേശിക്കുന്നു.... ടെമ്പെസ്റ്റിൽ വൈരാഗ്യത്തെ വരിച്ച പ്രൊസ്പീറോവിന്റെ സ്ഥാനമാണ്, ശാകുന്തളത്തിൽ സർവ്വസംഗപരിത്യാഗിയായ കണ്വനുള്ളത്... "ശകുന്തള ഇതാ പോകുന്നു" എന്നിങ്ങിനെ 'ശകുന്തള' പോകുന്നു, 'എന്റെ മകൾ പോകുന്നു' എന്നല്ല. "അവൾ എന്റെ മകളല്ല... മനസ്സിലെ വിചാരം എന്റെ കണ്ണുകൾക്ക് ഒരു മൂടൽ വരുത്തിയിരിക്കുന്നു. ചുറ്റും നടക്കുന്ന കാര്യങ്ങൾ ഞാൻ കാണുന്നുണ്ടെങ്കിലും അവ മനസ്സിൽ പതിക്കുന്നില്ല. എനിക്ക് പോലും സ്നേഹം കൊണ്ടു വന്നുചേരാവുന്ന ശോച്യാവസ്ഥ ഇത്തരമാണെങ്കിൽ, ഗൃഹസ്ഥാശ്രമികളെ, മനസ്സിനെ കീഴടക്കിയിട്ടില്ലാത്തവരെ, പുതുതായി അനുഭവിക്കുന്ന പുത്രീവിരഹ ദുഃഖം ഏതു തരത്തിൽ എത്ര മാത്രം വേദനിപ്പിക്കുകയില്ല?"

സഞ്ജയൻ തുടരുന്നു. "തന്നെക്കാൾ അധികം ദുഃഖിക്കുവാനിടയുള്ളവരുടെ ദുഃഖത്തെ ഓർത്താണ് കണ്വൻ അധികം ദുഃഖിക്കുന്നതെന്നു കാണിക്കുന്നതായ ആ രണ്ടു വരികളിലൂടെയാണ് ഞാൻ നിർദ്ദേശിച്ച ലോകോദ്ദീപമായ വിദ്യുല്ലത ഇളകിച്ചാടുന്നത്. ഷേക്സ്പിയറുടെ പാശ്ചാത്യ സംസ്കാരമായ അപബാഹു ബാധിച്ച കൈകൾ ഏന്തിപ്പിടിക്കുവാൻ വൃഥാ ശ്രമിക്കുന്നതും ഇതിനെ തന്നെയാണ്" ("സാഹിത്യനികഷം", മാതൃഭൂമി - 1988, പേജ് 70 - 77). എത്ര സുന്ദരമായി ആ മഹാപ്രതിഭ സാഹിത്യവും സംസ്കാരവുമായുള്ള ബന്ധം വിവരിച്ചു. 1903 ൽ ജനിച്ച് 42 ാം വയസ്സിൽ ഊർദ്ധ്വൻ വലിച്ച എം.ആർ നായർ എന്ന സഞ്ജയൻ, സാധാരണ ബി.ഏ എന്നറിയപ്പെടുന്ന പ്രവേശ ബിരുദവും, പിന്നീട് നടത്തിപ്പെടുന്ന പ്രവേശന പരീക്ഷയിൽ 12 ൽ ഒരു സ്ഥാനവും നേടിയാൽ മാത്രം അഡ്മിഷൻ കിട്ടുന്ന 'ലിറ്ററേച്ചർ ഓണേഴ്സ്' എന്ന പരീക്ഷ, 12 ൽ ഒന്നാമനായി തെരഞ്ഞെടുക്കപ്പെടുകയും, 1927 ൽ വിക്ടോറിയ കോളേജിൽ നിന്ന് ഈ ഓണേഴ്സ് ബിരുദം നേടുകയും ചെയ്തു. പ്രവേശന മത്സര പരീക്ഷയിൽ "ദ ഫങ്ഷൻ ഓഫ് പോയട്രി" എന്ന വിഷയത്തെ അധികരിച്ചെഴുതിയ ലേഖനത്തിന്, Prof. Mecartini മാർക്കിടുന്നതിനു പകരം Remarkable എന്നു മാത്രം എഴുതി Principal Mr. Meston ന്, മറ്റൊരു വിഷയത്തിനും വേണ്ട മാർക്കില്ലെങ്കിലും ഈ വിദ്യാർത്ഥിയെ എന്തായാലും അഡ്മിറ്റ് ചെയ്യണം, താങ്കൾ ഈ ലേഖനം നിർബ്ബന്ധമായും വായിക്കുകയും വേണം എന്നു കുറിച്ചിട്ടു ഫോർവേഡ് ചെയ്യുകയുണ്ടായത്രെ. അങ്ങിനെയുള്ളൊരാൾ ഗുരുകുല സമ്പ്രദായത്തിൽ, സംസ്കൃതത്തിലും വൈദ്യത്തിലും ജ്യോതിഷത്തിലും കൂടി അഗാധ പാണ്ഡിത്യം നേടിയാൽ? അതായിരുന്നു സഞ്ജയൻ. അദ്ദേഹമാണ് ഷേക്സ്പിയറെയും കാളിദാസനെയും, ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം വിശദമാക്കാൻ താരതമ്യം ചെയ്തത്. കാളിദാസനെയും, ഭാഷാകവിത്രയത്തെയും വിടാം. ഇന്നത്തെ മലയാള സായിപ്പൻമാർക്ക് ഷേക്സ്പിയറെയോ മാർക് ട്വൈനിനെയോ, മാർക്കിന് ഷേക്സ്പിയറോടുണ്ടായിരുന്ന ഹാസ്യ പുച്ഛമോ ഒന്നും തിരിഞ്ഞതല്ല. അങ്ങിനെ ആംഗലവുമില്ല മലയാളവുമില്ല എന്ന അവസ്ഥയിൽ അച്ഛനാര് അമ്മയാര് എന്നറിയാത്ത, സ്വന്തം സംസ്കാരമോ വരത്ത സംസ്കാരമോ ഏതെങ്കിലും ഒന്നെങ്കിലും നന്നായറിയാത്ത ഷണ്ഡന്മാരിലൂടെ മലയാളം ഏറെ താമസിയാതെ മരിക്കും.

**(അവസാനിച്ചു)**

■

## വിശേഷദിവസങ്ങൾ

### ജൂൺ15 മുതൽ ജൂലൈ 14 വരെ


| | | |
|---|---|---|
| **ജൂൺ** | **28** | **കരയോഗം വാർഷിക പൊതുയോഗം** |
| **ജൂലൈ** | **1** | **ഗുരുപൂർണ്ണിമ** |

# അണിമാണ്ഡവ്യന്റെ ശാപവും വിദുരജന്മവും



ഹരിദാസൻ മതിലകത്ത്

യമധർമ്മഭഗവാനാണല്ലോ ധർമ്മത്തിന്റെയും നീതിയുടെയും നടത്തിപ്പുകാരനും അധിപനും. എങ്കിലും നീതി നടപ്പാക്കുന്നതിൽ അദ്ദേഹത്തിനും ഒരിക്കൽ പിഴവ് പറ്റി. അത് ഒരു ശാപത്തിൽ കലാശിക്കുകയും ചെയ്തു. മാണ്ഡവ്യൻ എന്ന മുനിയുടെ ജിവിതത്തിൽ ഉണ്ടായ ചില അനിഷ്ഠ സംഭവങ്ങളാണ് യമധർമ്മഭഗവാന് വിനയായത്. ഒരിക്കൽ നായാട്ടിനിടെ രാജാവിന്റെ പരിവാരങ്ങളെ കൊള്ളക്കാർ ആക്രമിച്ച് രാജ്ഞിയുടെ ആഭരണങ്ങൾ മോഷ്ടിച്ചു. രാജകിങ്കരൻമാർ പിൻതുടരുന്നത് കണ്ടപ്പോൾ കൊള്ളക്കാർ ആഭരണങ്ങളെല്ലാം വഴിയിൽ കണ്ട ഒരു മുനിയുടെ മടിയിലേക്കെറിഞ്ഞ് ഓടി രക്ഷപ്പെട്ടു. മാണ്ഡവ്യൻ എന്ന ഈ മുനി മൗനവ്രതം അനുഷ്ഠിച്ച് തപസ്സ് ചെയ്യുകയായിരുന്നു. ഭടന്മാർ കൊള്ളക്കാരെ പിടിച്ചതിന്റെ കൂടെ മാണ്ഡവ്യമുനിയെയും പിടിച്ചു കെട്ടി രാജാവിനു മുന്നിൽ ഹാജരാക്കി. കൊള്ളക്കാർക്കു രാജാവ് "ശൂലാരോഹണം" ശിക്ഷയായി വിധിച്ചു. മാണ്ഡവ്യന്റെ മൗനം രാജാവിനെ ചൊടിപ്പിച്ചതു കാരണം അദ്ദേഹത്തിനും ശൂലാരോഹണം ശിക്ഷയായി വിധിച്ചു. ദേഹത്ത് ശൂലം തറച്ച് കവലയിൽ കെട്ടിത്തൂക്കിയ നാലുപേരിൽ മാണ്ഡവ്യനൊഴികെ ബാക്കിയുള്ളവർ അധികം താമസിയാതെ പരലോകം പ്രാപിച്ചു. പ്രാണവേദനയുമായി കഴിയുന്ന മാണ്ഡവ്യന്റെ അവസ്ഥയിൽ ദുഃഖം പൂണ്ട മറ്റു മുനിമാർ രാജാവിനെ കണ്ട് മാണ്ഡവ്യന്റെ നിരപരാധിത്വം ബോദ്ധ്യപ്പെടുത്തി. സത്യാവസ്ഥ മനസ്സിലാക്കിയ രാജാവ് മാണ്ഡവ്യനിൽ തറച്ച ശൂലം എടുത്തു മാറ്റാൻ ശ്രമിച്ചെങ്കിലും വിഫലമായി. അവസാനം ശുലാഗ്രം അതേപടി ദേഹത്ത് തറച്ച നിലയിൽ നിർത്തി. ബാക്കി ഭാഗം മുറിച്ചു മാറ്റി. ഈ അവസ്ഥയിലായ മാണ്ഡവ്യനെ എല്ലാവരും അണിമാണ്ഡവ്യനെന്നു വിളിച്ചു തുടങ്ങി. വേദന സഹിച്ചു വർഷങ്ങളോളം ജീവിച്ച അണിമാണ്ഡവ്യൻ മരണാനന്തരം യമധർമ്മരാജാവിനെ അഭിമുഖികരിച്ചപ്പോൾ തന്റെ മനുഷ്യജീവിതം ഇത്തരത്തിൽ ദുഷ്ക്കരമാക്കാനുള്ള കാരണം ആരാഞ്ഞു. കുട്ടിക്കാലത്ത് മാണ്ഡവ്യൻ ഈർക്കിലി കൊണ്ട് അമ്പും വില്ലുമുണ്ടാക്കി കളിക്കുമ്പോൾ പക്ഷികളെ വേദനിപ്പിച്ചിരുന്നുവെന്നും ആ വേദന സ്വയം അനുഭവിച്ചറിയാനായിട്ടാണ് ശൂലാരോഹണ ശിക്ഷയ്ക്ക് വിധേയനാക്കിയതെന്നും യമൻ മറുപടി നൽകി. ഈ മറുപടിയിൽ തൃപ്തനാവാതെ മാണ്ഡവ്യൻ യമനെ ഇപ്രകാരം ശപിച്ചു. അങ്ങ് ധർമ്മരാജനാണെന്നാണ് അറിയപ്പെടുന്നതെങ്കിലും ധർമ്മത്തിന്റെ ബാലപാഠങ്ങൾ എനിക്കറിവുള്ളിടത്തോളം പോലും അറിയില്ലെന്ന് മനസ്സിലായി. 14 വയസ്സിനു താഴെയുള്ള ഒരു ബാലന് അവൻ ചെയ്യുന്ന തെറ്റുകൾക്ക് കടുത്ത ശിക്ഷ കൊടുക്കരുതെന്നും മറിച്ച് അവനെ ഉപദേശിച്ച് അത്തരം പ്രവൃത്തിയിൽ നിന്ന് പിന്തിരിപ്പിക്കണമെന്നുമാണ് പരക്കെ അംഗീകരിക്കപ്പെട്ട നിയമം. ഇതുപോലും അവഗണിച്ച് പ്രവർത്തിച്ച അങ്ങ് ഒരു രാജകുടുംബത്തിലെ ദാസിയുടെ മകനായി ജന്മമെടുത്ത് അവിടെ നടക്കുന്ന എല്ലാ ദുഷ്പ്രവൃത്തികൾക്കും ഒരു



മൂകസാക്ഷി ആകട്ടെ. അങ്ങയുടെ മനുഷ്യജന്മം ധർമ്മച്യുതി കണ്ടാലും പ്രതികരിക്കാനാകാത്ത അവസ്ഥയിലായിരിക്കും.'' ഈ ശാപത്തിന് ഇരയായ യമധർമ്മരാജാവാണ് വ്യാസ മഹർഷിയുടെ പിതൃത്വത്തിൽ രാജപത്നിമാരിൽ ധൃതരാഷ്ട്രരും പാണ്ഡുവും ജനിച്ചപ്പോൾ ദാസിയിൽ വിദുരരായി ജന്മമെടുത്തത്. ധർമ്മത്തിന്റെ നഗ്നലംഘനം ഒരു രാജ വംശത്തിന്റെ തന്നെ നാശത്തിനു കാരണമായ മഹായുദ്ധത്തിൽ കലാശിച്ചതിന് യമധർമ്മൻ തന്നെ മൂകസാക്ഷി ആകേണ്ടി വന്നത് അണിമാണ്ഡവ്യന്റെ ശാപം കൊണ്ട് മാത്രമാണ്.

### അണിമാണ്ഡവ്യന്റെ ശാപവും ബാലി -സുഗ്രീവ ജനനവും

അണിമാണ്ഡവ്യനെ ശൂലാരോഹണ വിധേയനാക്കി നാൽക്കവലയിൽ കെട്ടിത്തൂക്കിയപ്പോൾ ഉണ്ടായ ഒരു സംഭവം ശീലാവതിയുടെ പാതിവ്രത്യ മഹത്വത്തെ വർണ്ണിക്കാനായി പുരാണങ്ങളിൽ വിവരിക്കുന്നുണ്ട്. ഒരിക്കൽ ശീലാവതി വിടനും രോഗിയുമായ തന്റെ ഭർത്താവ് ഉഗ്രതപസ്സിനെ തോളിലേറ്റി വേശ്യാഗൃഹത്തിലേക്ക് കൊണ്ടുപോകുന്ന കാഴ്ച കണ്ടപ്പോൾ അമർഷം പൂണ്ട മാണ്ഡവ്യൻ ''അടുത്ത സൂര്യോദയം കാണാൻ ഉഗ്രതപസ്സ് ജീവിച്ചിരിക്കില്ലെന്നു'' ശപിച്ചു. ഇതുകേട്ട ശീലാവതി ''നാളെ മുതൽ സൂര്യൻ ഉദിക്കില്ലെന്നും'' തിരിച്ചടിച്ചു.

സൂര്യന്റെ സാരഥിയായ അരുണൻ രാവിലെ തന്റെ ജോലിക്കായി വന്നപ്പോൾ സൂര്യന് തന്റെ ജോലി തുടങ്ങുന്നതിനു തടസ്സമുണ്ടെന്നു മനസ്സിലാക്കി. കുറച്ചു സമയം അവിടെല്ലാം കറങ്ങി നിന്ന അരുണൻ ഇന്ദ്ര സഭയിൽ അപ്സരസ്സുകളുടെ നൃത്തപരിപാടി കാണാൻ പോയി. അവിടെ ചെന്നപ്പോൾ നൃത്തസഭയിൽ ഇന്ദ്രനൊഴികെ മറ്റു പുരുഷന്മാർക്ക് പ്രവേശന മില്ലെന്നു മനസ്സിലാക്കിയ അരുണൻ ഒരു സ്ത്രീ വേഷത്തിൽ സഭയിൽ പ്രവേശിച്ചു. അരുണി എന്ന സ്ത്രീരൂപമെടുത്ത അരുണനിൽ ആകൃഷ്ടനായ ഇന്ദ്രൻ അവരുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ടു. അരുണൻ തിരിച്ചു ജോലിക്കുവേണ്ടി സൂര്യസന്നിധിയിൽ എത്തിയപ്പോൾ സൂര്യൻ അക്ഷമനായി അരുണനുവേണ്ടി കാത്തു നിൽക്കുന്നതാണ് കണ്ടത്. സൂര്യഭഗവാന്റെ കോപത്തിന്നിരയാകാതിരിക്കാൻ അരുണൻ ഇന്ദ്രനുമായുണ്ടായ സംഗമത്തിന്റെ കഥ വിവരിച്ചു. ജിജ്ഞ്യാസുവായ സൂര്യന്റെ നിർബന്ധപ്രകാരം അരുണൻ സൂര്യനു മുന്നിലും സ്ത്രീ വേഷത്തിലെത്തി. ആത്മനിയന്ത്രണം നഷ്ടപ്പെട്ട സൂര്യനും അരുണനുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ടു. അങ്ങിനെ അരുണന് രണ്ടു കുട്ടികൾ ഉണ്ടായി. പിൽക്കാലത്ത് ഇന്ദ്രനിലുണ്ടായ പുത്രൻ ബാലിയെന്നും സൂര്യനിലുണ്ടായ പുത്രൻ സുഗ്രീവനെന്നും അറിയപ്പെട്ടു. ഇന്ദ്രൻ ഗൗതമമുനിയുടെ പത്നി അഹല്യയെ ഇവരുടെ സംരക്ഷണച്ചുമതല ഏൽപിച്ചു. വളർത്തമ്മയായ അഹല്യ കുസൃതികളായ രണ്ടു കുട്ടികളേയും ഒക്കത്ത് വച്ച് ഗൗതമ മുനിയുടെ ആവശ്യങ്ങൾ ചെയ്തു കൊടുക്കുവാൻ പാടുപെടുന്നതുകണ്ട് അരിശം പൂണ്ട മുനി രണ്ടു കുട്ടികളും കുരങ്ങൻമാരാകട്ടെ എന്നു ശപിച്ചു. അന്നുമുതൽ ബാലി സുഗ്രീവൻമാർ വാനരൻമാരായി. അന്ന് കിഷ്കിന്ധയിലെ വാനര രാജാവായിരുന്ന ഋക്ഷരജസ്സ് പിന്നീട് ഇവരെ ദത്തെടുത്തു.

## ഇതിനോടുബന്ധപ്പെട്ട ഒരു കടങ്കഥ കൂടി പറയട്ടെ

ഒരുത്തൻ പോയി ഒരുത്തി ആയി. ഒരുത്തി പെറ്റ് ഇരുവരുണ്ടായി. ഇരുവരും കരുത്തരായി. കരുത്തരിൽ ഒരുത്തന്റെ ബന്ധൂന്റെ ശത്രുവിന്റെ ഇല്ലം ചുട്ടവന്റെ അച്ഛന്റെ വരവും കാത്തിരിക്കയാണ് ഞാൻ.

ഒരുത്തൻ = അരുണൻ, ഒരുത്തി = അരുണി

ഒരുത്തി പെറ്റ് ഇരുവരുണ്ടായി = അരുണിയിൽ ബാലിയും സുഗ്രീവനും ജനിച്ചു.

കരുത്തരിൽ ഒരുത്തന്റെ ബന്ധൂന്റെ ശത്രൂന്റെ =സുഗ്രീവന്റെ സ്നേഹിതനായ രാമന്റെ ശത്രു = രാവണൻ

ഇല്ലം ചുട്ടവന്റെ അച്ഛന്റെ = രാവണന്റെ കൊട്ടാരം കത്തിച്ചവന്റെ അച്ഛന്റെ = ഹനുമാന്റെ അച്ഛന്റെ =ഹനുമാന്റെ അച്ഛന്റെ = വായു ഭഗവാന്റെ.

***ഞാൻ കാറ്റിന്റെ വരവും പ്രതീക്ഷിച്ച് ഇരിക്കുകയാണെന്നു സാരം.*** ■

# പരമപുരുഷാർത്ഥം

കെ. മുരളീധരൻ

ബ്രഹ്മം, ആത്മാവ്, ഈശ്വരൻ, പ്രകൃതി തുടങ്ങിയ അതീന്ദ്രീയ വസ്തുതകളെ പ്രത്യക്ഷീകരിക്കുവാൻ മനുഷ്യൻ വളരെ പണ്ടു മുതലേ കഠിനമായി പരിശ്രമിക്കുകയും അവരുടെ ബോധമണ്ഡലങ്ങളിൽ തെളിഞ്ഞ സിദ്ധിയാണ് ഓരോ വ്യക്തിയുടെയും ജീവിതത്തിൽ പ്രകാശം ചൊരിയുന്ന പരമപുരുഷാർത്ഥം എന്ന് പ്രഖ്യാപിക്കുകയും ചെയ്ത രാജ്യമാണ് ഭാരതം. പരമപുരുഷാർത്ഥം എന്നു പറഞ്ഞാൽ ധർമ്മം, അർത്ഥം, കാമം, മോക്ഷം. ഏതൊരു മനുഷ്യന്റേയും ആത്യന്തികമായ ധർമ്മം ഈശ്വര സാക്ഷാത്കാരമാണ്.

മനുഷ്യ ജീവിതം അനുഭവങ്ങളുടെ ഒരു നീണ്ട പരമ്പരയാണ്. നിരന്തരമായ സുഖദുഃഖങ്ങളിലൂടെയാണ് ജീവിതം കടന്നുപോകുന്നത്. ആശയാഗ്രഹങ്ങളാണ് സുഖദുഃഖങ്ങൾക്ക് മുഖ്യ ഹേതു. എല്ലാ മനുഷ്യരുടേയും കർമ്മഗതി മൂന്നു വിധമാണ്. മനുഷ്യനൊഴിച്ച് മറ്റ് ഇതര ജന്തുക്കളുടേയും സഹജവാസനയ്ക്കനുസരിച്ചാണ് അവയുടെ കർമ്മഗതി. മനുഷ്യനു മാത്രമാണ് ശരിയും തെറ്റും തിരിച്ചറിയാനുള്ള വിവേക ബുദ്ധിയുള്ളത്. സഞ്ചിതം, പ്രാരാബ്ധം, ആഗാമികം എന്നിങ്ങനെയാണ് മൂന്ന് കർമ്മഗതി. ഒരു വൃക്ഷത്തിൽ നിന്നും ഉണ്ടാകുന്ന വിത്ത് (ബീജം) അടുത്ത വൃക്ഷത്തിനു ഹേതുവാകുന്നു. അതിന്റെ ബീജം വീണ്ടും മറ്റൊരു വൃക്ഷത്തിനു കാരണ മാകുന്നു. അതുപോലെ നമ്മുടെ വർത്തമാന ജന്മകർമ്മങ്ങളെല്ലാം മുൻ ജന്മകർമ്മസംസ്കാരങ്ങളുടെ ഫലമാണ്. ഈ വർത്തമാനം ജന്മകർമ്മങ്ങളോടൊപ്പം വീണ്ടും പുതിയ കർമ്മവാസനകൾ ഭാവി ജന്മ കർമ്മങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. സഞ്ചിതകർമ്മങ്ങൾ കുറേ നമ്മൾ അനുഭവിച്ചു കഴിഞ്ഞു. വർത്തമാന ജന്മത്തിലെ പ്രാരാബ്ധ കർമ്മങ്ങൾ അനുഭവിച്ചേ മതിയാകൂ. ഭാവിയിൽ ഫലവത്താകാൻ പോകുന്ന കർമ്മങ്ങളെ മാത്രമേ നമുക്കു നിയന്ത്രിക്കുവാൻ സാധിക്കുകയുള്ളു. വർത്തമാന ജന്മത്തിലെ എല്ലാ കർമ്മങ്ങളേയും ഈശ്വരാർപ്പിതമായി (സ്വധർമ്മാനുഷ്ഠാനമായി) നിർവഹിക്കുവാൻ സാധിച്ചാൽ അടുത്ത ജന്മത്തിലേക്കുള്ള പുതിയ വാസനകൾ ഇല്ലാതെയാകും. ബദ്ധജീവന്മാർ ഭൗതിക വിഷയങ്ങളിൽ അതീവ തത്പരരായിരിക്കും. അങ്ങനെയുള്ള അവരുടെ മനസ്സ് ഇന്ദ്രീയ സുഖ ഭോഗങ്ങളുടെ പിന്നാലെ നിയന്ത്രണമില്ലാതെ അലഞ്ഞുകൊണ്ടിരിക്കും. മനസ്സിനെ നിയന്ത്രിക്കുക ബഹുകഠിനമാണ്. അത്രയ്ക്ക് ശക്തമാണ്. അതു മനുഷ്യനെ വിഷയങ്ങളിൽ നിന്നും വിഷയങ്ങളിലേക്ക് വലിച്ചു താഴ്ത്തി കൊണ്ടിരിക്കും. ദുഃഖങ്ങളെ നിവർത്തിച്ച് ശാശ്വതാനന്ദം എങ്ങിനെ കൈവരിക്കാം എന്ന് നമ്മുടെ ആചാര്യൻമാർ നമുക്ക് ഉപദേശിച്ചു തന്ന വളരെ പ്രധാനപ്പെട്ട അനുഷ്ഠാനങ്ങളിൽ ഒന്നാണ് പരമപുരുഷാർത്ഥം. പുരുഷൻ/ശിവൻ ഏകത്വത്തിൽ നിന്നും സ്വന്തം ഇച്ഛാനുസരണം പരിണമിച്ച് നാനാ രൂപത്തിൽ പ്രതിഫലിക്കുന്ന ത്രിഗുണാത്മികമായ പ്രകൃതിയായി തീരുന്നു. ആകാരം കൊണ്ട് പുരുഷനാണെങ്കിലും പ്രകൃതിയുടെ അനേക ത്വത്തിന് വിധേയരായി ഇന്ദ്രീയ സുഖഭോഗങ്ങളിൽ മുഴുകി ജീവിക്കുന്ന എല്ലാവരും സ്ത്രീജിത ന്മാരാണ്. പുരുഷൻ (ശിവൻ) പരിണമിച്ച് സ്ത്രീ യായപ്പോൾ (ജീവൻ) തന്റെ യഥാർത്ഥ സ്വരൂപത്തെ വിസ്മരിച്ച് സുഖദുഃഖങ്ങളിൽ വിഹരിക്കുന്നു. അങ്ങിനെ ആശയാഗ്രഹങ്ങളാകുന്ന പാശത്താൽ മൂലാധാര ചക്രത്തിൽ ജീവൻ ബന്ധിക്കപ്പെടുന്നു. ഈ ജീവൻ (സ്ത്രീശക്തി) തന്നെയാണ് കുണ്ഡലിനീ ശക്തിയെന്നു അറിയപ്പെടുന്നതും.

അനേക ലക്ഷം വർഷങ്ങൾ പിന്നിട്ട് ജനന മരണമാകുന്ന സംസാരസാഗരത്തിൽ പെട്ട് മറുകര കാണാൻ കഴിയാതെ ദുഃഖത്തിലും ദുരിതത്തിലും കിടന്നുഴലുന്ന ജീവന് സുഖഭോഗങ്ങളിൽ തീവ്രമായ വിരക്തി അനുഭവപ്പെടുന്നു. മാത്രമല്ല തന്റെ സ്ഥായീഭാവം പരമാത്മസ്വരൂപമായ ശിവനാണെന്ന് തിരിച്ചറിയുകയും സ്വധാമത്തിലേക്ക് (സഹസ്രാര പത്മം) എത്തിച്ചേരുവാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്നു.

ഈ തിരിച്ചറിവ് സ്വധർമ്മത്തിലൂന്നി തത്വാധിഷ്ഠിതമായ ആദ്ധ്യാത്മിക ജീവിത

ത്തിലേക്ക് ജീവനെ തിരിച്ചു വിടുന്നു. തന്റെ സർവ്വകർമ്മങ്ങളേയും ഈശ്വരേച്ഛയായി കരുതി ഫലാസക്തി കൂടാതെ ഭഗവത് സ്മരണയോടെ ശ്രദ്ധാപൂർവ്വം നിർവഹിക്കുവാൻ തുടങ്ങുന്നു. ഭൗതികമായ പ്രാപഞ്ചിക വിഷയങ്ങളിൽ നിന്നും മനസ്സിനേയും ഇന്ദ്രിയങ്ങളേയും പിൻവലിച്ച് കഠിനമായ അഭ്യാസത്തിലൂടെ നാമരൂപാത്മകമായ വൈരുദ്ധ്യത്തോടുകൂടിയ ഈ വിശ്വപ്രപഞ്ചത്തിൽ കാണപ്പെടുന്ന സമസ്ത ജീവജാലങ്ങളും ചരാചരങ്ങളും തന്റെ ഉള്ളിൽ വിളങ്ങുന്ന ആത്മചൈതന്യം തന്നെയാണെന്ന് സാധകന് ബോധ്യപ്പെടുന്നു. തന്റെ യഥാർത്ഥ സ്വരൂപം ഊർദ്ധമൂലത്തിൽ (സഹസ്രാരപത്മം) വിരാജിക്കുന്ന പരംപുരുഷനായ ശിവനാണെന്ന ജ്ഞാനം സാധകന്റെ അന്തകരണത്തിൽ ദൃഢമായി ഉറയ്ക്കുന്നു. ഈ ജ്ഞാന സമ്പാദനത്തേയാണ് "അർത്ഥം" (അദ്ധ്യാത്മിക സമ്പത്ത്) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

താൻ പരബ്രഹ്മസ്വരൂപനായ ശിവനാണെന്ന് തിരിച്ചറിയുന്ന ജീവന് തന്റെ സ്വധാമത്തിലേക്ക് എത്തിച്ചേരുവാനുള്ള ആഗ്രഹം പ്രബലമാകുന്നു. ജീവന്റെ ഈ ആഗ്രഹത്തെയാണ് പുരുഷാർത്ഥത്തിലെ "കാമം" എന്നതുകൊണ്ട് അർത്ഥമാകുന്നത്. ഈ ആഗ്രഹം ശക്തമാകുമ്പോൾ ജീവന് ആത്മജ്ഞാനിയായ സദ്ഗുരുവിനെ ലഭിക്കുന്നു. ഗുരുവിന്റെ ഉപദേശങ്ങളേയും നിർദ്ദേശങ്ങളേയും പൂർണ്ണ സമർപ്പണത്തോടെ ഉൾക്കൊണ്ട് സാധകൻ തപസ്സാചരിക്കുവാൻ തുടങ്ങുന്നു. അനേക കാലത്തെ ഏകാഗ്രമായ തപസ്സിലൂടെ മൂലാധാര ചക്രത്തിൽ കുണ്ഡലിതയായി കിടന്നിരുന്ന ജീവാത്മാവ് (പ്രകൃതിശക്തി) ഉണർന്നു സുഷുമ്നയിലൂടെ ഓരോ ആധാരചക്രങ്ങളേയും ഭേദിച്ച് സഹസ്രാര പത്മത്തിൽ എത്തിച്ചേരുന്നു. അപ്പോൾ ജീവൻ തന്റെ സ്ത്രീത്വം വെടിഞ്ഞ് പുരുഷനായി (ശിവൻ) തീരുന്നു. അതോടെ എല്ലാ ദുഃഖങ്ങളും നീങ്ങി പരമാത്മാവുമായി ലയിച്ച് പരമമായ മോക്ഷത്തെ പ്രാപിക്കുന്നു. ഈ ലയനത്തെയാണ് ശിവശക്തി ഐക്യം എന്ന് ലളിതാസഹസ്രനാമത്തിൽ പറഞ്ഞിരിക്കുന്നത്. അതുതന്നെയാണ് പരമപുരുഷാർത്ഥത്തിലെ മോക്ഷവും.

"അനന്യാശ്ചിന്തയന്തോം മാം യേ ജനാഃ
പര്യംപാസതേ
തേഷാം നിത്യാഭിയുക്താനാം യോഗക്ഷേമം
വഹാമ്യഹം"

***(ഭഗവത് ഗീത 1 ഃ /22)***

ചരാരാത്മകമായ നാനത്വത്തിൽ കാണപ്പെടുന്ന ഈ ലോകത്തെ ഈശ്വരനിൽ നിന്നും ഭിന്നമായി കാണാതെ മനസ്സിനേയും ഇന്ദ്രിയങ്ങളേയും വിഷയങ്ങളിൽ നിന്നും പിൻവലിച്ച് സദാ എന്നിൽ തന്നെ ഉറപ്പിച്ച് കർമ്മം ചെയ്തു ജീവിതം നയിക്കുന്നവരുടെ യോഗക്ഷേമത്തെ ഞാൻ വഹിക്കുന്നു.

ഈ മിഥ്യാ ലോകത്തെ ത്യജിച്ചുകൊണ്ട് ജീവിക്കുവാനാണ് നമ്മുടെ ഭാരതീയ സനാതന ധർമ്മം പറയുന്നത്. ലോകത്തെ സ്വന്തബന്ധങ്ങളേയും ഉപേക്ഷിച്ച് തന്റെ ഇപ്പോഴത്തെ ജീവിതചര്യകളിൽ നിന്നും വിട്ട് സന്യസിക്കുക എന്ന് അർത്ഥമാക്കുന്നില്ല. മിഥ്യയായ ഈ പ്രപഞ്ചത്തെ ഉപേക്ഷിക്കുവാൻ വേദാന്തം പറയുന്നില്ല. എന്നാൽ പഞ്ചഭൂതാത്മകമായ ഈ ജഗത്തിന്റെ യഥാർത്ഥ സ്വഭാവത്തെ മനസ്സിലാക്കി ജീവിക്കുവാനാണ് വേദാന്തം ഉപദേശിക്കുന്നത്. സത്യവും സനാതനവുമാണ് ഈ പ്രപഞ്ചം മുഴുവൻ. തന്റെ അന്തരംഗത്തിൽ വിളങ്ങുന്ന സർവ്വവ്യാപിയും സർവ്വാന്തര്യാമിയുമായ പരമാത്മ ചൈതന്യം തന്നെയാണ് ഈ ജഗത്തിൽ കാണപ്പെടുന്ന എല്ലാ വസ്തുക്കളും എന്നിരിക്കെ ഈശ്വര ദർശനത്തിന് മറ്റെവിടേയെങ്കിലും അന്വേഷിക്കേണ്ടതായിട്ടുണ്ടോ?

"യാതൊന്നു കാൺമതതു നാരായണ പ്രതിമ
യാതൊന്നു കേൾപ്പതതു നാരായണ ശ്രുതികൾ
യാതൊന്നു ചെയ്വതതു നാരായണാർച്ചനകൾ
യാതൊന്നതൊക്കെ ഹരി നാരായണായ നമ".

**(ഹരിനാമകീർത്തനം - 55)**

ഹരിനാമകീർത്തനത്തിലെ വളരെ ലളിതവും എന്നാൽ മഹത്തായ ഒരാദർശം ഉൾക്കൊള്ളുന്നതുമായ ഈ പ്രാർത്ഥനയെ സർവ്വദാ സ്മരിച്ചുകൊണ്ട്, തന്റെ നിത്യ ജീവിതത്തിൽ കടന്നു വരുന്ന എല്ലാ സാഹചര്യങ്ങളേയും, അതു അനുകൂലമായിക്കൊള്ളട്ടെ, പ്രതികൂലമായിക്കൊള്ളട്ടെ, നന്മയോ തിന്മയോ ആകട്ടെ ഈശ്വരന്റെ പാദപത്മങ്ങളിൽ സമർപ്പിച്ച് ജീവിതം മുന്നോട്ടു കൊണ്ടു പോകുന്ന ഏവർക്കും ദുഃഖനിവർത്തിയും സമാധാനവും ശാന്തിയും തീർച്ചയായും ലഭിക്കുന്നു.

എല്ലാവർക്കും ശാന്തിയും സമാധാനവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

"ലോകാ സമസ്താ സുഖിനോ ഭവന്തു.
ഓം ശാന്തി ശാന്തി ശാന്തിഃ"

■



# കലിയുഗത്തിൽ നാമജപത്തിന്റെ പ്രസക്തി

വാസു ഇളയത്

പണ്ടുകാലത്ത് കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്നു. പകൽ ജോലികളെല്ലാം കഴിഞ്ഞ് അമ്മൂമ്മമാരും, അമ്മമാരും സന്ധ്യാദീപം തെളിയിച്ച് കുട്ടികളോട് കൂടി നാമം ജപിച്ചിരുന്നു. മിക്കവാറും അറയുടെ മുൻപിലോ അല്ലെങ്കിൽ രണ്ടുമൂന്നു ദേവന്മാരുടെ ചിത്രത്തിന്റെ മുൻപിലോ നിലവിളക്ക് കൊളുത്തിവച്ചായിരുന്നു നാമജപം. കൃത്യം 6.30 ന് തന്നെ ദീപം തെളിയിക്കുകയും അര മണിക്കൂർ നാമം ജപിക്കുകയും ചെയ്തിരുന്നു. ഈ നാമജപത്തിനു ശേഷം അമ്മമാർ പറയാറുണ്ട്, അന്ന് ചെയ്ത പണികളുടെയെല്ലാം ക്ഷീണം മാറുകയും, മനസ്സ് ശാന്തമാകുകയും ചെയ്തു എന്ന്. നാമജപം കഴിഞ്ഞാൽ കുട്ടികൾക്കും പഠിക്കാൻ ഉത്സാഹമായിരുന്നു.

കാലചക്രം തിരിഞ്ഞപ്പോൾ കൂട്ടുകുടുംബ വ്യവസ്ഥിതി തന്നെ ഇല്ലാതായി. എല്ലാം അണുകുടുംബമായി. പക്ഷേ എല്ലാ വീട്ടിലും പൂജാമുറി ഉണ്ടായി,ധാരാളം ദേവീദേവന്മാരുടെ ചിത്രങ്ങൾ കൊണ്ടു പൂജാമുറി നിറഞ്ഞു. പക്ഷേ നാമജപം ഇല്ലാതായി. ആ സമയം ടെലിവിഷനും, നെറ്റും ഏറ്റെടുത്തു. അമ്മായിഅമ്മ പോരുകളും, മരുമക്കളുടെ ധാർഷ്ഠ്യങ്ങളും അടങ്ങുന്ന സീരിയലുകൾക്കിടക്ക് അയ്യോ വിളക്കുവയ്ക്കാൻ മറന്നു എന്ന് പറഞ്ഞു അമ്മമാർ ഓടുന്നത് കാണാം. മിക്കവാറും അപ്പോൾ സമയം 7 മണി കഴിഞ്ഞിട്ടുണ്ടാകും. കുട്ടികൾക്ക് അതൊന്നും ബാധകമല്ല. അവർ മരുമക്കളായി വരുമ്പോൾ അമ്മായി അമ്മയെ എങ്ങിനെ കൈകാര്യം ചെയ്യാം എന്ന് സീരിയിലുകളുടെ അനുഭവത്തിൽ കൂടി മനസ്സിനെ പാകപ്പെടുത്തികൊണ്ടിരിക്കുകയാവും. വിളക്ക് പെട്ടെന്ന് കൊളുത്തി വരുന്ന അമ്മയുടെ സ്ഥിതിയും വിഭിന്നമല്ല. സീരിയലിലെ മരുമകളോട് അമ്മായിഅമ്മ എങ്ങിനെയാണ് പ്രതികരിക്കുന്നത് എന്നു നോക്കി മനസ്സിലാക്കുകയാകും. ബാക്കി ഭാഗം നാളെ വൈകുന്നേരം കാണുവാനുള്ള ത്വരയോടെ കലുഷിതമായ മനസ്സുമായാണ് എല്ലാവരും ഉറങ്ങുവാൻ പോകുന്നത്. കലികാല വൈഭവം അല്ലാതെന്തു പറയുവാൻ. ഇതുകൂടാതെ നാമം ജപിക്കുന്നവർ ചെറുപ്പക്കാർ അടക്കം കസേരയിൽ ഇരുന്നാണ് നാമം ജപിക്കുന്നത്. മുട്ടുമടങ്ങാത്തതുകൊണ്ടും, കാലുവേദനയും, മുട്ടുവേദനയും കൊണ്ട് ചെറുപ്പത്തിലേ വിഷമിക്കുന്നവർ. സുഖസൗകര്യങ്ങൾ കൂടിയതാണ് ഇതിനു കാരണം. പണ്ടുള്ളവർ നിലത്ത് ചമ്രം പടിഞ്ഞ് ഇരുന്നാണ് നാമം ചൊല്ലിയിരുന്നത്. ഊണു കഴിക്കുന്നതും നിലത്ത് ഇരുന്നായിരുന്നു. എന്നാൽ കാലം മാറിയപ്പോൾ ഊണു മേശയും കസേരയും, വിദേശ കക്കൂസുകളും സ്ഥാനം പിടിച്ചു. ആരും നിലത്ത് ഇരിക്കാതെയായി. കാലിലേക്കുള്ള രക്തചംക്രമണം കുറഞ്ഞ് ചെറുപ്പത്തിലേ എല്ലാവരും രോഗികളുമായി. ഇതിന് ഒരു മാറ്റം വരുത്തുവാൻ ചെറുപ്പത്തിലേ കുട്ടികളെ നിലത്ത് ചമ്രം പടിഞ്ഞ് ഇരുന്ന് നാമം ചൊല്ലുവാൻ പരിശീലിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കാലുവേദനയും, മുട്ടുവേദനയും, നടുവേദനയും ഇല്ലാതെ അടുത്ത തലമുറയെങ്കിലും വളരട്ടെ.

നാമജപത്തിന്റെ മഹത്വം എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. സന്ധ്യയ്ക്ക് നാമം ജപിക്കുമ്പോൾ ആ കുടുംബത്തിൽ ഒരു പ്രത്യേക അനുഭൂതി തന്നെ ഉണ്ടാകുന്നു. വിളക്കിന്റെ ദീപവും, ചന്ദനത്തിരിയുടെ സുഗന്ധവും കുടുംബാന്തരീക്ഷത്തെ ശുദ്ധീകരിക്കുന്നു. സൂര്യൻ അസ്തമിക്കുമ്പോൾ സൂക്ഷ്മശരീരികൾ കുടുംബത്തിലേക്ക് പ്രവഹിക്കുന്നു. എന്നാൽ ഒരു നിലവിളക്ക് കൊളുത്തി വച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തേക്ക് അവർ വരുകയില്ല. അതുകൊണ്ടാണ് സന്ധ്യാ സമയത്ത് കൃത്യം 6.30 ന് തന്നെ വിളക്ക് കൊളുത്തണം എന്നു പറയുന്നത്. സന്ധ്യാ സമയത്ത് നാമജപം കേൾക്കാതിരുന്ന വീടുകളിലാണ്

പൂതന ചെന്ന് കുട്ടികളെ കൊന്നതെന്ന് ഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു. കംസന്റെ കുറച്ചു കാലത്തെ ഭരണം കൊണ്ട് ജനങ്ങളാകെ നാസ്തികരായി, അപ്പോഴാണ് ആപത്തുകൾ വർദ്ധിക്കുവാൻ തുടങ്ങിയത്. അക്കാലത്തും ഈശ്വരനെ ആശ്രയിച്ചിരുന്ന സുകൃതികൾക്ക് ഒരു ആപത്തും ഉണ്ടായില്ലെന്നും പറയുന്നു. ഹനുമാൻ ലങ്ക മുഴുവൻ അഗ്നിക്കിരയാക്കിയപ്പോൾ വിഭീഷണന്റെ കൊട്ടാരത്തിനു മാത്രം ഒന്നു സംഭവിച്ചില്ല. ഗുജറാത്തിൽ ഭൂകമ്പം നാശം വിതച്ചപ്പോൾ അഗ്നിഹോത്രം നടത്തിയിരുന്ന വീടുകൾക്കു മാത്രം ഒരു കേടുപാടും സംഭവിച്ചില്ല. യൂണിയൻ കാർബൈഡ് ഫാക്ടറിയിൽ അബദ്ധവശാൽ വിഷവാതകം പുറം തള്ളിയപ്പോൾ ആ ഫാക്ടറിയുടെ അടുത്തു താമസിച്ചിരുന്ന പലരും ശ്വാസം മുട്ടി മരിച്ചു. എന്നാൽ പൂജകളും ഹോമങ്ങളും നടത്തിയിരുന്ന ചില വീട്ടുകാർ അത്ഭുതകരമായി രക്ഷപ്പെട്ടു. ഇതെല്ലാം ചില ഉദാഹരണങ്ങൾ മാത്രം.

ഈശ്വര നാമോച്ചാരണം കൊണ്ട് മാറാത്ത യാതൊരു രോഗവുമില്ല. ശ്രദ്ധയും, വിശ്വാസവും കൂടി ഉണ്ടെങ്കിൽ പറയേണ്ടതില്ല, വളരെ വേഗത്തിൽ അനുഭവം കാണാം. ഇല്ലെങ്കിൽ കുറച്ച് അധികം ദിവസം വേണ്ടിവരും എന്നു മാത്രം. ശാരീരികം മാത്രമല്ല, മാനസികവും ബുദ്ധിപരവും ആയ എല്ലാ രോഗങ്ങളും നാമോച്ചാരണം ഒന്നു കൊണ്ടുമാത്രം മാറും. മാത്രമല്ല, രോഗങ്ങൾക്ക് ഹേതുക്കളായ എല്ലാ അണുക്കളും നശിക്കും.ചികിത്സകൊണ്ട് വേണ്ടത്ര ഗുണം കിട്ടാത്തിടത്ത് ഈശ്വരനെ ആശ്രയിക്കാൻ വൈദ്യാചാര്യന്മാരും പറയുന്നുണ്ട്. ചികിത്സയും, നിദാന വീക്ഷണവും അപൂർണ്ണമാണെന്നതിന്റെ തെളിവാണിത്. എന്നാൽ കുറേക്കാലം ചികിത്സ നടത്തി ഗുണമില്ലെന്നു കണ്ടിട്ടു വേണോ ഈശ്വരനെ ആശ്രയിക്കാൻ. രോഗമുണ്ടായാലും, ഈശ്വരാശ്രയമുള്ള ഭക്തനിൽ അത് നിലനില്ക്കാൻ പോവുന്നില്ല. കർമ്മമാണ് എല്ലാവിധ അനുഭവങ്ങൾക്കും ഹേതു. തന്റെ കർമ്മഫലങ്ങളല്ലാതെ ആരും ഒന്നും അനുഭവിക്കുന്നില്ല. ജന്മാന്തരങ്ങളിലേയും, വർത്തമാന ജന്മത്തിലേയും ദുരിതങ്ങളാണ് പല രോഗങ്ങളുടേയും രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്. "ജന്മാന്തര കൃതം പാപം വ്യാധിരൂപേണ ജായതേ" എന്ന് പറഞ്ഞിരിക്കുന്നു. എത്രവെള്ളം കുടിച്ചാലും ദാഹം മാറാതുള്ള രോഗത്തിന് ചികിത്സയായി പരമേശ്വരന്റെ ശിരസ്സിൽ ധാര ചെയ്യുവാൻ പറഞ്ഞിരിക്കുന്നു. ദാഹിക്കുന്നവർക്ക് വെള്ളം കൊടുക്കാതിരുന്ന ജന്മാന്തര ദുരിതത്തിന്റെ പ്രായശ്ചിത്തമായിട്ടാണ് അത് പറഞ്ഞത്. പല മാറാവ്യാധികൾക്കും ചികിത്സയായി വിഷ്ണു സഹസ്രനാമം ജപിക്കുവാൻ പറഞ്ഞിരിക്കുന്നു. ഈശ്വരാശ്രയം കൊണ്ടേ ദുരിതം നശിക്കൂ എന്നതിന്റെ തെളിവാണിതെല്ലാം. ഈശ്വരചൈതന്യം നിറഞ്ഞിരിക്കുന്ന നാരായണ കവചം, ഹനുമാൻ ചാലീസ, വിഷ്ണുഗായത്രി മുതലായ മന്ത്രങ്ങൾ ജപിക്കുന്നത് ഉത്കൃഷ്ഠമാണ്. ഓം നമ: ശ്ശിവായ മന്ത്രം 108 പ്രാവശ്യം കണ്ണടച്ച് ശിവ ഭഗവാനെ സ്മരിച്ച് കൊണ്ട് ജപിച്ചാൽ ശരീരത്തിൽ മന്ത്രത്തിന്റെ സ്പന്ദനം (vibration) ഉണ്ടാകുമെന്നും അത് നിർജ്ജീവങ്ങളായ കോശങ്ങളെ പുനരുജ്ജീവിപ്പിക്കുമെന്നും പറയുന്നു. ശരീരത്തിന്റെ പ്രതിരോധശക്തി കുറയുമ്പോഴാണ് രോഗാണുക്കൾ നമ്മിൽ പ്രവേശിക്കുന്നത്. അത് ശരീരത്തിലുള്ള പ്രതിരോധ അണുക്കളുമായി മല്ലടിച്ച് രോഗം പകർത്തുമെന്നും എന്നാൽ ശരീരത്തിലെ പ്രതിരോധ ശക്തി കൂടുമ്പോൾ അവ രോഗാണുക്കളെ തുരത്തുമെന്നും വൈദ്യശാസ്ത്രം പറയുന്നു.

ഹിന്ദുമതത്തിൽ മാത്രം എന്തുകൊണ്ടാണ് മുപ്പത്തിമുക്കോടി ദേവതകളും, അനേകം ശാസ്ത്രങ്ങളും, ഉപനിഷത്തുക്കളും, വേദങ്ങളും, ആരണ്യകങ്ങളും, പുരാണങ്ങളും, ഇതിഹാസങ്ങളും ഉള്ളത് ? ഇതെല്ലാം ഒരാൾക്ക് ഒരു ജന്മം കൊണ്ട് പഠിക്കുവാൻ സാധിക്കുമോ എന്നെല്ലാം പലരും ചോദിക്കാറുണ്ട്. അതിനുള്ള ഉത്തരം ഇതെല്ലാം എല്ലാവർക്കും വേണ്ടി ഉള്ളതല്ല. അവരവർക്ക് അനുയോജ്യമായ ദേവതയേയും, ശാസ്ത്രങ്ങളേയും തിരഞ്ഞെടുക്കുവാൻ ഓരോരുത്തർക്കും അവകാശമുണ്ട്. ഈ സ്വാതന്ത്ര്യം ഹിന്ദുമതത്തിൽ മാത്രമേ കാണപ്പെടുന്നുള്ളൂ. ആദ്യമായി നമ്മൾ ഇഷ്ടദേവതയെ കണ്ടുപിടിക്കണം. അത് ഈ ജന്മത്തിലേതാവണം എന്നില്ല. അനേക ജന്മങ്ങളിൽ ഉപാസിച്ചിരുന്ന ഒരു മൂർത്തിയാകാം അത്. ആ ദേവനേയോ, ദേവിയേയോ കണ്ടുപിടിച്ച് അവിടെ കൂടുതൽ ആശ്രയിച്ചാൽ നമ്മുടെ പല ദൈവീക തടസ്സങ്ങളും മാറുമെന്ന് ആചാര്യന്മാർ പറയുന്നു. ബാക്കിയുള്ള ക്ഷേത്രങ്ങളിൽ ഒന്നും പോകേണ്ട എന്ന് ഇതി

കലിസന്തരണോപനിഷത്തിൽ ബ്രഹ്മദേവൻ ശ്രീ നാരദമഹർഷിയോട് പറയുന്നു -കലിയുഗത്തിൽ മനുഷ്യർക്ക് കലിദോഷങ്ങളിൽ നിന്നും രക്ഷ നേടാൻ "ഹരേ രാമ" യെന്ന ഷോഡശ നാമങ്ങളെകൊണ്ടുള്ള മന്ത്രം മാത്രം ജപിക്കുവാനാണ് ഉപദേശിച്ചിരിക്കുന്നത്. കലിദോഷങ്ങൾ അതിന്റെ മൂർദ്ധന്യ ദിശയിലെത്തിയ കാലമാണിപ്പോൾ. ജലദൗർലഭ്യം കൊണ്ടും, വരൾച്ചകൊണ്ടും, വിഷകരമായ കെമിക്കൽസ് അടങ്ങിയ ആഹാരപദാർത്ഥങ്ങളെ കൊണ്ടും, ദുർജനങ്ങളുടെ ഭരണം കൊണ്ടും ജനങ്ങൾ കൂടുതൽ ദുരിതം അനുഭവിക്കാൻ പോകുകയാണ്. ഇതിന് ഒരു പരിഹാരം ജനങ്ങൾ സംഘടിച്ച് ഓരോ ക്ഷേത്രങ്ങളിലും വിപുലമായ തോതിൽ നാമജപങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ എല്ലാ വീടുകളിലും രാവിലെയും, വൈകുന്നേരവും കുടുംബാഗങ്ങൾ ഒന്നിച്ചിരുന്ന് ഭക്തിയോടെ അര മണിക്കൂർ നാമം ജപിച്ചാൽ ഈശ്വരൻ കനിയാതിരിക്കുകയില്ല തീർച്ച.

■

നർത്ഥമില്ല. പക്ഷേ കൂടുതൽ ആശ്രയിക്കേണ്ടത് ആ ദേവനെ ആയിരിക്കണം. വിവാഹതടസ്സങ്ങളും, വിവാഹം കഴിഞ്ഞാൽ കുട്ടികൾ ഇല്ലാത്തതിനും, രോഗങ്ങൾ മാറുന്നതിനും മറ്റും ഇത് സഹായകരമായിരിക്കും. ഇത് കണ്ടുപിടിക്കുവാൻ പെൻഡുലം, ഡ്രൗസിംഗ് റോഡ് മുതലായ ഉപകരണങ്ങൾ ഇന്ന് നിലവിലുണ്ട്. ഇത് കൈകാര്യം ചെയ്യുന്ന ആചാര്യന്മാരും ഉണ്ട്. ശിവാംശം ഉള്ളവർക്ക് രുദ്രാക്ഷമാലയോ, സ്ഫടിക മാലയോ, നവരത്നമോതിരമോ ധരിക്കാം. വിഷ്ണു അംശം കൂടുതലുള്ളവർക്ക് തുളസിമാലയോ, ചന്ദനമാലയോ ധരിക്കാം എന്നു പറയുന്നു. മറിച്ച് ധരിച്ചാൽ അനുഭവങ്ങൾ പ്രതികൂലമായി ഭവിക്കും. അത് മുകളിൽ പറഞ്ഞിരിക്കുന്ന ഉപകരണങ്ങളിൽ കൂടി കണ്ടുപിടിക്കാം. അപ്പോൾ നമ്മൾ ശിവാംശം കൂടുതലുള്ളവരാണോ, വിഷ്ണു അംശം കൂടുതലുള്ളവരാണോ, നമ്മുടെ ഉപാസന മൂർത്തി ഏതാണ് ഇതെല്ലാം ഇന്ന് എളുപ്പത്തിൽ കണ്ടു പിടിക്കാം. സാന്ദർഭികമായി പറഞ്ഞു എന്നു മാത്രം.

# വേദമാതാവിന് പ്രണാമം

**ഹരിഹരൻ എം.എസ്**

ഓരോ വ്യക്തിയുടെയും ആഗ്രഹങ്ങൾ പൂർത്തികരിക്കുവാൻ എന്തുവേണമെന്ന് പറയുന്നത് അഥർവ്വവേദമാണ്.

"സ്തുതാമയാ വരദാ വേദമാതാ പ്രചോദയന്താ
പാവമാനി ദ്വിജാനാം
ആയുഃ പ്രാണം, പ്രജാം പശും
കീർത്തിം ദ്രവിണം ബ്രഹ്മവർചസം
മഹ്യം ദത്വാ പ്രജത ബ്രഹ്മലോകം"

(അഥർവ്വം ഃ- 19-71-01)

അർത്ഥം ഃ- വേദമാതാവിനെ സ്തുതിക്കുന്നതിലൂടെ പ്രചോദനവും, ദീർഘായുസും, പ്രാണബലവും, പശുക്കളും, കീർത്തിയും, യശസും, ധനവും, നല്ല സന്താനങ്ങളും ലഭിക്കുന്നു. കൂടാതെ ഇവയോടൊപ്പം വേദജ്ഞാനവും കൂടി നൽകി ബ്രഹ്മലോകമെന്ന് വിഖ്യാതമായ മോക്ഷത്തെയും നൽകുന്നു.


വേദത്തെ ഉപാസിക്കുന്നവർക്ക് ഈ പറയുന്നവയെല്ലാം ലഭിക്കുമെന്ന് അഥർവ്വം ഉറപ്പ് പറയുന്നു. ഇന്നത്തെ സനാതന ധർമ്മികളിൽ ഏറെപ്പേരും നാലു വേദങ്ങൾ കണ്ടവർ പോലുമല്ല. നമ്മുടെ പ്രധാന കാമന നല്ല ആരോഗ്യത്തോടെ 100 വർഷം ജീവിക്കുക എന്നതാണ്. യജുർവ്വേദം നമ്മെ ഉപദേശിക്കുന്നു.

"ശതമിന്നു ശരദോ f അന്തിദേവാ
യത്രാനശ്ച ക്രാ ജരസം തനൂനാം
പുത്രാസോയത്ര പിതരോ ഭവന്തി
മാനോ മധ്യാ രീരിഷതായുർ ഗന്തോഃ"

(യജുർവേദംഃ- 25 - 22)

ഈശ്വരാ ഞങ്ങൾ നൂറുവയസ്സു വരെ ജീവിച്ച് അങ്ങയെ പൂജിക്കുവാൻ കഴിയുന്നവരാകട്ടെ. അതിനാൽ അതുവരെ ഞങ്ങളുടെ ശരീരം ജരാനരകൾ ബാധിക്കാതെ ശിഥിലമാകാതെ ഇരിക്കട്ടെ. ഞങ്ങളുടെ മക്കൾ അച്ഛനമ്മമാരാകുന്നതുവരെ ഞങ്ങളും ജീവിക്കട്ടെ. നൂറുകൊല്ലം വരെ ഞങ്ങളുടെ ആയുസിന് ഒരു കോട്ടവും തട്ടാതിരിക്കട്ടെ.

■



# അനശ്വരമായ ആത്മാവ്



യു.എസ് രവീന്ദ്രൻ

''ആരീരോ ആരിരാരോ അമ്മേടെ മോൻ/മോൾ ആരീരാരോ അച്ഛന്റെ മോൻ/മോൾ ആരീരാരോ'' കുഞ്ഞുങ്ങളെ പാടിയുറക്കാൻ പണ്ട് അമ്മമാർ പാടാറുള്ള താരാട്ട് പാട്ടാണ് ഇത്. അമ്മയുടെ മോൻ ആണെങ്കിലും നീ ശരിക്കും ആരാണ്; അച്ഛന്റെ മോൻ ആണെങ്കിലും നീ ശരിക്കും ആരാണ്? മുത്തശ്ശിമാരും മുതുമുത്തശ്ശിമാരും ഇതേപാട്ട് പാടിയായിരിക്കും അവരുടെ മക്കളെ ഉറക്കിയത്. പണ്ടുതൊട്ടേ നമ്മൾ വാസ്തവത്തിൽ ആരാണെന്നുള്ള അന്വേഷണം ആരംഭിച്ചതാണ്. കൊടുങ്ങല്ലൂർ അമ്പലത്തിലെ ഉത്സവങ്ങളിൽ ഭക്തൻമാർ പാടാറുള്ള പാട്ടാണ് ''താനാരോ തന്നാരോ, താനാരോ തന്നാരോ?''- നീ ആരാണ്? ഞാൻ ആരാണ്? അവിടെയും ഈ അന്വേഷണം തന്നെ. എരുമേലിയിൽ പേട്ട തുള്ളമ്പോൾ പാടുന്ന പാട്ടാണ് ''അയ്യപ്പൻ എന്റെ അകത്തും, സ്വാമി എന്റെ അകത്തും''- പിന്നീട് അതു ലോപിച്ച് ''അയ്യപ്പതിന്തകത്തോം സ്വാമി തിന്തകത്തോം എന്ന് ആയിപ്പോയതാണെങ്കിലും നിരന്തരമായ അന്വേഷണത്തിന്റെ ഒരു ഉത്തരമാണ് എന്റെ അകത്തു ദൈവമാണ് ഉള്ളത് എന്ന്. അവിടെ നിന്നും ശബരി മലയിൽ എത്തുമ്പോൾ ''തത്വമസി'' കാണാം. നീ അതാണ്; പരമാത്മാവാണ് എന്ന സത്യം - അന്വേഷണത്തിന്റെ പരമമായ ഉത്തരം ഇസ്ലാമികമതഗ്രന്ഥത്തിൽ - ''അനൽ ഹഖ്'' - ഞാൻ പരമമായ സത്യമാണ് എന്നു പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ നമ്മൾ ആരാണ്. ഈ പരമസത്യം തേടിയുള്ള യാത്ര മനുഷ്യനെ അമ്പലങ്ങളിലും, പള്ളികളിലും, മസ്ജിദുകളിലും കൊണ്ടെത്തിക്കുന്നു. പുരാണങ്ങളിലെ കംസൻ (ക? സാ?) ആരാണ് എന്താണ് എന്ന് തേടി നടന്നപ്പോൾ സുദർശനം നൽകി ഭഗവാൻ സത്യം വെളിപ്പെടുത്തി കൊടുത്തതായി പറയുന്നു.

നമ്മൾ ഓരോരുത്തരും അനശ്വരരാണ്. ഇതിന്റെ അർത്ഥം നമ്മുടെ ജീനുകളും സ്വഭാവങ്ങളും അടുത്ത തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു, നമ്മുടെ പരമ്പര ലോകമുള്ളിടത്തോളം കാലം നിലനിൽക്കുന്നു എന്ന് അർത്ഥമാക്കേണ്ടതില്ല - അങ്ങിനെ സംഭവിക്കുമെങ്കിലും, അല്ലെങ്കിൽ നമ്മൾ നിർമ്മിച്ച കലാരുപങ്ങൾ, നമ്മൾ എഴുതിയ പുസ്തകങ്ങൾ, നമ്മുടെ തത്വശാസ്ത്രങ്ങൾ നമ്മുടെ കണ്ടുപിടുത്തങ്ങൾ എന്നിവയും നമ്മുടെ കാലശേഷവും നിലനിൽക്കുന്നതുകൊണ്ട് നാം അനശ്വരരാണെന്ന് അർത്ഥമാക്കേണ്ടതില്ല. ഇവിടെ ഉദ്ദേശിക്കുന്നത് അതിനേക്കാൾ പ്രധാന്യമുള്ളതാണ്. നമ്മുടെ ആത്മാവ് എന്നെന്നും നില നിൽക്കുന്നു. അത് അനശ്വരമാണ്.

സിഗ്മണ്ട് ഫ്രോയ്ഡ് മനസ്സിന്റെ പല തലങ്ങളെപ്പറ്റി വിവരിച്ചിട്ടുണ്ട്. അതിൽ ഒരു തലമാണ് നമ്മൾ അറിയാത്ത, നമ്മുടെ എല്ലാ അനുഭവങ്ങളും സൂക്ഷിച്ച് വച്ച് എന്ത് ആലോചിക്കണം, എങ്ങിനെ പ്രതികരിക്കണം, എന്ത് തോന്നണം എന്ന് നിർദ്ദേശം നൽകി കൊണ്ടിരിക്കുന്ന അബോധതലം. ഈ അബോധതലത്തെ പറ്റി മനസ്സിലാക്കിയാൽ മാത്രമേ നമ്മൾ ആരാണ് എന്ന് മനസ്സിലാക്കി പുരോഗമിക്കുവാൻ സാധിക്കയുള്ളൂ എന്ന് സിഗ്മണ്ട് ഫ്രോയ്ഡ് പറയുന്നു. ഫ്രോയ്ഡ് വിവരിക്കുന്ന ഈ അബോധതലമാണ് ആത്മാവ് എന്ന പ്രതിഭാസം എന്ന് ചില ശാസ്ത്രജ്ഞൻമാർ എഴുതിയിട്ടുണ്ട്. ഒരു വ്യക്തിയുടെ മുൻ ജന്മങ്ങളിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അടുത്ത ജന്മം എങ്ങിനെ ആയേക്കാം എന്ന് കണ്ടുപിടിക്കാമെന്നും കഴിഞ്ഞ ജന്മത്തിലെ ന്യൂനതകൾ ഈ ജന്മത്തിൽ പരിഹരിച്ച് അടുത്ത ജന്മം കൂടുതൽ മഹത്തരമാക്കാമെന്നും തന്റെ ഹിപ്നോട്ടിക് Regression Progression തത്വങ്ങൾ വിവരിച്ചു കൊണ്ട് അമേരിക്കയിലെ പ്രശസ്ത മനഃശാസ്ത്രജ്ഞനായ ഡോക്ടർ ബ്രിയാൻ വെയ്സ് പറയുന്നു. അദ്ദേഹത്തിന്റെ ''ഒരാത്മാവും പല ശരീരങ്ങളും'' എന്ന പുസ്തകത്തെ ആസ്പദമാക്കിയാണ് ഈ ലേഖനം.

ഒരാളുടെ മരണത്തോടുകൂടി ആത്മാവ് അയാളുടെ ഭൗതികശരീരം വിട്ട് വേറെ ശരീരങ്ങളിലൂടെ വീണ്ടും വീണ്ടും ജന്മമെടുത്ത് തിരിച്ചു വരുന്നു. അങ്ങിനെയാണെങ്കിൽ ഒരു സംശയം ഉയർന്നേക്കാം. ലോകം തുടങ്ങിയ കാലം മുതൽ ഇതുവരെ ജനസംഖ്യ വർദ്ധിച്ചു വരികയാണെല്ലോ; പുതിയപുതിയ ആത്മാക്കൾ എവിടെനിന്നും വരുന്നു?. നമ്മൾ അറിയുന്ന ഈ ലോകത്ത് മാത്രമല്ല ആത്മാക്കൾ ഉള്ളത്. ആത്മാവ് ബോധത്തിന്റെ പല തലങ്ങളിലും പല മാനങ്ങളിലുമാണ്. ആ ഊർജ്ജത്തിന് ഒരു സീമ യുമില്ല. നമ്മൾ അറിയുന്ന ഈ പ്രപഞ്ചം പല സ്ക്കുളുകളിൽ ഒന്നു മാത്രമാണ്. "നോബൽ സമ്മാന ജേതാക്കളായ ജെയിംസ് വാട്സണും, ഫ്രാൻസിസ് കിർക്കിനും എല്ലാ പദാർത്ഥ ങ്ങളുടെയും DNA ഘടന എഴുതാൻ കഴിഞ്ഞേക്കും പക്ഷേ ആത്മാവിന്റെ ഭൗതികാവസ്ഥയെപ്പറ്റിയോ DNA ഘടനയെപ്പറ്റിയോ അവർ അജ്ഞരാണ്. പക്ഷേ ഇതേവരെ കിട്ടിയ തെളിവുകൾ അനുസരിച്ച് എനിക്ക് ആത്മാവിനെകുറിച്ച് വ്യക്തമായ ധാരണകൾ ഉണ്ട്" ബ്രിയാൻ വെയ്സ് പറയുന്നു.

പുനർജന്മത്തിൽ ഹിന്ദുക്കളും ബുദ്ധമത ക്കാരും വിശ്വസിക്കുന്നു. പുനർജന്മത്തെപ്പറ്റി ക്രിസ്തു മതത്തിലെ New testament ലും പറഞ്ഞിട്ടുണ്ട്. പക്ഷേ കോൺസ്റ്റന്റയിന്റെ കാലത്തിനുശേഷം റോമാക്കാർ പുനർ ജന്മത്തെപ്പറ്റി പറയുന്ന ഭാഗം നിരോധിച്ചു. നമ്മുടെ ആത്മാവ് നേരത്തേ ഉണ്ടായിരുന്നു. ഇപ്പോഴും ഉണ്ട്. ഇനിയും ഉണ്ടാകും. ആത്മാവ് അനശ്വരമാണ്. അതാണ് നമ്മുടെ അനശ്വരത.

നമ്മൾ മരിക്കുന്നതിന് തൊട്ട് മുമ്പ് ഭൗതിക ശരീരം വിട്ടൊഴിയുന്ന ആത്മാവ് ഒരു പ്ലവനാവസ്ഥയിലെത്തിച്ചേരുന്നു. ആ സമയത്ത് അതിന് നിറങ്ങളെ തിരിച്ചറിയാം, ശബ്ദങ്ങൾ കേൾക്കാം, വസ്തുക്കളെ തിരിച്ചറിയാം, വിട്ടുപോകുന്ന ജന്മത്തെ പുനരവലോകനം ചെയ്യാം. ഈ അവസ്ഥയെ ബഹിർ ദേഹാനുഭവം എന്നു വിളിക്കാം. അത്യാസന്ന മരണ നിലയിൽ നിന്നും തിരിച്ചു വന്ന പലരിൽ നിന്നും ശേഖരിച്ച അനുഭവങ്ങളിൽ നിന്നുമാണ് ബഹിർ ദേഹാനു ഭവത്തെപ്പറ്റിയുള്ള വിവരങ്ങൾ ലഭിച്ചത്. മിയാമിയിലെ ഒരാശുപത്രിയിൽ ഉണ്ടായ സംഭവം ഇങ്ങിനെയാണ്. ദീർഘകാലമായി പ്രമേഹ ത്തിനടിമയായി ചികിത്സിയിലായിരുന്ന വൃദ്ധയായ രോഗിയെ ടെസ്റ്റുകൾക്കുവേണ്ടി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ടെസ്റ്റുകൾക്കിട യിൽ ഹൃദയാഘാതം ഉണ്ടായി ഹൃദയമിടിപ്പ് നിന്നുപോയി. രക്ഷയില്ലെന്ന് തീരുമാനിച്ച ഡോക്ടർമാർ ഹൃദ്രോഗ വിദഗ്ധന്റെ വിളിച്ചു. തിരക്കിട്ട് I.C.U വിലേക്ക് പാഞ്ഞുവന്ന ഹൃദ്രോഗ വിദഗ്ധന്റെ സ്വർണ നിറമുള്ള പേന താഴെ വീണ് ജനലിന്നടിയിലേക്ക് പോയി. രോഗിക്ക് കൃത്രിമ ശാസോച്ഛ്വാസം നൽകി കൊണ്ടിരിക്കുന്ന തിനിടയിൽ ഡോക്ടർ പേന തപ്പിയെടുത്ത് പോക്കറ്റിൽ വച്ചു. ഡോക്ടർമാർ തന്നെ രക്ഷിക്കാൻ കിണഞ്ഞു പരിശ്രമിക്കുന്നത് അബോധാവസ്ഥയിലായിരുന്ന രോഗിയുടെ ആത്മാവ് കാണുന്നുണ്ടായിരുന്നു. "പരിമ്രമിക്കേ ണ്ടതില്ല ഞാൻ സുരക്ഷിതയാണ്" എന്ന് രോഗി വിളിച്ചു പറയുന്നുണ്ടെങ്കിലും അവർ പറയുന്നത് ഡോക്ടർമാർക്ക് കേൾക്കാമായിരുന്നില്ല. കാർഡി യോളജിസ്റ്റിനെ കൈകൊണ്ട് തട്ടി എനിക്ക് സുഖമായി എന്ന് പറഞ്ഞു. കൈ കാർഡി യോളജിസ്റ്റിന്റെ ശരീരത്തിലൂടെ കടന്നു പോയെ ങ്കിലും കാർഡിയോളജിസ്റ്റിന് പ്രത്യേകിച്ച് ഒന്നും അനുഭവപ്പെട്ടില്ല. ഡോക്ടർമാർ പറയുന്നതെല്ലാം വൃദ്ധയായ രോഗിക്ക് കേൾക്കാമെങ്കിലും അവർ പറയുന്നതൊന്നും ഡോക്ടർമാർക്ക് കേൾക്കി ല്ലായിരുന്നു. ഡോക്ടർമാരുടെ ശ്രമങ്ങൾക്ക് ഫലമുണ്ടായി. പ്രമേഹ രോഗിയായ ഹൃദയം നിന്നു പോയ ആ വൃദ്ധ ജീവിതത്തിലേക്ക് തിരിച്ചു വന്നു.


"ഇവിടെ നടന്നതെല്ലാം ഞാൻ വ്യക്ത മായി കണ്ടു" വൃദ്ധ പറഞ്ഞു "അതിന് മാഡം അബോധാവസ്ഥയിലായിരുന്നല്ലോ" ഡോക്ടർ അത്ഭുതത്തോടുകൂടി പറഞ്ഞു. "നിങ്ങളുടെ പേന താഴെ വീഴുന്നതും തിരക്കിനിടയിൽ പേന തപ്പിയെടുത്ത് പോക്കറ്റിൽ വക്കുന്നതും ഞാൻ കണ്ടു. ആ പേന വിലകൂടിയതായിരിക്കും. അല്ലേ?." "നിങ്ങൾ അതും കണ്ടോ?." "ഉവ്വ് തീർച്ചയായും." പേനയുടെ നിറവും ഡോക്ടർമാരുടെ ഷർട്ടിന്റെ നിറവും, ആരെല്ലാം അവിടെ വന്നിരുന്നു എന്നും എല്ലാം കൃത്യമായി വൃദ്ധ പറഞ്ഞു. എല്ലാവരും അത്ഭുതപ്പെട്ടു. അവരുടെ ഹൃദയമിടിപ്പ് നിലച്ചിരുന്നു. തികച്ചും അബോധാവസ്ഥ യിലായിരുന്നു. മാത്രവുമല്ല പ്രമേഹം ബാധിച്ച് കഴിഞ്ഞ അഞ്ചുവർഷങ്ങളായി അവർ അന്ധയു മായിക്കഴിഞ്ഞിരുന്നു. ആത്മാവിനാണ് കാഴ്ച

ശരീരത്തിനല്ല. മരണത്തിൽ നിന്നും തിരിച്ചു വന്നവർ പല അനുഭവങ്ങളും പറയാറുണ്ട്. ഗുരുതരമായ അപകടത്തിൽപ്പെട്ട് അബോധാവസ്ഥയിലായി മരണത്തിന്റെ വക്കിലെത്തി തിരിച്ചു വന്നയാൾ വർഷങ്ങൾക്കുമുമ്പു മരിച്ചുപോയ അമ്മൂമ്മയെ കണ്ടുവെന്നും വിവരം അറിഞ്ഞിട്ട് ഹോസ്പിറ്റൽ റൂമിൽ കാത്തിരുന്നു എന്നും പറഞ്ഞു. മരണത്തിന്റെ വക്കിലെത്തി തിരിച്ചുവന്ന വേറൊരാൾ വളരെ കുട്ടിക്കാലത്ത് മരിച്ചുപോയ സ്വന്തം കുഞ്ഞിനെ കണ്ടുവെന്നും പറഞ്ഞു. ആത്മാവ് അനശ്വരമാകുമ്പോൾ മരണത്തെപ്പറ്റിയുള്ള ഭയം ഇല്ലാതാകുന്നു. വേറെ ചിലർ ഒരു ടണലിന്റെ അറ്റത്ത് കിടക്കുന്ന തായും മറ്റേ അറ്റത്ത് സ്വർണ നിറമോ നീലനിറമോ ഉള്ള വെളിച്ചം കണ്ടിട്ടുള്ളതായും പറയുന്നു. മരണത്തിനുശേഷം ആത്മാവിന് എന്തു സംഭവിക്കുന്നു? അത് വിവരിക്കുക സാദ്ധ്യമല്ല. ഈ അവസ്ഥയെ വേറൊരു മാനമെന്നോ ഉയർന്ന തലത്തിലുള്ള ബോധമെന്നോ വിളിക്കാം. ഭൗതിക ശരീരം നശിച്ചു പോയാലും നാശമില്ലാത്ത അനശ്വരമായ ഒന്നാണ് ആത്മാവ്. അതിന് കാലപരിധിയല്ല. അന്തിമമായി ഒറ്റ ആത്മാവേ ഉള്ളൂ - ഊർജ്ജം. ചിലർ അതിനെ ദൈവം എന്നു വിളിക്കുന്നു. ചിലർ അതിനെ സ്നേഹം എന്നു വിളിക്കുന്നു. പേരെന്തെങ്കിലുമാകട്ടെ പ്രപഞ്ചത്തിലെ ഊർജ്ജവുമായി ലയിച്ചു ചേരുന്നതിന് മുമ്പ് ആത്മാവ് തൊട്ടു മുമ്പ് അവസാനിപ്പിച്ചു പോന്ന ജീവിതത്തെ ഒന്നവലോകനം ചെയ്യുന്നു - കുടതൽ നൻമക്കുവേണ്ടിയുള്ള അടുത്ത യാത്രക്കുള്ള ഒരു പഠനത്തിനുവേണ്ടി. കഴിഞ്ഞ ജീവിതത്തെപ്പറ്റിയുള്ള അവലോകനം കഴിഞ്ഞാൽ ആത്മാവ് ശരീരത്തിൽ നിന്ന് കുറെ കൂടി അകന്നു പോകുന്നു. മനോഹരമായ പ്രകാശം തേടി വേറെ ആത്മാക്കളും മുൻപേ ഗമിക്കുന്നുണ്ടാകാം. അവയെ ഗൈഡ് എന്നു വിളിക്കാം. പരമമായ പ്രകാശത്തിൽ ലയിച്ചു കഴിഞ്ഞാൽ അനിർവചനീയമായ അനുഗ്രഹത്തിന്റേയും സന്തോഷത്തിന്റേയും അനുഭവങ്ങളാണ്. എങ്കിലും ആത്മാവിന് ഇനിയും അറിയേണ്ടതുണ്ട് - ഭൂമിയിലെയും പ്രപഞ്ചത്തിലെയും മറ്റു ഭാഗങ്ങളെപ്പറ്റി. കാലക്രമേണ ആത്മാവ് വേറൊരു ശരീരത്തിലൂടെ തിരിച്ചു വരുവാൻ തീരുമാനിക്കുന്നു. പരമോന്നതമായ സന്തോഷത്തിന്റേയും അനുഗ്രഹത്തിന്റേയും ലയനം എന്ന അവസ്ഥ നഷ്ടപ്പെട്ട് ഭൗതികശരീരത്തിലേക്ക് തിരിച്ചു വരുമ്പോൾ എന്തെന്നില്ലാത്ത ദുഃഖമായിരിക്കും എന്ന് ചിലർ വിശ്വസിക്കുന്നു.

ഈ ഭൂമിയിൽ ഇപ്പോൾ നമ്മൾ വ്യക്തികളാണ്. വ്യക്തികൾ എന്നത് ഭൂമിയുടെ തലത്തിൽ ഒരു മായ മാത്രമാണ്. ഞാനും നിങ്ങളും ഇപ്പോൾ ഇരുന്നു വായിക്കുന്ന കസേര പോലെ സത്യമാണ്. ശാസ്ത്രജ്ഞൻമാരുടെ കണ്ണിൽ എല്ലാം ആറ്റവും, മോളിക്യൂളും ഊർജ്ജവുമാണ്. ആത്മാവിന്റെ ഉയർന്ന തലങ്ങളിൽ എല്ലാ ആത്മാക്കളും (ജീവാത്മാവ്) പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു (പരമാത്മാവ്). ഓരോരുത്തരും വ്യക്തികളാണെന്നത് ഒരു മായയാണ്. ഉയർന്ന തലത്തിൽ എല്ലാം ഒന്നാണ്. ഈ ലോകത്ത് പിണ്ഡമുള്ള ശരീരം (Mass) എല്ലാവർക്കും ഉണ്ട്. അത് പലതരം രോഗങ്ങൾക്ക് വിധേയമാണ്. ഉയർന്ന തലത്തിൽ രോഗം എന്ന അവസ്ഥയില്ല. കുറേക്കൂടി ഉയർന്ന തലത്തിൽ ശുദ്ധബോധം മാത്രമാണുള്ളത്. അതിനുമപ്പുറത്തേക്ക് സമയം എന്ന മാനം ഇല്ലാതാകുന്നു. അപ്പോൾ ഭൂതവും, വർത്തമാനവും, ഭാവിയും ഒരുമിച്ച് സംഭവിക്കുന്നു. ഓരോ ജീവിതവും ഒരു പഠനാനുഭവമാണ്. കഴിഞ്ഞ ജീവിതത്തിൽ നിന്നും ഒരു പാഠം പഠിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ അറിവോടു കൂടിതന്നെ ഈ ജന്മത്തിലെ ജീവിതത്തെ രൂപപ്പെടുത്താൻ നമുക്ക് കഴിഞ്ഞേനെ. കഴിഞ്ഞ ജന്മത്തിലെ പോരായ്മകൾ തീർത്തു തീർത്ത് കേടുപാടുകൾ നീക്കി അനശ്വരതയിലേക്കുള്ള യാത്രയിലെ പഠനങ്ങൾ പുരോഗമിച്ചു കൊണ്ടാണ് ഈ ജന്മത്തിൽ നമ്മൾ നമ്മുടെ മാതാപിതാക്കൻമാരെ തിരഞ്ഞെടുത്തിരിക്കുന്നത്. ക്രൂരമായി പെരുമാറുന്ന മാതാപിതാക്കളെ ആരും മനപൂർവ്വം തിരഞ്ഞെടുക്കാറില്ല. അവർ അങ്ങിനെ പെരുമാറുന്നുണ്ടെങ്കിൽ ഈ ജന്മത്തിൽ സ്നേഹം അനുകമ്പ എന്നത് എന്താണെന്ന് ക്രമേണ അവർ പഠിക്കുകയും ക്രൂരത അവസാനിപ്പിക്കുകയും ചെയ്തേക്കാം. ഈ ജന്മത്തിലെ നമ്മളുടെ സ്വഭാവങ്ങൾക്കും നമ്മൾ എടുക്കുന്ന തീരുമാനങ്ങൾക്കും ആരാണ് ഉത്തരവാദി? മുജ്ജൻമ വാസനകൾ കൊണ്ടു ചെയ്തു എന്നു പറയുമ്പോൾ പഴയ ആത്മാക്കളാണോ, ഗുരുക്കൻമാരാണോ, മാലാഖമാരാണോ ഉത്തരവാദി എന്ന് ആലോചിക്കേണ്ടതാണ്.

**(തുടരും)**

# തൃപ്പദം



പ്രൊഫ. കെ. ബി ഉണ്ണിത്താൻ

കസ്തൂരിതിലകം ചാർത്തി
കർമ്മചന്ദ്രനുദിക്കയായ്
ദ്വാരകാപുരി വാസന്റെ
വാദനം സത്യമായിതോ?

കർമ്മകാണ്ഡങ്ങൾ നീളുന്നു
ജൻമജൻമാന്തരങ്ങളിൽ
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവിച്ചു മഹാത്മജി.

സത്യധർമ്മങ്ങൾ ചാലിച്ച്
ശുദ്ധമാർഗ്ഗം രചിച്ചവൻ
ബദ്ധയാം മാതൃദേവിക്കു
മുക്തിസ്വാതന്ത്ര്യമേകിനാൻ.

അഹിംസാമന്ത്രമൊന്നല്ലോ
അവനം സർവ്വ മോചനം
ഹിംസാപൂരിത പാപത്തി-
ന്നൊറ്റയ്ക്കായൊറ്റമൂലിയായ്.

മതമൊന്നേ മനുഷ്യന്നു
ദൈവമൊന്നേ മനുഷ്യന്നു
ഒന്നേ പ്രപഞ്ചമെന്നോർക്ക
ഒന്നാകാനിട നൽകുക.

നിന്നിലേ സ്വർഗ്ഗരാജ്യത്തിൽ
നീ, രമിക്കുക, സോദരാ,
നിന്നയൽക്കാരനാണീശൻ
നിന്റെ രാജ്യം വരേണമേ.

ഗാന്ധിമാർഗ്ഗം മതാതീത
മതം, മാനവകീർത്തനം
ജീർണ്ണതയ്ക്കെതിരേ പുത്തൻ
ലോകത്തിൻ പാഠ്യപദ്ധതി.

ചാതുർവർണ്യം ത്വയാത്യക്തം
സ്രഷ്ടമദ്വൈതദർശനം
അരുതസ്പൃശ്യതാ പാപം
ഈശാവാസ്യമിദം സർവ്വം.

ശൂദ്രമക്ഷര സംയുക്തം
ദൂരവത് പരിവർജ്യയേൽ
ആർഷദുഃഖദുരാചാര-
മാട്ടിയോടിച്ച സദ്ഗുരു.

നവഭാരത സൃഷ്ടിക്കായ്
യുവഭാരത മന്ത്രണം
തസ്മാദുത്തിഷ്ഠ കർമ്മായ
കരേഗേ യാ മരേംഗേ.

ചമ്പാരൻ യജ്ഞഭൂമിക്കു
കർഷകർ യജമാനരായ്
വീരവിക്രമ സിദ്ധിക്കു
ഹോതാ നേതാ മഹാത്മജി.

ഒരു നുള്ളുപ്പിനാലല്ലോ
രിപു സാമ്രാജ്യനാശനം
ഋഷി നാടിന്റെ രാജർഷി
വിരചിച്ചു, മഹാത്ഭുതം.

സർവ്വോപനിഷദൽസാരം
ബ്രഹ്മസൂത്ര മഹാബലം
ഗീതാകർമ്മസുകൗശലം
ഗാന്ധിരൂപായതേ നമഃ

വനവേടന്റെ കൂരമ്പിൽ
വനമാലി തിരിച്ചുപോയ്;
നവസാരഥി തീയമ്പിൽ
യുഗമംഗള ദീപമായ്!

അവനിയ്ക്കെന്നുമുന്മോദ-
മരുളീയദുനന്ദൻ,
വസുധയ്ക്കഭയം, രാജ-
ഘട്ടിലേ കർമ്മ ചന്ദ്രനും!



(കവിത)

# കുട്ടികൾ അപ്രത്യക്ഷരാവുന്നത്

പറവൂർ ബാബു



കളിച്ചു കുളിച്ച്
കുളിച്ചു കളിച്ച്
കുതിച്ചു പാഞ്ഞ്
അവർ, കുട്ടികൾ
എവടേയ്ക്കാണ് പോയത് ....?

കുട്ടികൾ, ഇന്നവർ
ഒഴിവുകാലം പോലും
നിഷേധിക്കപ്പെട്ടവർ
സമ്മർക്യാമ്പുകളുടെ
ഇരുമ്പു കൂടുകൾക്കുള്ളിൽ
ഒടുങ്ങുകയാണവരുടെ
കളിയും ചിരിയും.

ട്യൂഷനും ഹോംവർക്കും
പാഠപുസ്തകങ്ങളും
പഠനമുറികളിലേയും
അവരവരുടെ തന്നെ
വീടുകളിലേയും
ഭയപ്പെടുത്തുന്ന തുറുകണ്ണുകളും
കണ്ടു മടുത്തവർ
എവിടേയ്ക്കും പോവാം........

ചിലരുടെയെങ്കിലും
നെഞ്ചിലേയ്ക്ക്
തീക്കനലുകൾ വാരിയെറിഞ്ഞ്
കണ്ണുകളെ
കണ്ണുനീർ തടാകങ്ങളാക്കി
അവരെവിടേയ്ക്കാണ് പോയത്....?

സ്നേഹവും സാന്ത്വനവും
സ്വാതന്ത്ര്യവും തേടി
അവരെവിടേയ്ക്കു പോവാം
ഏതു കയത്തിലും മുങ്ങാം.


കുട്ടികൾ അങ്ങനെയാണ്
എളുപ്പത്തിൽ
തെറ്റിദ്ധരിക്കപ്പെടുന്നവർ
ഉള്ളിൽ കള്ളമില്ലാത്തവർ.

കുറ്റപ്പെടുത്തരുത്,
നമ്മളാണല്ലോ
സ്വാതന്ത്ര്യം തന്നെയമൃതമെന്ന്
പഠിപ്പിക്കുവാനവരെ
ബന്ധനസ്ഥരാക്കിയിരുത്തുന്നതും
സ്വപ്നങ്ങളിലേക്കു തുറക്കുന്ന
അവരുടെ ജാലകങ്ങൾ
എന്നന്നേക്കുമായി കൊട്ടിയടച്ചതും.

കൊടും മഞ്ഞിന്റെ
തണുപ്പാർന്ന ജലത്തിന്റെ
പടവുകളിറങ്ങിപ്പോയവർ
എത്രവേഗമാണ്
ഓർമ്മകളുടെ ആകാശത്ത്
പുഞ്ചിരിക്കുന്ന നക്ഷത്രങ്ങളായ്
പ്രത്യക്ഷപ്പെടുന്നത്...........!



# ഭാരതീയ പൈതൃക സന്ദേശം



ഡോ. എൻ ഗോപിനാഥൻ നായർ

(തുടർച്ച)

**സാമവേദം :**

മൂന്നാമത്തെ വേദമാണിത്. ഇതിൽ 1875 സൂക്തങ്ങളുണ്ട്. 'സ' + 'അമ' എന്ന മൂന്ന് അക്ഷരങ്ങളിൽ നിന്നാണ് സാമ എന്ന വാക്കുണ്ടായത്. 'സ' എന്നത് ഋക്കുകളേയും 'അമ' എന്നത് ഋക്കുകൾ പാടുന്നതിനുള്ള സ്വരങ്ങളേയും സൂചിപ്പിക്കുന്നു.

ഭാരതീയ സംഗീത ശാസ്ത്രത്തിലെ സപ്തസ്വരങ്ങളുടെ (സരിഗമപധനി) തുടക്കം സാമവേദത്തിലെ ഉപവേദമായ ഗാന്ധർവ്വവേദത്തിലുള്ളതാണ്. സാമവേദത്തിലെ മന്ത്രങ്ങൾ പ്രധാനമായും കാമ്യകർമ്മങ്ങൾക്കും ഷോഡശക്രിയകൾക്കും ഉപയോഗിക്കുന്നു.

**അഥർവവേദം :**

നാലാമത്തെ വേദമായ അഥർവവേദത്തിന് അഥർവണം, ബ്രഹ്മവേദം, അഥർവാംഗിരസ്സ് എന്നീ പേരുകളും ഉണ്ട്. 'അഥർവൻ' എന്ന ഋഷിയാണ് ഈ വേദത്തിന്റെ കർത്താവ് എന്ന് വിശ്വസിക്കുന്നു. 6077 സൂക്തങ്ങളുള്ള ഈ വേദത്തിന്റെ രചനാകാലം എന്നാണെന്ന് വ്യക്തമല്ല. സാമവേദ സൃഷ്ടിക്ക് ശേഷമാണെന്ന് പറയാം. തികച്ചും ലൗകികമാണ് ഇതിലെ മന്ത്രങ്ങൾ. ആയുർവേദത്തിലെ ശസ്ത്രക്രിയ വിഭാഗം അഥർവവേദവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ നാലുവേദങ്ങളിലായി മൊത്തം 20479 സൂക്തങ്ങളാണ് ഉള്ളത്.

**ബ്രാഹ്മണങ്ങൾ :**

വേദസൂക്തങ്ങൾ വ്യാഖ്യാനിക്കുകയും വൈദികക്രിയകൾ വിവരിക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങളാണ് ബ്രാഹ്മണങ്ങൾ. ബ്രഹ്മത്തെ (വേദത്തെ) സംബന്ധപ്പെട്ടത് എന്ന അർത്ഥത്തിൽ ബ്രാഹ്മണം എന്ന പേർ ലഭിച്ചു. നാലു വേദങ്ങൾക്കും പ്രത്യേകം ബ്രാഹ്മണങ്ങൾ ഉണ്ട്.

**ആരണ്യകങ്ങൾ :**

ആരണ്യകങ്ങൾ ബ്രാഹ്മണങ്ങളെപ്പോലെ ചതുർവേദങ്ങളുമായി ബന്ധപ്പെട്ട വൈദിക സാഹിത്യശാഖയാണ്. ആരണ്യത്തിൽ (വനം) വച്ച് നടത്തിയിരുന്ന ഉപദേശങ്ങളായിരുന്നതിനാൽ ആരണ്യകങ്ങൾ എന്ന് അറിയപ്പെടുന്നു. വാനപ്രസ്ഥാശ്രമികളുടെ അനുഷ്ഠാനങ്ങളുടെ വിവരണങ്ങളാണ് ആരണ്യകത്തിലുള്ളത്.

**ഉപനിഷത്തുക്കൾ :**

ഉപനിഷത്തുക്കൾ രചിച്ചിട്ടുള്ളത് ആരൊക്കെയാണ്, ഏതു കാലഘട്ടത്തിലാണ് എന്നതിന് നിലവിലുള്ള അറിവുകളൊന്നും സഹായകരമല്ല. ഇതു സംബന്ധമായി ചരിത്രകാരൻമാരുടെ ഇടയിൽ അഭിപ്രായ ഐക്യമില്ലെന്നുള്ളതാണ് വസ്തുത. ചിലരുടെ അഭിപ്രായത്തിൽ ബി.സി. 4500 മുതൽ 600 വരെയുള്ള കാലഘട്ടത്തിലായിരിക്കാമെന്നാണ് ഊഹിക്കുന്നത്. ഉപനിഷത്തുക്കളിലെ പ്രാമാണ്യം നിലനിൽക്കുന്നത് അവയിലെ അത്ഭുതകരങ്ങളും സമുജ്ജ്വലങ്ങളും പ്രകാശമാനങ്ങളുമായ വാകൃങ്ങളിലാണ് അനാദിയും അനന്തവുമായ ജ്ഞാനമാണ് ഉപനിഷത്തുക്കളിലെ പ്രതിപാദ്യ വിഷയം. ഉപനിഷത് എന്ന വാക്കിന്റെ അർത്ഥം ഗുരുവിന്റെ അടുത്തിരുന്ന് പഠിച്ച് അജ്ഞാനത്തെ നീക്കി ജ്ഞാനം നേടുകയെന്നതാണ്. പ്രാചീനങ്ങളായ 110 ഉപനിഷത്തുകളെപ്പറ്റി അറിവുണ്ടെങ്കിലും അവയിൽ പ്രധാനപ്പെട്ട 10 ഉപനിഷത്തുകൾക്കാണ് ശ്രീശങ്കരൻ അമൂല്യങ്ങളായ ഭാഷ്യങ്ങൾ എഴുതി അനശ്വരമാക്കി തീർത്തിട്ടുള്ളത്. 'ദശോപനിഷത്തുകൾ' എന്നാണ് അവ പൊതുവെ അറിയപ്പെടുന്നത്.

1) ഈശാവാസ്യം
2) കേനം
3) കഠം
4) പ്രശ്നം

5) മുണ്ഡകം
6) മാണ്ഡൂക്യം
7) തൈത്തിരീയം
8) ഐതരേയം
9) ഛാന്ദോഗ്യം
10) ബൃഹദാരണ്യകം

ഉപനിഷത്തുക്കളിലെ നാല് മഹാവാക്യങ്ങൾ ഇപ്രകാരമാണ്.

**1) തത്ത്വമസി :**

സാമവേദത്തിലെ ഛാന്ദോഗ്യോപനിഷത്തിലാണ് ഈ ഉപദേശവാക്യം അടങ്ങിയിരിക്കുന്നത്. ഉദ്ദാലക മഹർഷി തന്റെ മകനായ ശ്വേതകേതുവിന് നൽകുന്ന ഉപദേശമാണിത്.

**2) അയമാത്മാ ബ്രഹ്മ :**

അഥർവവേദത്തിലെ മാണ്ഡൂക്യോപനിഷത്തിലെ അനുസന്ധാന വാക്യമാണ് 'അയമാത്മാ ബ്രഹ്മ'. ഞാൻ ആരെന്ന ചോദ്യത്തിന് ഉത്തരം കണ്ടുപിടിക്കുവാൻ സഹായിക്കുന്നതാണ് ഈ മഹാവാക്യം.

**3) പ്രജ്ഞാനം ബ്രഹ്മ :**

ഈ മഹാവാക്യം ഋഗ്വേദത്തിലെ ഐതരേയോപനിഷത്തിലുള്ളതാണ്. ആത്മസാക്ഷാത്കാരം നേടാൻ നമ്മുടെ മനസ്സിനെ ആവരണം ചെയ്തിരിക്കുന്ന അജ്ഞാനത്തെ അകറ്റി ജ്ഞാനമാർഗ്ഗത്തിൽ ചരിക്കുകയെന്നതാണ്.

**4) അഹം ബ്രഹ്മാസ്മി :**

ഞാൻ ബ്രഹ്മം തന്നെയാകുന്നു. യജുർവേദത്തിലെ ബൃഹദാരണ്യകോപനിഷത്തിലാണ് ഈ അനുഭവവാക്യം കാണുന്നത്.

**ഉപനിഷത്തുക്കളിലെ സന്ദേശം**

ഞാനാരാണ്? എവിടെനിന്നും വന്നു? എന്തിനു വന്നു? എങ്ങോട്ട് പോകുന്നു? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടുപിടിക്കാനാണ് നമ്മുടെ ഋഷീശ്വരൻമാർ ശ്രമിച്ചത്. ഈ വക ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് ഓരോ ഉപനിഷത്തുക്കളും നമുക്ക് തരുന്നത്.

ശാശ്വതമായ ശാന്തിയും സമാധാനവും കണ്ടെത്താൻ, എന്നും മനുഷ്യനെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന മരണത്തെ അതിജീവിക്കാൻ, അന്വേഷണം ബാഹ്യ പ്രപഞ്ചത്തിൽ നിന്നും അന്തരാത്മാവിലേക്ക് തിരിച്ചുവിടണമെന്നുള്ള ബോധം ഋഷീശ്വരൻമാർക്കുണ്ടായി. വളരെക്കാലത്തെ ആത്മനിയന്ത്രണത്തിന്റെയും ആധ്യാത്മിക സാധനകളുടേയും ഫലമായി ഉപനിഷദ് ആചാര്യൻമാർക്ക് ജീവിത രഹസ്യങ്ങളുടെ അഗാധതയിലേക്ക് ഇറങ്ങിച്ചെല്ലാൻ സാധിച്ചു. അങ്ങനെ കണ്ടെത്തിയ, മനുഷ്യബുദ്ധിക്ക് ബോധ്യപ്പെട്ട പ്രപഞ്ചരഹസ്യങ്ങളാണ് ഉപനിഷത്തുകളിൽ പ്രതിപാദിച്ചിട്ടുള്ളത്.

പിൽക്കാലത്ത്, ശാസ്ത്ര പുരോഗതിയുടെ അടിസ്ഥാനത്തിൽ, പല മതവിശ്വാസങ്ങളും സിദ്ധാന്തങ്ങളും ചോദ്യം ചെയ്യപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്തപ്പോഴും ഉപനിഷദ് ദർശനങ്ങളുടെ പ്രസക്തിക്ക് യാതൊരു കോട്ടവും തട്ടിയിട്ടില്ല. മാത്രമല്ല അവ കുടുതൽ ഉജ്ജ്വലങ്ങളായി പ്രകാശിക്കുകയും ചെയ്തു. അവയെല്ലാം ഇന്നും സജീവമായി, തത്ത്വദർശനങ്ങളായി നിലനിൽക്കുന്നു. പരബ്രഹ്മമെന്ന ഏകത്വത്തിൽ നിലയുറപ്പിച്ച് ഭാരതത്തിന്റെ ഏകദൈവ വിശ്വാസത്തിലേക്ക് നയിച്ചത് ഉപനിഷദ് ദർശനങ്ങളാണ്. "നാനാത്വത്തിൽ ഏകത്വം" എന്നതാണ് ഉപനിഷത്തുകളുടെ മുദ്രാവക്യം.

ആത്മവിശ്വാസം, കരുത്ത്, നിർഭയത ഈ മൂന്ന് കാര്യങ്ങളും ഉപനിഷത്തുകളുടെ 'മുഖമുദ്ര' യായി കാണാം. ഇവ മൂന്നുമാണ് സ്വാമി വിവേകാനന്ദൻ തന്റെ പ്രഭാഷണങ്ങളിലും സന്ദേശങ്ങളിലും മുഖ്യവിഷയമായി ഉയർത്തിക്കാട്ടിയത്. ഭാരതത്തിൽ, മതജീവിതത്തിൽ മഹത്തായ, സമഗ്രമായ മാറ്റമാണ് ഈ ഉപനിഷത്തുക്കൾ സൃഷ്ടിച്ചത്.

അദ്വൈത ദർശനമാണ് ഉപനിഷത്തുക്കളുടെ ജീവൻ. അതുതന്നെയാണ് സന്ദേശവും. ഭഗവദ്ഗീതയിലെ മഹത്തായ തത്ത്വങ്ങളും സന്ദേശങ്ങളും ഉപനിഷത്തുക്കളെ അടിസ്ഥാന മാക്കിയുള്ളതാണ്.

പ്രധാനപ്പെട്ട 10 ഉപനിഷത്തുക്കൾ പ്രതിപാദിക്കുന്നത് എന്താണെന്ന് നോക്കാം.

**1) ഈശാവാസ്യോപനിഷത്ത് :**

യജുർവേദ സംഹിതയിലെ 16 മന്ത്രങ്ങൾ ഉൾപ്പെട്ട ഒരു ചെറിയ ഉപനിഷത്താണ്.

"ഈശാവാസ്യമിദം സർവ്വം" എന്നു

തുടങ്ങുന്ന ആദ്യ മന്ത്രത്തിൽ നിന്നാണ് ഈ പേര് ലഭിച്ചത്. ഈ പ്രപഞ്ചം മുഴുവൻ ഈശ്വരനാൽ നിറഞ്ഞിരിക്കുന്നു. അത് മാത്രമാണ് സത്യം. ബാക്കിയൊക്കെ മിഥ്യയാണ്. ഹിന്ദുമതത്തിന്റെ പരമ സത്തയായിട്ടാണ് മഹാത്മാഗാന്ധി ഉൾപ്പെടെ പല മഹാത്മാക്കളും ഈ മന്ത്രത്തെ കരുതുന്നത്.

ചെറുതെങ്കിലും പൂർണ്ണമായ ഒരു ഉപനിഷത്താണ്. അതിനാൽ ജീവിതത്തിൽ ഏതു തലത്തിൽ പ്രവർത്തിക്കുന്നവർക്കും വേണ്ട ഉപദേശം നൽകുന്നു.

**2) കേനോപനിഷത്ത്**

സാമവേദവുമായി ബന്ധപ്പെട്ട ഉപനിഷത്തിലെ രണ്ടാമത്തെ മന്ത്രമാണിത്.

"കേനേഷിതം പതതി പ്രേഷിതം മനഃ"

ബ്രഹ്മജ്ഞാനം നേടി മായാമോഹങ്ങളെ തരണം ചെയ്ത് ജനന മരണ കാരണമായ സംസാര സാഗരത്തിൽ നിന്നും മോചനം പ്രാപിക്കാൻ ആചാര്യൻ ശിഷ്യനെ ഉപദേശിക്കുന്നു. സദാചാരമുല്യങ്ങൾക്ക് പ്രാധാന്യം കൊടുത്ത് ഇന്ദ്രിയനിഗ്രഹം, മനഃസംയമം, നിഷ്കാമകർമ്മങ്ങൾ, ശാസ്ത്രപഠനം, സത്യനിഷ്ഠ മുതലായവ അനുഷ്ഠിച്ച് ആത്മസാക്ഷാത്കാരം നേടുകയെന്നതാണ് കേനോപനിഷത്തിലെ വിഷയം.

**3) കഠോപനിഷത്ത്**

അത്യന്തം ലളിതവും കാവ്യാത്മകവും സർവഥാ പ്രാധാന്യമർഹിക്കുന്നതുമായ കഠോപനിഷത്ത് യജുർവേദത്തിലുള്ളതാണ്. പുരാണ പ്രസിദ്ധമായ **'നചികേതസ്സിന്റെ'** കഥ ഈ ഉപനിഷത്തിലാണ് വിവരിച്ചിരിക്കുന്നത്.

പിതാവായ ഗൗതമൻ സ്വപുത്രനായ നചികേതസ്സിനെ യമധർമ്മന് (കാലൻ) ദാനം ചെയ്തു. യമപുരിയിലെത്തിയ നചികേതസ് മൂന്നു വരങ്ങൾ വാങ്ങി അവിടെ നിന്നും തിരിച്ചുവരുന്നു. ഒരു മഹത്തായ സന്ദേശമാണ് ഈ കഥകൊണ്ട് ഉദ്ദേശിക്കുന്നത്. മരണാനന്തരം മനുഷ്യന് എന്തു സംഭവിക്കുന്നു എന്നത് അവനെ എന്നും അലട്ടുന്ന പ്രശ്നമാണ്. കഠോപനിഷത്ത് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സഹായിക്കുന്നു. യമധർമ്മരാജൻ നൽകിയ ഉപദേശങ്ങൾ പ്രായോഗികവും ഫലപ്രദവുമാണെന്ന് നചികേതസ്സ് തന്നെ തെളിയിക്കുന്നു.

**"ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യവരാൻ നിബോധത"** എന്ന സുപ്രസിദ്ധമായ ആഹ്വാനം കഠോപനിഷത്തിലുള്ളതാണ്. ഈ ഉപനിഷത്തിലെ ചില മന്ത്രങ്ങൾ 'ഭഗവദ്ഗീതയിൽ' ഉദ്ധരിച്ചതായി കാണാം.

**4) പ്രശ്നോപനിഷത്ത് ഃ**

അഥർവ വേദവുമായി ബന്ധപ്പെട്ട ഈ ഉപനിഷത്തിന് ദശോപനിഷത്തുകളിൽ അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്.

ആചാര്യനായ പിപ്പലാദ മുനിയോട് ആറ് ശിഷ്യൻമാർ ഓരോ ചോദ്യം ചോദിക്കുന്നതും ഗുരു അവയ്ക്ക് ഉത്തരമായി വേദാന്തങ്ങൾ വിവരിക്കുന്നതുമാണ് വിഷയം.

എവിടെ നിന്നാണ് ഈ ജീവികൾ ഉണ്ടാകുന്നത്? ഏതെല്ലാം ശക്തികളാണ് സ്ഥൂല ശരീരത്തെ നിലനിർത്തുന്നത്? അവയിൽ ഏതാണ് പ്രധാനം? ഈ പ്രാണൻ എവിടെ നിന്നാണ് ഉണ്ടാകുന്നത്? എങ്ങിനെയാണ് ഈ ശരീരത്തിൽ പ്രവേശിക്കുന്നത്? നിലനിൽക്കുന്ന പ്രാണൻ എങ്ങനെയാണ് ശരീരത്തിൽ നിന്നും പുറത്ത് പോകുന്നത്? ശരീരം ഉറങ്ങുമ്പോൾ മനസ്സിലെ ഏതേതു ഭാവങ്ങൾ ഉറങ്ങുന്നു? ഏതേത് ഉണർന്നിരിക്കുന്നു? ഓംകാര ഉപാസനയെപ്പറ്റിയും ചോദിക്കുന്നുണ്ട്.

പിപ്പലാദ മുനിയുടെ മറുപടിയിൽ അക്ഷര പുരുഷന്റെ തത്വങ്ങളെ വിവരിച്ചുകൊണ്ട് പഞ്ചേന്ദ്രിയങ്ങൾ, പഞ്ചഭൂതങ്ങൾ, മനസ്സ് മുതലായ പ്രപഞ്ച ഘടകങ്ങളെക്കുറിച്ചും പരാമർശിക്കുന്നുണ്ട്.

**5) മുണ്ഡകോപനിഷത്ത്**

ഗുരുശിഷ്യ സംവാദ രൂപത്തിലാണ് ഈ ഉപനിഷത്ത് എഴുതപ്പെട്ടിരിക്കുന്നത്. മുണ്ഡകം എന്നാൽ തലമുടി കളയുക എന്നും മുണ്ഡകൻ എന്നാൽ തല മുണ്ഡനം ചെയ്തവൻ എന്നും അർത്ഥം പറയാവുന്നതാണ്. നല്ല മൂർച്ചയുള്ള കത്തി എളുപ്പത്തിൽ മുടി കളയുന്നതു പോലെ ഉപനിഷത്തിലെ ഉപദേശങ്ങൾ അജ്ഞാനത്തേയും മോഹങ്ങളേയും എളുപ്പത്തിൽ നശിപ്പിക്കുന്നതിനാലാണ് മുണ്ഡകോപനിഷത്ത് എന്ന പേര് ലഭിച്ചത്. മറ്റൊരർത്ഥം ബ്രഹ്മവിദ്യയും ആത്മജ്ഞാനവും നേടണമെന്ന് ആഗ്രഹിക്കുന്ന

വർ തല മുണ്ഡനം ചെയ്ത് ജീവിതം അതിനായി ഉഴിഞ്ഞുവയ്ക്കുവാൻ സന്നദ്ധരാവണമെന്നുള്ളതാണ്. 'എന്തിനെ അറിഞ്ഞാലാണ് എല്ലാം അറിഞ്ഞതായി അനുഭവപ്പെടുന്നത്' എന്ന് ശൗനകൻ ഋഷിവര്യനായ അംഗിരസിനോട് ചോദിക്കുന്നു. അതിന് മഹർഷി നൽകുന്ന ഉത്തരമാണ് ഈ ഉപനിഷത്തിലെ പ്രതിപാദ്യ വിഷയം.

ഭാരതത്തിലെ ആചാര്യൻമാർ ജ്ഞാനത്തെയോ ലൗകിക സുഖാനുഭവങ്ങളേയോ പൂർണ്ണമായി നിഷേധിച്ചിരുന്നില്ല. അതിനാലാണ് പൗരാണിക ഭാരതത്തിൽ ഭൗതീകതയും ആത്മീയതയും ഒരുമിച്ച് അഭിവൃദ്ധി പ്രാപിച്ചിരുന്നത്.

ബ്രഹ്മജ്ഞാനം നേടാൻ, അനശ്വരവും അമൃതവുമായ മോക്ഷപ്രാപ്തി ലഭിക്കാൻ സാധകൻ എന്തൊക്കെ അനുഷ്ഠാനങ്ങളാണ് നടത്തേണ്ടത് എന്ന് ഈ ഉപനിഷത്ത് വെളിപ്പെടുത്തുന്നു.

ജീവാത്മാവും പരമാത്മാവും രണ്ടല്ല. ഒന്നുതന്നെയാണ്. ആദ്യത്തേത് രണ്ടാമത്തേതിന്റെ അംശമാണ്. അജ്ഞാനം നിമിത്തമാണ് ഇത് രണ്ടായി തോന്നുന്നത്. ജ്ഞാനസമ്പാദനത്തിന് മനഃശുദ്ധിയാണ് ആവശ്യം. ബുദ്ധികൊണ്ടോ യുക്തികൊണ്ടോ മാത്രം ജ്ഞാനം നേടാനാവുകയില്ല. മുണ്ഡകോപനിഷത്തിനെ ആശ്രയിച്ചാൽ സാധകന് സ്വജീവിതം ഉദാത്തവും ഉത്കൃഷ്ടവുമാക്കിത്തീർക്കാൻ സാധിക്കുന്നതാണ്.

### 6) മാണ്ഡൂക്യോപനിഷത്ത്

ഉപനിഷത്തുക്കളിൽ ഏറ്റവും ചെറുതും എന്നാൽ ഏറ്റവും പ്രധാന്യമർഹിക്കുന്നതുമാണ്. ഈ ഉപനിഷത്തിന്റെ ഉപജ്ഞാതാവ് 'മണ്ഡൂക'നെന്ന മഹർഷിയാണെന്ന് വിശ്വസിക്കുന്നു.

''അയം ആത്മാ ബ്രഹ്മ'' എന്ന മഹാവാക്യവും ''സർവ്വം ഖല്വിദം ബ്രഹ്മ'' (ഇതെല്ലാം ബ്രഹ്മം തന്നെയാകുന്നു) എന്ന തത്ത്വവും ഈ ഉപനിഷത്തിൽ യുക്തിപൂർവ്വം സ്ഥാപിച്ചിരിക്കുന്നു.

പാശ്ചാത്യർ ഗവേഷണങ്ങൾ നടത്തിയത് ജാഗ്രതാവസ്ഥയിലുള്ള അനുഭവങ്ങളെ മുൻനിർത്തിയാണ്. എന്നാൽ നമ്മുടെ ഋഷിവര്യൻമാർ കണ്ടത് ജാഗ്രതാവസ്ഥ അനുഭൂതിയുടെ ഒരു ഭാഗമായിട്ടാണ്. അതുകൊണ്ട് ജാഗ്രത, സ്വപ്നം, സുഷുപ്തി എന്നീ മൂന്ന് അവസ്ഥകളെ വ്യത്യസ്തമാക്കി കണ്ട് അതിനെ ആസ്പദമാക്കി വേണം നിരീക്ഷണ ഗവേഷണങ്ങൾ നടത്താൻ. ഈ ഗവേഷണ രീതിയുടെ ഉത്തമോദാഹരണമാണ് മാണ്ഡൂക്യോപനിഷത്ത്.

### 7) തൈത്തിരീയോപനിഷത്ത്

പല തരത്തിലുള്ള ഉപാസനകളെപ്പറ്റിയും ബ്രഹ്മജ്ഞാനം നേടാനുള്ള ബ്രഹ്മവിദ്യയെക്കുറിച്ചുമാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ളത്.

ഭൃഗു സ്വപിതാവായ വരുണന്റെ അടുക്കൽ ബ്രഹ്മത്തെക്കുറിച്ച് അറിയാൻ ആഗ്രഹം പ്രകടിപ്പിക്കുന്നു. പിതാവിന്റെ നിർദ്ദേശമനുസരിച്ച് ഭൃഗു വളരെക്കാലം തപസ്സ് ചെയ്യുന്നു. അവസാനം ആനന്ദമാണ് ബ്രഹ്മമെന്ന് പരമമായ അറിവ് ലഭിക്കുന്നു. ദുഷ്കർമ്മങ്ങൾ ചെയ്ത് ജീവിതം നശിപ്പിച്ചിരുന്ന ത്രിശങ്കു രാജാവ് അവസാനം ആത്മസാക്ഷാത്കാരം മൂലം മഹത്വം നേടുന്ന കഥ ഈ ഉപനിഷത്തിൽ പരാമർശിക്കുന്നു.

### 8) ഐതരേയോപനിഷത്ത്

ഋഗ്വേദവുമായി ബന്ധമുള്ള ഈ ഉപനിഷത്തിന്റെ കർത്താവ് 'മഹീദാസ ഐതരേയൻ' ആണെന്ന് അനുമാനിക്കുന്നു.

ഉപനിഷത്തിലെ വിഷയം, അവിദ്യയെ നശിപ്പിച്ച് ആനന്ദമയമായ ബ്രഹ്മത്തെ പ്രാപിക്കാൻ, സക്ഷാത്കരിക്കാൻ, സഹായിക്കുന്ന തത്ത്വജ്ഞാനങ്ങളാണ്. സംസാരിയായ, ജീവന്റെ, മനുഷ്യശരീരം സ്വീകരിച്ചുകൊണ്ടുള്ള പുനർജന്മങ്ങളെപ്പറ്റി പറയുന്നു. ജീവൻ അനേകം ജന്മങ്ങളിലൂടെ ജ്ഞാനം നേടി സംസാരത്തിൽ നിന്നും മോചനം ലഭിച്ച് മോക്ഷം പ്രാപിക്കുന്നതിനെ ''വാമദേവ ഋഷിയുടെ'' ഉദാഹരണം മൂലം വ്യക്തമാക്കുന്നുണ്ട്.

''പ്രജ്ഞാനം ബ്രഹ്മ'' (പ്രകൃഷ്ടമായ അറിവുകൊണ്ടു നേടുന്ന ബ്രഹ്മജ്ഞാനം) എന്ന മഹാവാക്യം ഐതരേയോപനിഷത്തിൽ ഉള്ളതാണ്.

### 9) ഛാന്ദോഗ്യോപനിഷത്ത്

'ഛാന്ദോകൻ' എന്നാൽ സാമഗായകൻ എന്ന അർത്ഥമാണുള്ളത്. അതിനാൽ ഉപനിഷത്തിന് സാമവേദവുമായുള്ള ബന്ധം വ്യക്തമാണ്.

വളരെ പ്രാചീനമായ ഈ ഉപനിഷത്തിൽ വ്യക്തിജീവിതത്തിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. അതിനായുള്ള സദാചാര നിയമങ്ങളെപ്പറ്റി പല സന്ദർഭങ്ങളിലും പരാമർശിച്ചിരി

ക്കുന്നു. ഓംകാരം എന്ന പ്രണവോപാസനയുടെ മാഹാത്മ്യം പ്രകീർത്തിക്കുന്നുണ്ട്. സൂര്യനെ പ്രതീകമാക്കിക്കൊണ്ട് പല രീതിയിലുള്ള ബ്രഹ്മോപാസനകളും ഇതിൽ കാണാം. രസകരമായ പല കഥകളും ഈ ഉപനിഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഛാന്ദോഗ്യോപനിഷത്തിന്റെ ജീവനായ ആറാമദ്ധ്യായത്തിൽ പിതാവായ ആരുണി പുത്രനായ ശ്വേതകേതുവിന് നൽകുന്ന ഉപദേശമാണ് 'തത്ത്വമസി' എന്ന മഹാവാക്യം.

തത് (അത്) ത്വം (നീ) അസി (ആകുന്നു) അത് നീയാകുന്നു എന്നാണ് വാക്കിന്റെ അർത്ഥം. ബ്രഹ്മവും ജീവാത്മാവും ഒന്നാണെന്നുള്ള ഐക്യബോധം സൃഷ്ടിക്കുകയാണ് ഈ മഹാവാക്യം കൊണ്ട് ഉദ്ദേശിക്കുന്നത്.

മറ്റോരധ്യായത്തിൽ സനത്കുമാരൻ നാരദനെ ഉപദേശിക്കുന്നത് ശബ്ദജ്ഞാനമല്ല സത്യജ്ഞാനമാണ് ശോകത്തിനുള്ള പരിഹാരമാർഗം എന്നാണ്. ചുരുക്കത്തിൽ ആത്മജ്ഞാനം നേടാനുള്ള മാർഗങ്ങളേയും ഉപാസനകളേയും പറ്റി വിവരിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണ് ഛാന്ദോഗ്യോപനിഷത്ത്.

## 10) ബ്രഹദാരണ്യകോപനിഷത്ത്

പഴമകൊണ്ടും വലുപ്പം (ബൃഹത്) കൊണ്ടും മാത്രമല്ല വിഷയത്തിന്റെ ഗൗരവം കൊണ്ടും ആഖ്യാനരീതികൊണ്ടും ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒരു ഉപനിഷത്താണ് ബൃഹദാരണ്യകോപനിഷത്ത്.

മഹനീയങ്ങളായ അനേകം ഉജ്ജ്വല വാക്യങ്ങളുടെ ഒരു ഖനിയാണ് ഈ ഉപനിഷത്ത്. **'അഹം ബ്രഹ്മാസ്മി'** എന്ന മഹാവാക്യവും **'അസതോ മാ സദ്ഗമയ'** എന്ന് തുടങ്ങുന്ന പ്രാർത്ഥനയും ഈ ഉപനിഷത്തിലുള്ളതാണ്. വൈദിക സാഹിത്യത്തിലെ അനശ്വര ജ്യോതിസ്സായ യാജ്ഞവാൽക്യൻ തന്റെ സഹധർമ്മിണിയായ മൈത്രേയിക്ക് ആത്മജ്ഞാനത്തെ ഉപദേശിക്കുന്നു. ആത്മാവിനെ അറിഞ്ഞാൽ എല്ലാം അറിഞ്ഞതായിത്തീരുന്നു എന്ന വേദാന്ത സന്ദേശമാണ് ഇവിടെ പ്രകടമാകുന്നത്.

ജനക മഹാരാജാവ് നടത്തുന്ന യാഗവേദിയിൽ ഏറ്റവും വലിയ ബ്രഹ്മിഷ്ടനായ യാജ്ഞവാൽക്യൻ, താൻ അർഹിക്കുന്ന 1000 പശുക്കളെ ദാനമായി നേടുന്ന സന്ദർഭം ഇതിൽ വിവരിച്ചിട്ടുണ്ട്.

പുനർജന്മത്തെക്കുറിച്ച് വിശദമായി ഇതിൽ പ്രതിപാദിക്കുന്നു. മരണസമയത്ത് ഇന്ദ്രിയങ്ങളും മനസ്സും കർമവാസനകളും സംസ്കാരവും എല്ലാം ചേർന്ന് രൂപപ്പെടുന്ന സൂഷ്മശരീരം, സ്ഥൂലശരീരം വിട്ടുപോകുന്നു. പിന്നീട് സഞ്ചിതകർമ്മങ്ങൾക്കനുസൃതമായി മറ്റൊരു ശരീരം സ്വീകരിച്ച് സംസാരത്തിലേക്ക് (ജീവിതം) മടങ്ങിവരുന്നു. എന്നാൽ ജിവൻ മുക്തനായിത്തീരുന്ന (മോക്ഷം പ്രാപിച്ചവൻ) ഒരുവന് പുനർജന്മം ഉണ്ടാകുന്നില്ല. അഹങ്കാരം മൂലം ആരാണ് ശ്രേഷ്ഠൻ എന്ന കാര്യത്തിൽ ഇന്ദ്രീയങ്ങൾ തമ്മിൽ കലഹിക്കുന്നതും അതിന് ഉത്തരം കണ്ടെത്തുന്നതുമായ ഒരു കഥ ഈ ഉപനിഷത്തിൽ പറയുന്നുണ്ട്.

കർമ്മത്തിലാസക്തമായ മനസ്സിനെ ഉന്നതമായ ഭാവനകളെക്കൊണ്ട് ജ്ഞാനത്തിന്റെ അത്യുച്ച തലങ്ങളിലേക്ക് ഉയർത്തുന്നതുകൊണ്ട് തന്നെയാണ് അത്യുന്നതമായ സ്ഥാനം ബൃഹദാരണ്യത്തിന് ലഭിച്ചിട്ടുള്ളത്. ഭാരതീയ സംസ്കാരത്തിന്റെ ഉറവകളായ ഉപനിഷത്തുകളെ അടുത്തറിയേണ്ടത് ഓരോ ഭാരതീയന്റെയും കടമയാണ്. ഈ കർത്തവ്യം നിറവേറ്റാത്തതിന്റെ ഫലങ്ങളാണ് ഇന്ന് നാം കാണുന്ന എല്ലാ വിപത്തുകൾക്കും അടിസ്ഥാന കാരണം.

**വേദാംഗങ്ങൾ ഃ**

വേദങ്ങളുടെ അംഗങ്ങളാണ് വേദാംഗങ്ങൾ.

വേദങ്ങളോടും വൈദികക്രിയകളോടും ബന്ധപ്പെട്ട ഇവയെ 6 ഭാഗങ്ങളായി വിവരിക്കുന്നു.

**1) ശിക്ഷ ഃ-** വേദങ്ങൾ ചൊല്ലേണ്ട ഉച്ചാരണ രീതിയാണ് ഇതിലെ വിഷയം.

**2) കൽപ്പം ഃ-** വൈദികക്രിയകൾ നടത്തുന്നതിന്റെ ആചാരക്രമങ്ങളെപ്പറ്റിയാണ് ഇതിൽ പ്രതിപാദിപ്പിക്കുന്നത്.

**3) വ്യാകരണംഃ-** വേദങ്ങൾ വായിക്കാനും ഗ്രഹിക്കാനും ഉപകരിക്കുന്ന ഭാഷാശാസ്ത്രം

**4) നിരുക്തം ഃ-** വേദാർഥ ചിന്തനമാണ് വിഷയം.

**5) ഛന്ദസ്സ് ഃ-** വൈദിക സൂക്തങ്ങൾ ആലപിക്കേണ്ടത് എങ്ങനെയെന്ന് ഇതിൽ വിവരിക്കുന്നു.

**6) ജ്യോതിഷം ഃ-** മുഹുർത്തം, ഗ്രഹനില, പ്രശ്നം,

നിമിത്തം ജാതകം മുതലായവയെപ്പറ്റി വിവരിക്കുന്നു.

**ഉപവേദങ്ങൾ**

ചതുർവേദങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രങ്ങളാണ് നാല് ഉപവേദങ്ങൾ. അവ ആയൂർവേദം, ധനുർവേദം, ഗാന്ധർവ്വവേദം, സ്ഥാപത്യവേദം (തച്ചുശാസ്ത്രം) എന്നീ പേരുകളിൽ അറിയപ്പെടുന്നു.

## 1) ആയൂർവ്വേദം (ഋഗ്വേദം)

ആയുസ്സിനെ സംബന്ധിക്കുന്ന വേദം (അറിവ്) എന്നാണർത്ഥം. ഭാരതീയ ചികിത്സാ ശാസ്ത്രമാണ് ആയൂർവ്വേദം. ഇതിന്റെ ഉപജ്ഞാതാവ് ആരാണെന്ന കാര്യത്തിൽ അഭിപ്രായ ഐക്യമില്ല. ബ്രഹ്മാവാണെന്നും അതല്ല ശിവനാണെന്നും രണ്ട് അഭിപ്രായങ്ങൾ പുരാണങ്ങളിൽ പറയുന്നു.

ആയൂർവ്വേദത്തിലെ ഔഷധചികിത്സയും ശസ്ത്രക്രിയയും വെവ്വേറെയായിട്ടാണ് വേദങ്ങളിൽ കാണുന്നത്. ആയൂർവേദത്തിലെ ഔഷധ പ്രയോഗം ഋഗ്വേദ കാലത്ത് ഉച്ചസ്ഥായിയിലായിരുന്നുവെന്ന് വ്യക്തമാണ്.ധന്വന്തരി, ചരകൻ, സുശ്രുതൻ, നാഗാർജുനൻ, അഗ്നിവേശൻ, വാഗ്ഭടാനന്ദൻ തുടങ്ങി അനേകം ആയൂർവ്വേദ ആചാര്യൻമാരെക്കുറിച്ചുള്ള വിവരങ്ങൾ പുരാതന കൃതികളിൽ പരാമർശിച്ചിട്ടുണ്ട്. അനേകം ആയൂർവ്വേദ വൈദ്യശാസ്ത്രഗ്രന്ഥങ്ങളും നിലവിലുണ്ട്.

ആയൂർവ്വേദ ചികിത്സാ സമ്പ്രദായം ഋഗ്വേദത്തോടും ശസ്ത്രക്രിയ വിഭാഗം അഥർവവേദത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ആയൂർവേദം എല്ലാ വേദങ്ങളോടും ബന്ധപ്പെട്ടതാണെന്നും അതിനാൽ അഞ്ചാമത്തെ വേദമായി കണക്കാക്കണമെന്നും ചിലർ അവകാശപ്പെടുന്നു.

## 2) ധനുർവേദം (യജുർവ്വേദം)

ധനുസ്സ് എന്നാൽ വില്ല്. ആയുധവിദ്യ കൂടാതെ രാജ്യഭരണകാര്യങ്ങളും ചർച്ച ചെയ്തിരിക്കുന്നു. ഋഷിമാരാണ് ധനുർവേദം ആദ്യകാലത്ത് ഉപദേശിച്ചിരുന്നത്. യുദ്ധത്തിലെ ചതുരംഗസേനയെന്ന് പറയുന്നത് തേര്, ആന, കുതിര, കാലാൾ എന്നിവ ഉൾപ്പെടുന്നതാണ്. ധനുർവേദത്തിന്റെ ആദ്യ ഗുരു ശിവനാണെന്ന് വിശ്വസിക്കുന്നു.

## 3) ഗാന്ധർവ്വവേദം (സാമവേദം)

സാമവേദത്തിലെ സംഗീത ശാസ്ത്രം മറ്റ് ഭാരതീയ കലകളുമായി ബന്ധപ്പെട്ടതാണ്. ഭാരതമുനിയാണ് ഈ ഉപവേദത്തിന്റെ ഉപജ്ഞാതാവ് എന്ന് വിശ്വസിക്കുന്നു.

## 4) സ്ഥാപത്യവേദം (ശില്പവേദം/തച്ചുശാസ്ത്രം)

ഭാരതീയ വാസ്തുവിദ്യയാണ് വിഷയം. ക്ഷേത്ര നിർമാണം, ഗൃഹനിർമാണം മുതലായവയിൽ വാസ്തുവിദ്യയ്ക്ക് വളരെ പ്രാധാന്യമുണ്ട്. വിശ്വകർമ്മാവ് ദേവശില്പിയാണെങ്കിൽ മയൻ അസുരശിൽപ്പിയാണ്. കേരളത്തിൽ പുരാതന കാലം മുതൽ തച്ചുശാസ്ത്രം വികസിച്ചിട്ടുണ്ട്. അതുമൂലം അനേകം തച്ചു ശാസ്ത്ര വിദഗ്ദ്ധരും അവരുടെ ഗ്രന്ഥങ്ങളും നിലവിലുണ്ട്.

**ദർശനങ്ങൾ**

പ്രപഞ്ചോത്ഭവം, പ്രപഞ്ചാപഗ്രഥനം, ജീവിതലക്ഷ്യം, ഈശ്വരൻ, ആത്മാവ് തുടങ്ങിയവയെപ്പറ്റിയുള്ള കാഴ്ചപ്പാടുകളാണ് ദർശനങ്ങളെന്ന പേരിൽ അറിയപ്പെടുന്നത്. ദർശനങ്ങൾ 6 ആണ്. അതുകൊണ്ട് ഷഡ്ദർശനങ്ങൾ എന്ന് അറിയപ്പെടുന്നു.

1) ന്യായദർശനം - ഗൗതമൻ
2) വൈശേഷിക ദർശനം - കണാദൻ
3) സാംഖ്യദർശനം - കപിലൻ
4) യോഗദർശനം - പതഞ്ജലി
5) പൂർവ്വമീമാംസ - ജൈമിനി
6) ഉത്തരമീമാംസ - ബാദരായണൻ (വ്യാസൻ)

**സ്മൃതികൾ**

പുരാതന ഭാരതീയരുടെ ഇടയിൽ നിലനിന്നിരുന്ന ധർമ്മസംഹിതകളുമായി ബന്ധപ്പെടുന്നതാണ് സ്മൃതികൾ. ധർമ്മസൂത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വർണാശ്രമ ധർമ്മങ്ങളുടെ ലംഘനങ്ങൾക്കുള്ള ദണ്ഡനവിധികളും പ്രായശ്ചിത്തങ്ങളുമാണ് സ്മൃതികളിൽ വിവരിക്കുന്നത്. ഇതിൽ പരാമർശിച്ചിട്ടുള്ള പല കാര്യങ്ങളും കാലഹരണപ്പെട്ടവയാണ് (ഉദാഃ മനുസ്മൃതി) പതിനെട്ടോളം സ്മൃതികളെപ്പറ്റി പുരാണങ്ങളിൽ പറയുന്നുണ്ട്.

(തുടരും)



# ഹബിൾ സ്പേസ് ടെലസ്കോപ്പിന് (HST)

## ഇരുപത്തി അഞ്ചാം പിറന്നാൾ

സി. രാമചന്ദ്രൻ

മനുഷ്യഭാവനയെ വികസ്വരമാക്കുകയും അറിവുകളിൽ കുതിച്ചുചാട്ടമുണ്ടാക്കുകയും ചെയ്ത അനേകം ശാസ്ത്രീയോപകരണങ്ങളുണ്ട്. അതിൽ ടെലസ്കോപ്പിനും മൈക്രോസ്കോപ്പിനുമുള്ള സ്ഥാനം അഗ്രഗണ്യമാണ്. മൈക്രോസ്കോപ്പ് ജൈവ പ്രപഞ്ചത്തെ വികസിപ്പിക്കുകയും വൈദ്യശാസ്ത്രത്തെ വിപ്ലവകരമായി പരിഷ്കരിക്കുവാൻ നിമിത്തമാകുകയും ചെയ്തു. ടെലിസ്കോപ്പാകട്ടെ സ്ഥൂല പ്രപഞ്ചത്തെ അതിരുകളില്ലാത്ത ഒരു വിസ്മയ ലോകമായി കാണിച്ചു തന്നു. അത് മനുഷ്യന്റെ കാഴ്ചയിലും ഉൾക്കാഴ്ചയിലും ദർശനത്തിലും സമൂലമായ പരിവർത്തനങ്ങൾ വരുത്തി. നക്ഷത്ര സമൂഹങ്ങളുടെയും സൗരയൂഥത്തിന്റെയും സൂര്യന്റെയും ഭൂമിയുടെയും മറ്റും സ്ഥാനം പുനർ നിർണ്ണയിക്കപ്പെട്ടു. പഴയ ജ്യോതിഷത്തിന്റെ ഗണിതഭാഗം കാലഹരണപ്പെട്ട ഒരു പഴയ പട്ടികയായി മാറുകയും ഫലഭാഗം വിജ്ഞർക്ക് കൗതുകമുണർത്തുന്ന നേരമ്പോക്കായി മാറുകയും ചെയ്തു.

ഗലീലിയോയുടെ റിഫ്രാക്റ്റീവ് ടെലസ്കോപ്പും, ന്യൂട്ടന്റെ റിഫ്ളക്ടീവ് ടെലിസ്കോപ്പും അന്ന് വിപ്ലവകരമായിരുന്നുവെങ്കിൽ ഇന്ന് വെറും കളിക്കോപ്പുകളാണ്. ലെൻസിന്റെയും കണ്ണാടിയുടെയും വ്യാസം വർദ്ധിക്കുകയും ക്യാമറയും ഫോട്ടോഗ്രാഫിക് പ്ലേറ്റും കണ്ടുപിടിച്ച് അതു ഉൾപ്പെടുത്തുകയും പിന്നീട് അത് കമ്പ്യൂട്ടറുമായി ഇണക്കപ്പെടുകയും ചെയ്തതോടെ കാഴ്ചയുടെ വ്യക്തതയും ദൂരപരിധിയും അടിക്കടി കൂടിവന്നു. അതോടെ പ്രപഞ്ച ധാരണകൾ മാറിമറിയുകയും ചിത്രങ്ങൾ മാറ്റി വരയ്ക്കപ്പെടുകയുമായിരുന്നു. ബഹിരാകാശ ഭൗതിക ശാസ്ത്രത്തിൽ പുതിയ പുതിയ സിദ്ധാന്തങ്ങളുണ്ടായി.

ഈ സന്ദർഭത്തിൽ മനുഷ്യൻ അവന്റെ കാഴ്ചയുടെ മറ്റൊരു പരാധീനതയെക്കുറിച്ച് ബോധവാനായി. ഒന്ന്, അന്തരീക്ഷത്തിലെ പൊടിപടലങ്ങളും അതിലേക്കു വരുന്ന പലതരം വെളിച്ചങ്ങളും ശരിയായ പ്രപഞ്ചക്കാഴ്ചയെ മറയ്ക്കുന്നു. രണ്ട്, മനുഷ്യന്റെ കാഴ്ച ചുവപ്പിനും വയലറ്റിനുമിടയിലുള്ള നിറങ്ങളിൽ തളച്ചിടപ്പെട്ടിരുക്കുന്നു. ചുവപ്പിനിപ്പുറം തരംഗ ദൈർഘ്യം കൂടിയ ഇൻഫ്രാറെഡ്, മൈക്രോവേവ്, റേഡിയോ തുടങ്ങിയ തരംഗങ്ങളേയും വയലറ്റിനപ്പുറം അൾട്രാവയലറ്റ് എക്സ് - റേ, ഗാമ - റേ തുടങ്ങിയ ദൈർഘ്യം കുറഞ്ഞ തരംഗങ്ങളേയും മനുഷ്യനു കാണാനാവില്ല. മാത്രമല്ല അത്തരം രശ്മികൾ അനന്ത വിഹായസ്സിൽ നിന്നും ഭൂമിയുടെ അന്തരീക്ഷം ഭേദിച്ച് ഭൂമിലേക്ക് വരുന്നതുമില്ല. അത് ആഗീകരണം ചെയ്യപ്പെടുകയോ പ്രതിപതിച്ച് പോകുകയോ ചെയ്യും.

പ്രപഞ്ചത്തിന്റെ ശരിയായ രൂപം ലഭിക്കണമെങ്കിൽ ടെലസ്കോപ്പ് ഭൂമിയിലല്ല, അന്തരീക്ഷത്തിനപ്പുറം ബഹിരാകാശത്താണ് സ്ഥാപിക്കേണ്ടി വരിക എന്ന് ലേമാൻ സ്പിറ്റ്സർ എന്ന ശാസ്ത്രജ്ഞൻ 1946 ൽ തന്നെ പ്രഖ്യാപിച്ചിരുന്നു. ആദ്യത്തെ ഉപഗ്രഹമായ സ്പുട്നിക് വിക്ഷേപിക്കുന്നതിനും പതിനൊന്നുവർഷം മുമ്പാണ തെന്നോർക്കുക. ഈ നിർദ്ദേശത്തിന് അന്നത്ര പ്രാധാന്യം ലഭിച്ചില്ല. കാരണം അത് അന്ന് വിശ്വസിപ്പിക്കാൻ പ്രയാസമായിരുന്നു; പ്രായോഗികമാകുമെന്ന് പ്രതിക്ഷയുമില്ലായിരുന്നു. എന്നാൽ പതിനൊന്നു വർഷങ്ങൾക്കുശേഷം ഉപഗ്രഹങ്ങൾ യാഥാർത്ഥ്യമാകുകയും സാധാരണമാകുകയും ചെയ്ത പരിതസ്ഥിതിയിൽ ബഹിരാകാശ ദൂരദർശിനിയെക്കുറിച്ച് ഒരു വീണ്ടു വിചാരമുണ്ടായി. അതിനെക്കുറിച്ചു പഠിക്കുവാൻ അമേരിക്ക 1962 ൽ ലേമാൻ സ്പിറ്റ്സറെത്തന്നെ ചുമതലയേൽപിച്ചു. അതേ തുടർന്ന് ഓർബിറ്റിംങ്ങ് സോളാർ -

ഒബ്സർവേറ്ററി, ഓർബിറ്റിംഗ് അസ്ടോണമിക്കൽ ഒബ്സർവേറ്ററി 1 , ഓർബിറ്റിംഗ് അസ്ടോണമിക്കൽ ഒബ്സർവേറ്ററി 2, തുടങ്ങിയ ചില പ്രാരംഭ സംരഭങ്ങൾ ഇതിനെ സംബന്ധിച്ചുണ്ടായി.

നാസയോടൊപ്പം ഈസയും (യൂറോപ്യൻ സ്പേസ് ഏജൻസി) പണം മുടക്കാനും സഹകരിക്കാനും തയ്യാറായതോടെ 1978 ൽ പുതിയൊരു സംരംഭത്തിനുള്ള പണം അനുവദിക്കപ്പെട്ടു. പ്രപഞ്ചം വികസിക്കുകയാണെന്നു കണ്ടെത്തിയ എസ്വിൻ ഹബിളിന്റെ പേരാണ് ഇതിനോടനുബന്ധിച്ച് ടെലസ്കോപ്പിനായി കണ്ടുവച്ചത്. 1990 ഏപ്രിൽ 24 ന് സ്പേസ്ഷട്ടിൽ ഡിസ്കവറിയിൽ 11 ടൺ ഭാരമുള്ള ഉപഗ്രഹം (ടെലസ്കോപ്പ്) 550 കി.മീറ്റർ ഉയരമുള്ള ഭ്രമണപഥത്തിലേയ്ക്ക് വിക്ഷേപിച്ചു. 97 മിനിട്ടുകൊണ്ട് അത് ഭൂമിയെ ഒരു വട്ടം വലം വെയ്ക്കും; ഒരുദിവസം പതിനഞ്ചു വട്ടം. അതിൽ ഇണക്കിയിരുന്ന ഏറ്റവും പ്രധാനപ്പെട്ട ഉപകരണങ്ങൾ ഇവയായിരുന്നു.

1) ഇൻഫ്രാറെഡ് ക്യാമറ
2) ഫോട്ടോമെട്രിക് ഒപ്റ്റിക്കൽ ക്യാമറ
3) വൈഡ് ഫീൽഡ് ഒപ്റ്റിക്കൽ ക്യാമറ
4) അൾട്രാവയലറ്റ് സ്പെക്ട്രോഗ്രാഫ
5) ഒപ്റ്റിക്കൽ സ്പെക്ട്രോമീറ്റർ ക്യാമറ
6) ഫൈൻ ഗൈഡൻസ് ഇൻസ്ട്രുമെന്റ്.


ഹബിൾ സ്പേസ് ടെലസ്കോപ്പി (HST) ൽ നിന്നും ലഭിച്ച ആദ്യ ചിത്രങ്ങൾ തന്നെ നിരാശാജനകമായിരുന്നു; എല്ലാം അവ്യക്തം. പ്രതിപതന കണ്ണാടിയിലുണ്ടായ ഒരു മൂടലാണ് ഇതിനു കാരണമെന്നു കണ്ടുപിടിച്ചു. തിമിരം പോലെ ഒരു പ്രശ്നം. ഈ പ്രശ്നം പരിഹരിക്കുവാൻ കണ്ണാടി മിനുസപ്പെടുത്തുക മാത്രമല്ല കണ്ണടവയ്ക്കും പോലെ മറ്റൊരു ചില്ല് അതിനു മുകളിൽ സ്ഥാപിക്കുക കൂടി ചെയ്യേണ്ടി വന്നു. പ്രത്യേക പരിശീലനം ലഭിച്ച ഏഴു ബഹിരാകാശ യാത്രികർ 1993 ൽ എൻഡവർ എന്ന സ്പേസ് ഷട്ടിലിൽ അവിടെച്ചെന്നാണ് കേടുപാടുകൾ തീർത്തത്. അതും ആശ്ചര്യകരമായ ഒരു സങ്കേതിക മികവിന്റെ പ്രകടനമായിരുന്നു. ഇതിനുശേഷം ഒൻപതു മാസത്തിനകമുണ്ടായ ഒരു ആകാശ വിസ്മയം അത് വ്യക്തമായി പകർത്തുകയും ചെയ്തു; ഷൂമാക്കർ ലവി - 9 എന്ന വാൽ നക്ഷത്രം (ധൂമകേതു) പലതായി ചിതറി വ്യാഴത്തിൽ പതിക്കുന്ന ദൃശ്യം.

പിന്നീട് നാലു പ്രാവശ്യം കൂടി വിദഗ്ദ്ധൻമാർ HST യിൽ എത്തി കേടുപാടുകൾ തീർക്കുകയും പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും മറ്റും ചെയ്തിട്ടുണ്ട്. ഇതു മൂലം വിക്ഷേപിക്കമ്പോൾ ഇല്ലായിരുന്ന പല കഴിവുകളും അതു പിന്നീടു നേടി; പുതിയതരം ക്യാമറകൾ ഉൾക്കൊള്ളിക്കപ്പെട്ടതിലൂടെ.

ജ്യോതിശാസ്ത്രത്തിന് അത്യന്തം ഉദാത്തമായ സംഭാവനകൾ നൽകിക്കൊണ്ടാണ് ഈ ഇരുപത്തിഅഞ്ചു വർഷം HST പ്രവർത്തിച്ചത്. ഗാലക്സികൾ അകലുന്നതിന്റെ തോത് പ്രപഞ്ചത്തിൽ 10000 കോടി ഗാലക്സികളും, നമ്മുടെ ഗാലക്സിയായ ആകാശഗംഗയിൽ 10000 കോടി നക്ഷത്രങ്ങളുമുണ്ടെന്ന അറിവ്, പ്രപഞ്ചത്തിന്റെ പ്രായം, പുതിയ സൂപ്പർ നോവകളും അവയിലേയ്ക്കുള്ള അകലവും, വ്യാഴത്തിന്റെ ഉപഗ്രഹമായ ഗാനിമേഡിലെ സമുദ്രം, ഓരോ ഗാലക്സിയിലും ഓരോ തമോഗർത്തമുണ്ട് എന്നും മറ്റും കണ്ടുപിടിക്കുകയും കണക്കാക്കുകയും ചെയ്തു എന്നതെല്ലാമാണതിന്റെ പ്രധാന നേട്ടങ്ങൾ. ശാസ്ത്രത്തിനും മനുഷ്യരാശിക്കും പുതിയൊരു പ്രപഞ്ചക്കാഴ്ചയും അതിനനുസരിച്ച് ദർശനവും നൽകിയതിന് ഹബിൾ ടെലസ്കോപ്പിനോട് നാം വല്ലാതെ കടപ്പെട്ടിരിക്കുന്നു. അറിവിന്റെ അപാരതയും, അറിവില്ലായ്മയുടെ അപാരതയും, രണ്ടും മനുഷ്യനെ ബോധ്യപ്പെടുത്തി എന്നതാണ് അതിന്റെ ഏറ്റവും വലിയ സംഭാവന.

HST ഇനി ഒരു അഞ്ചു വർഷം കൂടി പ്രവർത്തിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇനി അതിന്റെ കേടുപാടുകൾ തീർക്കുകയോ അത് പരിഷ്കരിക്കുകയോ ചെയ്യേണ്ട എന്നാണ് നാസയുടെ തീരുമാനം. ഇന്ന് ബഹിരാകാശത്ത് വേറെയും അനവധി സ്പേസ് ടെലസ്കോപ്പുകൾ നിലയുറപ്പിച്ചിട്ടുണ്ട്. ചന്ദ്ര, സ്പിറ്റ്സർ, കെപ്ലർ, ജെയിംസ് വെബ്ബ് എന്നിവ അവയിൽ ചിലതാണ്. ഇതെല്ലാം തന്നെ നാസയുടെ ഗ്രേറ്റ് ഒബ്സർവേറ്ററി എന്ന ബൃഹത്തായ പദ്ധതിയുടെ ഭാഗങ്ങളാണ്. ഭാവിതലമുറകളുടെ കാഴ്ചയും, കാഴ്ചപ്പാടും പുഷ്കലമാക്കുവാൻ ഇനിയും വരാനിരിക്കുന്ന ദൂരദർശിനികൾക്കാകുമെന്നു നമുക്ക് ന്യായമായും ആശിക്കാം.

■



# സ്വാമി ചിൻമയാനന്ദ



പത്മജ മേനോൻ

ഊർജ്ജസ്വലത, വാഗ്‌വൈഭവം, ആത്മസമർപ്പണം ഇതെല്ലാം ഒന്നു ചേർന്നാൽ ഒരു പ്രതിഭാധനനായി. അങ്ങനെയെങ്കിൽ അതാണ് ഗുരുദേവ് ചിൻമയാനന്ദജി. ഋതുഭേദങ്ങൾക്കു അനുസൃതമായി കാലഘട്ടം കറങ്ങി കൊണ്ടിരിക്കുമ്പോഴും ഒരു വർണാഭമായ കാലഘട്ടത്തിൽ ശ്രീമദ്ഭഗവദ് ഗീതയിലൂടെ ആത്മീയ ഉണർവിനായി ദൗത്യം ഏറ്റെടുത്ത മഹാൻ. എപ്പോഴാണ് നമ്മൾക്ക് ചിൻമയാനന്ദജിയെ കിട്ടിയത്? അതിനുമുമ്പ് അദ്ദേഹം ആരായിരുന്നു?.

1916-ൽ എറണാകുളത്തുള്ള പൂതാമ്പിള്ളി തറവാട്ടിൽ ഭൂജാതനായ സ്വാമിജി ഒരു സാധാരണ ജീവിതം തന്നെയായിരുന്നു നയിച്ചിരുന്നത്. ബാലകൃഷ്ണ മേനോൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം വൈകാരിക പ്രശ്നങ്ങൾ എല്ലാം അനുഭവിച്ച് ജീവിച്ചു. ഒരു നാൾ ഋഷികേശിലെ ശിവനന്ദ എന്ന ഗുരുവിനെ കാണുകയും അവിടുത്തെ ശാന്തിയും സമാധാനവുമുള്ള അന്തരീക്ഷം വളരെയധികം മനസ്സിനെ ആകർഷിക്കാൻ ഇടയാക്കുകയും, അനന്തരഫലമായി ശിവനന്ദ ഗുരുവിൽ നിന്ന് ദീക്ഷ വാങ്ങിക്കുകയും ചെയ്തു. തപോവന മഹാരാജ് അദ്ദേഹത്തിന്റെ ശിക്ഷ ഗുരുവായി. ചിൻമയാനന്ദജി, ഗുരുവിന്റെ ശിക്ഷണത്തിൽ പ്രഗത്ഭ ആചാര്യനായി മാറി. മുബൈയിൽ 1963ൽ സാന്ദീപനി സാധനാലയം സ്ഥാപിച്ചു. പ്രഗത്ഭരായ സന്യാസിമാരാണ് ആ അക്കാദമിയിൽ നിന്ന് ഇതൾ വിരിഞ്ഞത്.

ആദ്ധ്യാത്മികരംഗത്ത് ഭാഗവതവും, നാരായണീയവും അരങ്ങ് വാണിടുമ്പോളാണ് ശ്രീമദ് ഭഗവദ് ഗീതയിലൂടെ മനുഷ്യ മനസ്സുകളിൽ അന്തർലീനമായിരിക്കുന്ന കാമ, ക്രോധ, ലോഭ, മോഹങ്ങളെ എല്ലാം മാറ്റി നിറുത്തി . ജാതി, മത, വർഗ, വർണ വ്യത്യാസമില്ലാതെ വേദാന്തത്തെ ലോകമെമ്പാടും പ്രചരിപ്പിച്ച ആചാര്യനായിരുന്നു ചിൻമയഗുരുദേവ്. ഗീതാ പ്രഭാഷണത്തിലൂടെ ഇംഗ്ലീഷ് എന്ന ഭാഷയെ ജനകീയമാക്കിയതും സ്വാമിക്ക് മാത്രം സ്വന്തമാണ്. മലയാളിയായ ഗുരുദേവ് എന്ത് കൊണ്ട് മലയാളത്തിൽ പ്രസംഗിക്കുന്നില്ല എന്നും പലരും ചോദിച്ചിരുന്നു. മലയാള മണ്ണിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല സ്വാമിജി എന്ന വിഖ്യാത പ്രതിഭയുടെ വാഗ്ധോരണി. ആർഷ ഭാരതത്തിനുമപ്പുറത്ത് അന്തർദേശീയ തലത്തിലും സ്വാമി കത്തി ജ്വലിക്കുന്ന സൂര്യനെ പോലെ തിളങ്ങി. നർമ്മവും, യുക്തിയും, ബുദ്ധിയും ചേർന്ന ഒരു തത്വചിന്തകൻ എന്ന പരിവേഷമായിരുന്നു സ്വാമിജിക്ക് ഉണ്ടായിരുന്നത്. സ്വാമി വിവേകാനന്ദന് ശേഷം ഭാരതീയ ആദ്ധ്യാത്മിക തത്വങ്ങളെ സരളലളിതമായ ഭാഷയിൽ അവതരിപ്പിച്ച് ലോകത്തിന്റെ നാനഭാഗങ്ങളിലുമുള്ള ജനസഹസ്രത്തെ ആദ്ധ്യാത്മിക പ്രബുദ്ധരാക്കുവാൻ കഴിഞ്ഞ മഹാവ്യക്തിത്വമാണ് ശ്രീ ഗുരുജിയുടേത്. നിയമവേലികളില്ലാതെ, പരിമിതികളില്ലാതെ, പരിപൂർണ്ണ സ്വതന്ത്ര്യത്തോടെ പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു പ്രസ്ഥാനമാണ് അദ്ദേഹം സ്ഥാപിച്ച ചിൻമയാമിഷൻ.

ഒരു മനുഷ്യന്റെ സ്വഭാവ രൂപീകരണം നടക്കുന്നത് ശൈശവത്തിലാണ്, ദാർശനിക ബോധവും, വിജ്ഞാനപ്രഭവുമായ ഒരു ജനതയെ

വാർത്തെടുക്കുവാൻ ഒരു വിദ്യാലയത്തിനെ കഴിയൂ എന്ന് സ്വാമിജിക്ക് അറിയാമായിരുന്നു. അതുകൊണ്ട് തന്നെ വിദ്യാലയം തുടങ്ങുവാൻ ഗുരുദേവ് ആഗ്രഹിച്ചതും, ചിൻമയാമിഷന്റെ ആദ്യത്തെ സ്കൂൾ തുടങ്ങിയത്. 1965 ൽ പാലക്കാട് ജില്ലയിലെ രാജകൊട്ടാരത്തിന്റെ നാടായ കൊല്ലങ്കോട് എന്ന ഗ്രാമത്തിലായിരുന്നു. അന്നത്തെ രാജകുടുംബാംഗ ങ്ങളായ രാധ തമ്പുരാട്ടി, തങ്കം തമ്പുരാട്ടി എന്നിവർ നല്കിയ കൊട്ടാരത്തിന്റെ രണ്ടു മുറികളിലായിരുന്നു ആദ്യത്തെ അക്ഷരജ്ഞാനത്തിനായ് കുരുന്നുകൾ കാലെടുത്ത് വെച്ചത്. ഒരു പ്രസ്ഥാനം വളർന്നു വലുതാകുക എന്നത് അത്ര എളുപ്പമൊന്നുമല്ലല്ലോ. ഒരുപാട് വ്യക്തികളുടെ അശ്രാന്ത പരിശ്രമം അതിനു പിന്നിലുണ്ട്. ചിൻമയാനന്ദ സ്വാമിയുടെ പി.എ.യായി വർഷങ്ങളോളം സേവനമനുഷ്ഠിച്ച കാമ്പ്രത്തെ ഗോപിനാഥമേനോൻ എന്ന സ്കൂൾ മാസ്റ്റർ ആയിരുന്നു ചിൻമയാസ്കൂളിന്റെ വളർച്ചക്ക് വേണ്ടി തമ്പുരാട്ടിമാരോടൊപ്പം അഹോരാത്രം പരിശ്രമിച്ചത്. കഠിനാദ്ധ്വാനത്തിന്റെയും സഹന ത്തിന്റെയും ഫലമായി ഇപ്പോൾ സ്കൂൾ പ്ലസ് ടു ലവലിൽ എത്തിയിരിക്കുകയാണ്. നവതലമുറക്ക് ഇതെല്ലാം ചരിത്രം മാത്രമാണെങ്കിലും ചരിത്രം, ചരിത്രമല്ലാതെയാവുന്നില്ലല്ലോ?

ഇപ്പോൾ ചിൻമയാമിഷൻ അതിരു കളില്ലാതെ ലോകമെമ്പാടും വ്യാപിച്ചു കിടക്കുക യാണ്. മിഷന് കീഴെ ഒട്ടനവധി, സ്കൂളുകൾ, കോളേജുകൾ, ക്ഷേത്രങ്ങൾ, കൊൽക്കത്തയിൽ ഡയഗ്നോസ്റ്റിക് ആന്റ് റിസർച്ച് സെന്റർ, സിദ്ധ ബാരിയിലെ റൂറൽ പ്രൈമറി ഹെൽത്ത് കെയർ ആന്റ് ട്രെയിനിങ്ങ് സെന്റർ. ചിൻമയാസേവാ സെന്റർ ഭർത്താക്കൻമാർ ഉപേക്ഷിച്ച സ്ത്രീകൾക്കുവേണ്ടി പ്രവർത്തിക്കുന്നു. ബെംഗളൂരുവിലെ ചിൻമയാമിഷൻ ആശുപത്രി, തിരുവനന്തപുരത്തെ ബാലാശ്രമം, അങ്ങനെ ഒട്ടനവധി സ്ഥാപനങ്ങൾ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഇന്ത്യയിൽ മൂന്നൂറും വിദേശത്ത് അമ്പതും ശാഖകളിൽ പൂർണ്ണസമയ പ്രവർത്തകരായ സന്യാസി, സന്യാസിനി സമൂഹവുമുണ്ട്.

വിദ്യാഭ്യാസപരമായി മുന്നിൽ നില്ക്കുന്ന ചിൻമയാ വിദ്യാലയങ്ങളുടെ മറ്റൊരു പ്രത്യേകത സ്വഭാവ രൂപീകരണമാണ്. How to behave (എങ്ങനെ മറ്റുള്ളവരോട് പെരുമാറണം) എന്നതാണ് ഇവിടെ ആദ്യമായി പഠിപ്പിക്കുന്നത്.

When Wealth is lost nothing is lost
When Health is lost something is lost
When Character is lost everything is lost

എന്ന ആപ്തവാക്യത്തെ അന്വർത്ഥമാക്കികൊണ്ട് പ്രതിബദ്ധതയുള്ള സമചിത്തതയുള്ള പൗരൻമാരെ പടുത്തുയർത്തുകയാണ് ഈ വിദ്യാലയങ്ങൾ എറണാകുളത്തിന് തിലകകുറിയായി മാറിയ ''വടുതല ചിൻമയാ വിദ്യാലയം'' ഇതിനു മകുടോദാ ഹരണമാണ്. തന്റെ മകൻ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്നു എന്ന വസ്തുത ലേഖിക അഭിമാനപൂർവ്വം ഓർക്കുന്നു.

സമാനതകളില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന ചിൻമയാനന്ദ സ്വാമിജി 1993 ഓഗസ്റ്റിൽ ദിവംഗതനായി. ആ നക്ഷത്രം കാലയവനികക്കുള്ളിൽ മറഞ്ഞെങ്കിലും ഇപ്പോഴും ഈ പ്രപഞ്ചത്തിൽ അദ്ദേഹത്തിന്റെ വാഗ്വൈഭവം മാറ്റൊലി കൊള്ളുകയാണ്. നാല് ദശാബ്ദത്തിനിടെ ലക്ഷക്കണക്കിനാളുകൾ ക്കാണ് ആധ്യാത്മികാഭയം നൽകി അനു ഗ്രഹിച്ചത്. ഇരുപതാം നൂറ്റാണ്ടിലെ ലോകം കണ്ട അതുല്യനായ സർഗ പ്രതിഭ അതാണ് സ്വാമി ചിൻമയാനന്ദ. മലയാള മണ്ണിന്റെ പുത്രനായി ജനിച്ച സ്വാമിജി നമുക്ക് ദൈവം തന്ന വരദാനമാണ്. ഇപ്പോൾ സ്വാമിജിയുടെ ജൻമ ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ ചിൻമയാ ജൻമശതാബ്ദി ആഘോഷക്കമ്മറ്റിയുടെ ആഗോളാദ്ധ്യക്ഷനായ സ്വാമി തേജോമയാനന്ദജി കൊളുത്തിയ ജ്യോതി ഒരു ജ്വാലയായി എന്നും നമ്മളുടെ മനസ്സുകളിലും പ്രതിജ്വലിക്കട്ടെ!. ■

## സ്ത്രീസമാജത്തിന്റെ ജൂൺ മാസത്തെ പരിപാടികൾ

| | | |
|---|---|---|
| 23.6.2015 (ചൊവ്വ ) | ജനറൽ ബോഡി | 3.00 PM |

# CONSTIPATION
# (മലബന്ധം)



ഡോ. ദേവിദാസ് വെള്ളോടി

**DEFECATION (മലശോധന)**

നാം കഴിച്ച ഭക്ഷണത്തിലെ പോഷക മൂല്യങ്ങൾ ആഗീരണം ചെയ്ത് അവസാനം ഉപയോഗ ശൂന്യമായ (Waste) ഖരമായതും ദ്രവമായതും മലാശയത്തിൽ നിന്ന് പുറത്തേക്ക് തള്ളുന്ന പ്രക്രിയയാണ് മലശോധന.

കുടലിന്റെ പ്രത്യേക തരത്തിലുള്ള ചലനങ്ങൾ (peristalsis) ഈ ഉപയോഗ ശൂന്യമായ പദാർത്ഥത്തെ ദഹനപ്രക്രിയയിലൂടെ അവസാനം മലാശയത്തിൽ (Rectum) എത്തിക്കുന്നു. ചിലപ്പോൾ ദഹിക്കാത്ത അല്ലെങ്കിൽ മുഴുവൻ ദഹിക്കാത്ത ഭക്ഷണവും ഇങ്ങിനെ പുറന്തള്ളപ്പെടാം.

മലശോധന ദിവസത്തിൽ ഒരു തവണയെങ്കിലും വേണം. ചിലർക്ക് 2 - 3 തവണ ശോധനയുണ്ടായാലേ തൃപ്തിവരു. ഇത് പൊതുവെ സാധാരണമാണ്.

**മലശോധനക്ക് ചായ കൂടിക്കണോ? പുകവലിക്കണോ? പത്രം വായിക്കണോ?**

ഇത് നമ്മുടെ ശീലമാണെന്നേ പറയാൻ പറ്റുകയുള്ളു. സാധാരണയായി രാവിലെ നാം എഴുന്നേറ്റു കഴിഞ്ഞാൽ നമ്മുടെ ശരീരം ഇളകി തുടങ്ങിയാൽ ശോധനക്കുള്ള തയ്യാറെടുപ്പ് തുടങ്ങും. പക്ഷേ ഒരു ഉത്തേജനം കിട്ടുന്നതിന് ചൂടുവെള്ളമോ, വെറും വെള്ളമോ ചായയോ സഹായിക്കും. നമ്മുടെ വയറിൽ ചെറിയ ഉത്തേജനം (stimulation) ലഭിച്ചാൽ നേരത്തെ സൂചിപ്പിച്ച കുടലിന്റെ ചലനം കുറച്ചുകൂടി സുഗമമാകും. ചിലർക്ക് കുറച്ചു സമയം കൂടുതൽ വേണമെന്നതിനാൽ ഈ സമയത്ത് പുകവലിക്കുകയോ പത്രം വായിക്കുകയോ ചെയ്യുന്നത് ശീലമാക്കുന്നു. ഏതായാലും മലശോധനക്ക് വെള്ളം കുടിക്കുന്നത് നല്ലതാണ്. സ്ഥിരമായ മലശോധന കിട്ടാതെ വരുമ്പോഴാണ് നാം അതിനെ മലബന്ധം (costipation) എന്ന് പറയുന്നത്.

**മൂന്നുതരമായിത്തിരിക്കാം**

**1) ജൻമനാലുള്ളത് (Congenital)**

ജൻമനാലുള്ള ശോധനക്കുറവിന് പ്രത്യേകിച്ച് കാരണം പറയാനില്ല. ചെറിയ തോതിൽ മലശോധന വരുത്തുന്ന മരുന്നുകൾ നാരുവർഗ്ഗങ്ങൾ കൂടുതലുള്ള ഭക്ഷണം, ധാരാളം വെള്ളം എന്നിവ ശീലിക്കുന്നതാണ് നല്ലത്. സ്ത്രീകൾക്ക് കൂടുതൽ കാണുന്നു.

**2) പ്രാഥമികമായ മലബന്ധം (Primary Constipation)**

വളരെ സാധാരണമാണിത്. പ്രത്യേകിച്ച് അസുഖങ്ങളോടൊന്നും കൂടാതെ ഭക്ഷണ ക്രമത്തിലൊ, അശ്രദ്ധമൂലമോ, ശരിയായ രീതിയിൽ നാരുവർഗങ്ങൾ (Fibre) അടങ്ങിയ ഭക്ഷണം ശീലിക്കാത്തതിനാലോ വെള്ളം കുടിക്കുന്നത് കുറഞ്ഞതിനാലോ ഉണ്ടാകുന്ന പ്രയാസവും അതോടനുബന്ധിച്ചുള്ള മലബന്ധവുമാണിത്. ഫലപ്രദമായി മാറ്റിയെടുക്കാവുന്നത്.

**3) രണ്ടാം ഘട്ടത്തിലുള്ളത് (Secondary)**

വേറൊരു കാരണത്താൽ അനുബന്ധമായി ഉണ്ടാകുന്നു. ഉദാ ഃ- ചില പ്രത്യേക മരുന്നുകൾ കഴിക്കുമ്പോൾ മലബന്ധമുണ്ടാകും (Opioids, Pain killers, ഡിപ്രഷനുള്ള മരുന്നുകൾ, അലുമിനിയം ആന്റാസിഡ് തുടങ്ങിയവ).

ചയാപചയ (Metabolism) പ്രക്രിയയിലുള്ള വ്യത്യാസം കാരണം മലബന്ധമുണ്ടാകും.

ഉദാഃ ഹൈപ്പോ തൈറോയ്ഡിസം (Hypothyroidism), പ്രമേഹം (Diabetes Mellitus) തുടങ്ങിയവ.

പേശികൾക്കുണ്ടാകുന്ന(Muscular) തകരാറു മൂലവും മലബന്ധമുണ്ടാകും. കൂടാതെ കുടലിലുണ്ടാകുന്ന അർബുദം, മൂലക്കുരു (Hemorroids) നട്ടെല്ലിനുണ്ടാകുന്ന തകരാറ്, പക്ഷാഘാതം തുടങ്ങിയ രോഗങ്ങളിലും മലബന്ധമുണ്ടാകും .

**മാനസിക കാരണത്താൽ (Psychological)**

ഭയം, ആകാംക്ഷ, മടി തുടങ്ങിയ കാരണങ്ങളാൽ മലാശയപേശികളെ പിടിച്ച് നിർത്തുന്ന(Withhold)തിനാലും മലബന്ധമുണ്ടാകും.

**കാരണങ്ങൾ**

1) ഭക്ഷണ രീതി : നാരുവർഗങ്ങൾ കുറഞ്ഞ ഭക്ഷണം
2) **ദ്രാവകങ്ങളുടെ കുറവ്** : വെള്ളമോ മറ്റു ദ്രാവകങ്ങളോ വേണ്ടത്ര കുടിക്കാതിരിക്കുക
3) **വ്യായാമക്കുറവ്** : ശരിയായ വ്യായാമം ചെയ്യാതിരിക്കുക
4) **ചില മരുന്നു സേവ** : മലബന്ധമുണ്ടാക്കും (ഉദാ: വേദന സംഹാരികൾ)
5) **ഇറിറ്റബിൾ ബൗവൽ സിട്രോം** (IBS) : ഇതിൽ ചിലപ്പോൾ മലബന്ധമോ വയറിളക്കമോ മാറി മാറി വരും
6) **ജീവിതശൈലി മാറ്റം** : മാറിവരുന്ന ജോലി സാഹചര്യങ്ങളിലും പകലുറക്കത്താലും രാത്രി ഉറക്കമൊഴിക്കുന്നതിനാലും, കൂടിയ ജോലി ദൈർഘ്യത്താലും
7) **ഗർഭിണികളിൽ** : ഗർഭാശയത്തിന്റെ സമ്മർദ്ദത്താലും ഹോർമോൺ വ്യതിയാനത്താലും ശോധനക്കുറവ് വരാം.
8) വയറിളക്കാനുള്ളമരുന്നുകളുടെ നിത്യസേവ: (Abuse of Laxatives) ശരീരത്തിന്റെ സാധാരണയുള്ള കഴിവിനെ ഇല്ലാതാക്കുന്നു.
9) വേഗധാരണം (ignoring the urge) : മലശോധന വേണമെന്ന തോന്നലിനെ അവഗണിക്കുക. വൃത്തിഹീനമായ ടോയ്‌ലറ്റ് ഉപയോഗിക്കാനുള്ള മടി, ടോയലറ്റിന്റെ അഭാവം (യാത്രയിൽ)
10) **പ്രത്യേകരോഗാവസ്ഥയിൽ** : വാത സംബന്ധമായ അസുഖം, പേശികളുടെ ബലക്കുറവ്, ഹൈപ്പോ തൈറോയ്ഡിസം, പ്രമേഹം, കുടലിലെ അർബുദം തുടങ്ങിയ അസുഖത്താൽ.

**ലക്ഷണങ്ങൾ**

(താഴെപറയുന്ന എല്ലാ ലക്ഷണങ്ങളും കാണണമെന്നില്ല)

1) കുടലിന്റെ ചലനങ്ങൾ പ്രയാസപ്പെടുക (Bowel Movement)
2) വരണ്ട മലം
3) വേദനയോടുകൂടിയ ശോധന
4) വയറ് വേദന
5) ഛർദ്ദിക്കാൻ വരിക
6) ഭയങ്കര തലവേദന
7) ശരീരത്തിന് അസ്വസ്ഥത
8) വയറിളക്കം (മലത്തിന് പകരം ദ്രവം മാത്രം പോകുക
9) വയറ് വീർപ്പ്
10) അധോവായുവിന്റെ ആധിക്യം
11) വിശപ്പില്ലായ്മ

**അനന്തര ദോഷഫലങ്ങൾ**

1) മൂലക്കുരു (Hemorrids, Anal Fissures)
2) ഗുദഭ്രംശം (Rectal Pralapse)
3) ക്ഷീണം തോന്നുക, ഉൻമേഷക്കുറവ്, ഉറക്കം കൂടുക
4) മലത്തിൽ രക്തം കാണുക
5) തലകറക്കം അനുഭവപ്പെടുക

**ചികിത്സ**

കാരണം പറഞ്ഞപ്പോൾ തന്നെ ചികിത്സകൾ ചിലത് സൂചിപ്പിച്ചിരുന്നു. ധാരാളം നാരുവർഗങ്ങൾ അടങ്ങിയ ഭക്ഷണം കഴിക്കുക, ധാരാളം വെള്ളം കുടിക്കുക, മിതമായ വ്യായാമം ദിവസേന ചെയ്യുക, ജീവിത രീതിയിൽ മാറ്റം വരുത്താതിരിക്കുക, രാവിലെ നേരത്തെ എഴുന്നേൽക്കുക, രാത്രി നേരത്തെ കിടക്കുക, വേണ്ടത്ര ഉറങ്ങുക, Junk Food കഴിക്കാതിരിക്കുക, വേഗത്തെ തടയാതിരിക്കുക പഴവർഗ്ഗങ്ങൾ ധാരാളം കഴിക്കുക.

**ആയുർവ്വേദമരുന്നുകൾ**

1) അഭയാരിഷ്ടം 25 ml വീതം 2 നേരം കഴിക്കുക
2) ത്രിഫലചൂർണ്ണം 5gm വീതം ചൂടുവെള്ള

ത്തിൽ കലക്കി രാത്രി കുടിക്കുക

3) ദശമൂലഹരീതകി ലേഹ്യം 10gm രാത്രി കിടക്കാൻ നേരത്ത് കഴിക്കുക

4) ക്ഷീരവസ്തി ചെയ്യുക

**ചില ഗൃഹവൈദ്യങ്ങൾ**

1) രാവിലെ ചുക്കുകാപ്പി കുടിക്കുക

2) 10ml തേൻ, ഇളംചൂടുവെള്ളം, (25ml) ൽ കലക്കി രാവിലെ കുടിക്കുക

3) ദിവസം ക്യാരറ്റ് ജ്യൂസ് കുടിക്കുക

4) ഉണക്കമുന്തിരി ഒരു പിടിയെടുത്ത് ചൂടുവെള്ളത്തിലിട്ട് ആ സത്ത് കുടിക്കുക

5) ധാരാളം ഇലക്കറികൾ കഴിക്കുക

6) രാത്രി അരിഭക്ഷണം ഒഴിവാക്കുക

7) ദിവസേന മൂന്നുലിറ്റർ വെള്ളമെങ്കിലും കുടിക്കുക. എഴുന്നേറ്റ ഉടൻ ഒരു ലിറ്റർ വെള്ളം കുടിക്കുക.

**ഗർഭിണികളിലെ മലബന്ധം അകറ്റാൻ**

1) ചെറിയ പഞ്ചമൂലം കഷായം വെച്ചു കുടിക്കുക.

2) ധാരാളം പഴവർഗങ്ങൾ കഴിക്കുക

3) ത്രിഫലചൂർണ്ണം 5 gm രാത്രി ചൂടുവെള്ളത്തിൽ കുടിക്കുക.

**ശിശുക്കളിലെ മലബന്ധത്തിന് ചികിത്സ**

1) മുലകുടിക്കുന്ന പ്രായത്തിൽ ശിശുക്കളിൽ മലബന്ധം സാധാരണമാണ്. വയമ്പും ചന്ദനവും കൊടുക്കുന്നതിന്റെ കൂടെ കടുക്ക കുറച്ചു കൂടുതൽ അരച്ച് കൊടുക്കുന്നത് ഗുണം ചെയ്യും.

2) ശിശുക്കളിലെ മലബന്ധത്തിന് അമ്മമാർക്ക് ചെറിയ പഞ്ചമൂലം പാൽകഷായം കൊടുക്കുന്നത് ഗുണം ചെയ്യാറുണ്ട്.

3) ബ്രഹ്മിനീര് (പച്ചബ്രഹ്മി ചൂടുവെള്ളത്തിലിട്ട് വാട്ടി) കൽക്കണ്ടം ചേർത്ത് 5ml വീതം 3 നേരം കൊടുക്കുക. രണ്ടോ മൂന്നോ മാസം കൊടുക്കുന്നത് നല്ലതാണ്. മലബന്ധം മാറുന്നു. മാത്രമല്ല ബ്രഹ്മി ബുദ്ധിശക്തിക്കും നല്ലതാണല്ലോ.

4) ഉണക്കമുന്തിരി ചൂടുവെള്ളത്തിലിട്ട് വെച്ച് അതിന്റെ സത്ത് 5ml വീതം 3 നേരം കൊടുക്കുക. ശോധനയുണ്ടാകും.

**മലബന്ധമകറ്റാൻ യോഗാസനം**

പവനമുക്താസനം, വജ്രാസനം, കപാലദാതി, ധനരാസനം, സൂര്യനമസ്കാരം എന്നിവ കുടലിന്റെ ചലനത്തെ ത്വരിതപ്പെടുത്തുകയും കൃത്യമായ മലശോധന ഉണ്ടാക്കുകയും ചെയ്യുന്നു.

## കരയോഗ ധന സഹായ പദ്ധതി


എറണാകുളം കരയോഗം 2015 ൽ സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ ഭാഗമായി നല്കുന്ന വിദ്യാഭ്യാസ ധനസഹായം, വൃക്കരോഗികൾക്ക് ഡയാലിസിനുള്ള ധനസഹായം, സമുദായ അംഗങ്ങൾക്ക് വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, സാധുജനങ്ങൾക്ക് ഭവന നിർമ്മാണം എന്നിവയ്ക്കുള്ള അപേക്ഷാഫോറങ്ങൾ കരയോഗം ഓഫീസിൽ നിന്നും ജൂലായ് 10 -ാം തിയതി മുതൽ 15-ാം തീയതി വരെ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ വിതരണം ചെയ്യുന്നതായിരിക്കും. വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷയ്ക്ക് സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ നിബന്ധനകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം 16 ാം തീയതി മുതൽ 20 ാം തീയതി വരെ കരയോഗം ഓഫീസിൽ നേരിട്ട് നൽകി രസീത് കൈപ്പറ്റേണ്ടതാകുന്നു. സർക്കാർ / എയ്ഡഡ് സ്കൂളുകളിലും, കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമേ വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു. സ്വാശ്രയ കോഴ്സുകളിൽ / കോളേജുകളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**എന്ന്**

**ജനറൽ സെക്രട്ടറി**

# പ്രോസ്റ്റേറ്റ് ഗ്രന്ഥി
# (PROSTATE GLAND)

**ഡോ. സരിത രമേഷ്**




പുരുഷൻമാരുടെ പ്രത്യുത്പാദന വ്യവസ്ഥയുടെ ഭാഗമാണ് പ്രോസ്റ്റേറ്റ് ഗ്രന്ഥി (Prostate gland). മധ്യവയസു വരെ ഈ ഗ്രന്ഥി സാധാരണ നിലയിൽ പ്രവർത്തിക്കുന്നു. ഏകദേശം 50 വയസ്സിനു ശേഷം പലരിലും പ്രോസ്റ്റേറ്റ് ഗ്രന്ഥിക്ക് അസുഖങ്ങൾ വന്നു ചേരാറുണ്ട്.

ചെറിയ ഗ്രന്ഥിയാണ് പ്രോസ്റ്റേറ്റ്. 3 cm നീളവും, 12 - 15 ഗ്രാം ഭാരവും മുത്രസഞ്ചിയുടെ തൊട്ടു താഴെ മലദ്വാരത്തിന് മുന്നിലാണ് പ്രോസ്റ്റേറ്റ് ഗ്രന്ഥി സ്ഥിതി ചെയ്യുന്നത്. മൂത്രനാളി, ശുക്ലനാളി എന്നിവ കൂടി ചേരുന്നത് പ്രോസ്റ്റേറ്റിനകത്താണ്. പ്രോസ്റ്റേറ്റ് ഗ്രന്ഥി വീങ്ങുമ്പോൾ മൂത്രനാളി ഞെരുങ്ങും അപ്പോൾ മൂത്രത്തിന്റെ ഒഴുക്ക് തടസ്സപ്പെടും.

ശുക്ലോത്പാദനവും സ്ഖലന നിയന്ത്രണവുമാണ് പ്രോസ്റ്റേറ്റിന്റെ പ്രധാന ധർമ്മങ്ങൾ. ശുക്ലത്തിന്റെ 85 ശതമാനം ഉത്പാദിപ്പിക്കപ്പെടുന്നത് ഇവിടെയാണ്. സെമിനൽ വെസിക്കിൾ, വൃഷണം എന്നിവിടങ്ങളിൽ നിന്നാണ് ശുക്ലത്തിലെ ബാക്കി ഘടകങ്ങൾ വരുന്നത്. ജനനസമയത്ത് ഇത് ചെറിയ അവയവമായിരിക്കും. നമ്മുടെ ശരീരം വളരുന്നതനുസരിച്ച് പ്രോസ്റ്റേറ്റും വളരും.

ബി.പി.എച്ച് (B.P.H) - ബിനൈൻ പ്രോസ്റ്റാറ്റിക് ഹൈപ്പർപ്ലാസിയ എന്ന അസുഖമാണ് കൂടുതലായി കാണപ്പെടുന്നത്. സാധാരണ മൂത്രമൊഴിക്കാൻ നിന്നാൽ 10 - 15 സെക്കൻഡുകൾ കൊണ്ട് മൂത്രം പുറത്തേക്കു വരും. എന്നാൽ പ്രോസ്റ്റേറ്റ് തകരാറ് വന്നാൽ രണ്ടു മൂന്നു മിനിറ്റ് കഴിഞ്ഞേ മൂത്രത്തിന്റെ ഒഴുക്ക് തുടങ്ങൂ. സെക്കൻഡിൽ 15 - 25 മില്ലിലിറ്റർ മൂത്രമാണ് സാധാരണ പുറത്തേക്ക് പോവുക. അത് 10 മില്ലിയിൽ കുറഞ്ഞാൽ എന്തോ തകരാറ് ഉണ്ട് എന്ന് അനുമാനിക്കാം. ഇടയ്ക്കിടെ മൂത്രത്തിന്റെ ഒഴുക്ക് നിന്നുപോകുന്നതും ഒരു സൂചനയാണ്.

**ലക്ഷണങ്ങൾ (Symptoms)**

1) മൂത്രമൊഴിച്ചു തുടങ്ങാൻ താമസം
2) മൂത്രമൊഴിക്കാൻ പ്രയാസം
3) മൂത്രത്തിന്റെ ധാര കുറയുക
4) മൂത്രം നേർത്തു പോകുക. ഇറ്റിറ്റായി വീഴുക
5) മൂത്രമൊഴിക്കുമ്പോൾ ഇടയ്ക്ക് നിന്നുപോയി വീണ്ടും ആരംഭിക്കുക
6) മൂത്രമൊഴിച്ചാലും മുഴുവൻ പോയിത്തീർന്നില്ലെന്ന അതൃപ്തി
7) ഇടയ്ക്കിടെ മൂത്രമൊഴിക്കാനുള്ള തോന്നൽ, പ്രത്യേകിച്ചും രാത്രിയിൽ
8) മൂത്രം പിടിച്ചു വയ്ക്കാൻ പറ്റാത്ത അവസ്ഥ പാരമ്പര്യമായി B.P.H വരാൻ സാധ്യത കാണുന്നുണ്ട്. പുകവലിയും മദ്യപാനവും ഇതിനുള്ള സാധ്യത കൂട്ടുന്നു. കൊഴുപ്പിന്റെ അളവിന്റെ വ്യതിയാനങ്ങളാണ് മറ്റൊരു ഘടകം. മൂത്രം കെട്ടിനിൽക്കൽ, മൂത്രാശയ അണുബാധ, മൂത്രസഞ്ചി തകരാറുകൾ എന്നിവ Complications ആകാറുണ്ട്.



# NICOTINE ADDICTION
# പുകവലി നിർത്തുവാനുള്ള മാർഗ്ഗങ്ങളും



ഡോ.കല്ല്യാണി മേനോൻ

പുകവലി ഉത്പന്നങ്ങൾ ഏതു രൂപത്തിൽ ആയാലും മാരകവും Addictive വും ആണ്. അവ കാരണം ഉണ്ടാവുന്ന രോഗങ്ങളുടെ ഒരു വലിയ പട്ടിക തന്നെ കഴിഞ്ഞ ലക്കത്തിൽ കാണിച്ചിരുന്നു. കാൻസർ മരണങ്ങളിൽ ലോകത്ത് പ്രഥമസ്ഥാനം ഇന്ന് Lung Cancer ന് ആണ്. അതിൽ 90% കാരണം പുകവലി ആണ്. ഉപയോഗിക്കുന്ന കാലയളവും, അളവും കൂടുന്തോറും Risk കൂടിവരുന്നു. നിർത്തിയാൽ, (65 വയസ്സിന് മേലെ ഉള്ളവർക്ക് പോലും) Risk, അതനുസരിച്ചു കുറഞ്ഞു വരുന്നു. അവ ഉപയോഗിക്കാതിരിക്കുകയാണ് ഏറ്റവും നല്ലത്. ഉപയോഗിക്കുന്നവർ എത്രയും വേഗം നിർത്തുകയും വേണം.

സിഗററ്റു വലിക്കുമ്പോൾ, ആദ്യത്തെ Puff എടുത്ത് 7 സെക്കൻ്റിനുള്ളിൽ Nicotine Effect ഉണ്ടാവുന്നു. Coccain, Heroin എന്നിവ പോലെ Addictive ആയ Nicotine തലച്ചോറിൽ "FEEL GOOD" Neuro Transmitters (B Endorphine, Dopamine, Serotonin) എന്നിവയുടെ Release കൂട്ടുന്നു. അത് മനസ്സിന് സന്തോഷവും ഉത്സാഹവും നൽകുന്നു. Tension, Anxiety കുറയുന്നു. Addiction എളുപ്പം ഉണ്ടാവുന്നു. പുകവലി നിർത്തിയാൽ 24 മണിക്കൂറിനുള്ളിൽ Restlessness, Anxiety ,Irritability, Depression, Difficulty in Concentration മുതലായ Withdrawal Symptoms ഉണ്ടാവുന്നത് Addiction ൻ്റെ ലക്ഷണങ്ങൾ ആണ്.

**പുകവലി നിർത്തുവാൻ**

പുകയില ഉത്പന്നങ്ങളുടെ ഉപയോഗത്തിൻ്റെ ദുഷ്ഫലങ്ങൾ (അവനവനും കുടുംബാംഗങ്ങൾക്കും) മനസ്സിലാക്കി നിർത്തുവാൻ തീർച്ചയാക്കണം.

പുകവലി നിർത്തുവാനുള്ള ദിവസം നിശ്ചയിച്ച് ഉറപ്പിക്കണം. അന്നു മുതൽ ഒരു തരത്തിലുമുള്ള പുകയില ഉത്പന്നങ്ങളും ഉപയോഗിക്കാൻ പാടില്ല. വീട്ടിൽ അവ സൂക്ഷിക്കുവാനും പാടില്ല.

നിങ്ങളുടെ നിശ്ചയം കുടുംബാംഗങ്ങളേയും സ്വന്തക്കാരേയും സുഹൃത്തുക്കളേയും സഹപ്രവർത്തകരേയും അറിയിച്ച്, അതിന് അവരുടെ സഹായസഹകരണം തേടുക.

പുകവലിക്കാനുള്ള അവസരവും Temptation നും ഉണ്ടാക്കാവുന്ന അവസരങ്ങളും ഒഴിവാക്കാൻ നോക്കുക.

ഏലക്ക, കുരുമുളക്, Chewing gum മുതലായവയുടെ ഉപയോഗം ചിലർക്ക് സഹായകരമാണ്.

ചിലർക്ക് മുൻപറഞ്ഞ പോലെ മനസ്സുറപ്പിച്ച് പുകവലി നിർത്താൻ സാധിക്കും.

ചിലർക്ക് Psychological Councelling, Cognitive Behavioral Therapy മുതലായവയ്ക്ക് Psychologist/Trained Councillors ൻ്റെ സഹായം വേണ്ടിവരും.

**പുകവലി നിർത്തുവാനുള്ള മരുന്നുകൾ**

**Nicotine Replacement Therapy (NRT)**

NRT ആണ് ഏറ്റവും കൂടുതൽ പ്രചാരമുള്ള മാർഗം. Nicotine ചെറിയ Dose ൽ കൊടുത്ത് രക്തത്തിൽ ഒരു Low and Sustained Level Maintain ചെയ്തു Withdrawal symptoms

& Craving ഉം Control ചെയ്യാൻ NRT സഹായിക്കുന്നു.

പലരൂപത്തിലുള്ള Nicotine Replacement ഉണ്ടെങ്കിലും (Skin Patches, Spray, Lozenges) ഇന്ത്യയിൽ ലഭിക്കുന്നത് Nicotine Chewing Gum ആണ്.

**Nicotine Gum ഉപയോഗിക്കുന്ന വിധം**

ആദ്യത്തെ 1 - 6 ആഴ്ച 1 - 2 മണിക്കൂർ ഇടവിട്ട് 1 Gum ഉപയോഗിക്കണം. പിന്നത്തെ 6- 9 ആഴ്ച 2 - 4 മണിക്കൂറിൽ 1 Gum പിന്നത്തെ 10 - 12 ആഴ്ച 8 മണിക്കൂർ ഇടവിട്ട്.

12 ആഴ്ചക്കകം Craving മാറി, വലി നിർത്താൻ പലർക്കും സാധിക്കും. Nicotine Gum ഉപയോഗിക്കുമ്പോൾ Chew – Park – Chew എന്ന Method ആണ് ചെയ്യേണ്ടത്.

വളരെ സാവധാനത്തിൽ വേണം Nicotine Gum ചവയ്ക്കുവാൻ. കുരുമുളകിന്റേതു പോലെ സ്വാദ് വരുമ്പോൾ മോണയ്ക്കും, ഒരു കവിളിനും ഇടയിൽ Gum 'park' ചെയ്യണം. (വായിലെ Lining ആയ മൃദു ചർമ്മത്തിൽ കൂടിയാണ് Nicotine Absorb ആവുന്നത്). സ്വാദ് മാറികഴിയുമ്പോൾ വീണ്ടും വായിൽ കൊണ്ടു വന്നു സാവധാനം ചവയ്ക്കണം. ഈ പ്രക്രിയ ആവർത്തിച്ചു കൊണ്ടിരിക്കണം. 20-25 Min ചവച്ചിട്ടും Peppery സ്വാദ് വരാതാവുമ്പോൾ Gum മാറ്റാം.

Gum ചവച്ചു മാറ്റിയശേഷം ഉടനെ വെള്ളം കുടിക്കരുത്. 15 -30 Min കഴിഞ്ഞേ പാടുള്ളു. Acidic ഭക്ഷ്യ വസ്തുക്കൾ (Orange / Grapes)മുതലായവ 1 മണിക്കൂർ നേരത്തേയ്ക്ക് ഒഴിവാക്കണം.

ചവയ്ക്കാൻ ഉപയോഗിക്കുന്ന വായുടെ സന്ധി (Tempero – Mandibular Joint) അസുഖമുള്ളവർ, Blood pressure അധികമുള്ളവർ, Heart Attack കഴിഞ്ഞ ഉടനെ, എന്നീ അവസ്ഥകളിൽ Nicotine Gum ഉപയോഗിക്കാൻ പാടില്ല.

**Nicotine ഇല്ലാത്ത മരുന്നുകൾ**

Vareniclin
Bu Proprion (Zyban)

ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് വേണം കഴിക്കാൻ. സാധാരണ 3 മാസത്തിൽ കൂടുതൽ ഉപയോഗിക്കാൻ പാടില്ല. ഫലം കിട്ടിയില്ലെങ്കിൽ മരുന്നു നിർത്തണം.

ജന്നി (Fits), Depression ന്റെ ചികിത്സക്ക് കൊടുക്കുന്ന ചില മരുന്നുകൾ (MAOI) കഴിക്കുന്നവർ ഈ മരുന്നുകൾ കഴിക്കാൻ പാടില്ല.

## അഭിനന്ദങ്ങൾ



എഴുപതുകളിലെ നക്ഷത്ര തിളക്കം. ആത്മസമർപ്പണത്തിലൂടെ ഏത് പ്രായത്തിലും ഉയരങ്ങളിൽ എത്താമെന്നു തെളിയിച്ച സർഗ പ്രതിഭയാണ് മാലതി ജി മേനോൻ. "പിന്നൽ തിരുവാതിര"യിലൂടെ വൈവിധ്യമാർന്ന ഒരു കലാരൂപത്തെയാണ് ടീച്ചർ നമ്മൾക്ക് കാഴ്ച വെച്ചത്. കീബോഡ്, ഇടയ്ക്ക, കഥകളി എന്നീ രംഗത്തും ടീച്ചർ തന്റെ സാന്നിദ്ധ്യം അറിയിച്ചു.

കേരള ഫോക്‌ലോർ അക്കാദമിയുടെ ഫെലോഷിപ്പ്, Limca Book of National Records അവാർഡ്, പാർവ്വണേന്ദു സ്കൂൾ ഓഫ് തിരുവാതിരക്കും, പിന്നൽ തിരുവാതിരക്കും 3,026 സ്ത്രീകളെ അണിനിരത്തി തിരുവാതിര കളിച്ചതിന് ലഭിച്ചു. Asia book of Records, India Books of Records എന്നിവയിലൂടെയെല്ലാം ബഹുമതികൾ നേടിയ ഈ മഹതി, നമ്മളെയെല്ലാം വിസ്മയതുമ്പത്ത് എത്തിച്ചിരിക്കുകയാണ്. ടീച്ചറുടെ പക്കൽ നിന്നും കലയുടെ പല രൂപങ്ങൾ, തരംഗങ്ങൾ സൃഷ്ടിച്ച് നിർബാധം പ്രവഹിക്കട്ടെ എന്ന് എറണാകുളം കരയോഗം ആത്മാർത്ഥമായി ആശംസിക്കുന്നു.




# കല്പാത്തി ശിവക്ഷേത്രം

വിശ്വപ്രസിദ്ധമായ കല്പാത്തി ശിവക്ഷേത്രം പാലക്കാട് ടൗണിൽ നിന്ന് അഞ്ചു കിലോമീറ്റർ മാറി സ്ഥിതിചെയ്യുന്നു. കളകളാരവത്തോടെ സൗമ്യയായി അതിലേറെ ലജ്ജാമുഖിയായി ഒഴുകി നിങ്ങുന്ന കല്പാത്തി പുഴയുടെ തീരത്താണ് മഹാദേവന്റെ ഈ കല്പാത്തി ക്ഷേത്രം കിഴക്ക് ദർശനമായി നിലകൊള്ളുന്നത്.

നൂറ്റാണ്ടുകൾക്കു മുമ്പ് തമിഴ് നാട്ടിലെ തഞ്ചാവൂരിലെ മായപുരത്തിൽ നിന്നും കാശിക്ക് പുറപ്പെട്ട വൃദ്ധയും, ഭക്തയുമായ ഒരു സ്ത്രീ തീർത്ഥാടനം കഴിഞ്ഞ് ബ്രാഹ്മണർ തിങ്ങി പാർക്കുന്ന ഈ സ്ഥലത്ത് എത്തിച്ചേർന്നു. കാശിയിൽ നിന്നു ഭക്തിപുരസ്സരം കൊണ്ടുവന്ന ശിവലിംഗവും കൈവശമുണ്ടായിരുന്ന സമ്പാദ്യവും എല്ലാം ബ്രാഹ്മണരെ ഏൽപ്പിച്ച്, ഭക്ത അപ്രത്യക്ഷയായി. ബ്രാഹ്മണർ ഈ ശിവലിംഗവും, സമ്പാദ്യവും അന്നത്തെ അവിടെയുള്ള രാജാവിനെ ഏൽപ്പിച്ചു. ഭക്തനായ രാജാവ് ആ പണം ഉപയോഗിച്ച് ക്ഷേത്രം നിർമ്മിച്ച് ശിവലിംഗ പ്രതിഷ്ഠയും നടത്തി, ബ്രാഹ്മണരെ തന്നെ തിരിച്ച് ഏൽപ്പിച്ചു. ഇപ്പോൾ എച്ച്ആർ. ആന്റ് സി. ഇ. യുടെ മേൽനോട്ടത്തിൽ ഭരണവും തമിഴ് ആചാര പ്രകാരത്തിൽ താന്ത്രീക കർമ്മങ്ങളും നടത്തുന്നു.

ആയിരക്കണക്കിന് ആളുകളാണ് കറുത്ത വാവു കഴിഞ്ഞ് പ്രഥമയും, തിങ്കളും കൂടി ചേർന്നുവരുന്ന നാളിൽ ക്ഷേത്രസന്നിധിയിൽ നില്ക്കുന്ന അരയാലിനു ചുറ്റും 108 പ്രദക്ഷിണം വെയ്ക്കുവാൻ എത്തിചേരുന്നത്. തുലാമാസത്തിലെ പൗർണ്ണമിക്ക് അന്നാഭിഷേകം (ചോറ് കൊണ്ട് ശിവലിംഗം മൂടുന്നു) നടത്തുന്നത് ഇവിടുത്തെ ഒരു പ്രധാന ചടങ്ങാണ്. ശിവരാത്രിയും ഇവിടെ ആചാരാനുഷ്ഠാനങ്ങളോടെ ആഘോഷിക്കുന്നു.

തുലാമാസത്തിലെ അവസാനത്തെ ഒമ്പതു ദിവസങ്ങളിലാണ് ഇവിടെ ഉത്സവം ആഘോഷിക്കുന്നത്. പ്രഗത്ഭരായ സംഗീതജ്ഞന്മാരുടെ സംഗീത വിരുന്ന്, രാഗവും, താളവും, ശ്രുതിയും ഒത്തുചേർന്ന ആ നാദധാരയിൽ അലിഞ്ഞ് ആസ്വാദകവൃന്ദം പലതലങ്ങളിൽ എത്തി നിർവൃതി പൂകുന്നു. 7,8,9 ദിവസങ്ങളിലാണ് വിശ്വപ്രസിദ്ധമായ കല്പാത്തി രഥോത്സവം. വിദഗ്ധന്മാരായ തച്ചൻമാർ വർഷങ്ങൾ കൊണ്ട് തേക്കു തടിയിൽ കരവിരുത് തെളിയിച്ച് ദശലക്ഷങ്ങൾ മുടക്കി തയ്യാർ ചെയ്ത രഥത്തിൽ ശിവ പാർവ്വതിയെ അലങ്കരിച്ചിരുത്തി പതിനായിരങ്ങൾ വാദ്യതാള മേളത്തോടെ ഗ്രാമ പ്രദക്ഷിണം വെയ്ക്കുന്നു. രഥം വലിക്കുമ്പോൾ പാപങ്ങൾ അകന്ന് മനസ്സും, ശരീരവും ശുദ്ധമാകുന്നു എന്നാണ് വിശ്വാസം. കല്പാത്തി രഥോത്സവത്തെ പറ്റി കേൾക്കാത്തവരായി ആരും തന്നെയുണ്ടാവില്ല. കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ രഥോത്സവം കല്പാത്തി രഥോത്സവമാണ്. ഈ രഥോത്സവം കാണുവാൻ കാതങ്ങൾ കടന്നും, ഭക്തജനങ്ങൾ എത്താറുണ്ട്. കണ്ണിനും, കരളിനും, ആനന്ദം നല്കുന്നതിനോടൊപ്പം നഗര പ്രദക്ഷിണം വെച്ചു വരുന്ന ദേവിദേവൻമാരെ വരവേൽക്കുവാൻ ഭക്തജനങ്ങൾ വീടുകൾ തോറും വിളക്ക് വെച്ചും, അലങ്കരിച്ചും, പടക്കം പൊട്ടിച്ചും അവർ ഉത്സാഹത്തോടെ കാത്തുനില്ക്കുമ്പോൾ ദേവീദേവന്മാർ ഓരോരുത്തർക്കും അനുഗ്രഹാശിസ്സുകളുടെ പെരുമഴ ചൊരിയുകയാണ്. ജീവിതത്തിൽ ഒരിക്കലെങ്കിലും വിശ്വപ്രസിദ്ധമായ കല്പാത്തി രഥോത്സവം കാണുവാൻ ഭാഗ്യമുണ്ടാവട്ടെ!. ■

## എറണാകുളം കരയോഗം നടത്തിവരുന്ന വിവിധ കലാസാംസ്കാരിക പ്രവർത്തനങ്ങൾ

എറണാകുളം കരയോഗം കലാസാംസ്കാരിക വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസവും നാലാമത്തെ ചൊവ്വാഴ്ച കഥകളി ഉണ്ടായിരിക്കുന്നതാണ്.

എറണാകുളം കരയോഗവും ബീമിന്റെയും സംയുക്താഭിമുഖ്യത്തിൽ എല്ലാ മാസവും പ്രഗത്ഭ സംഘങ്ങൾ അവതരിപ്പിക്കുന്ന കലാപരിപാടികൾ ഉണ്ടായിരിക്കുന്നതാണ്.

ആചാര്യൻ ശ്രീ. കെ. ആർ. നമ്പ്യാരുടെ നേതൃത്വത്തിലുള്ള വേദാന്തക്ലാസ്സുകൾ എല്ലാ ശനിയാഴ്ചയും രാവിലെ 10.30 മുതൽ 12. 00 വരെ നടത്തി വരുന്നു.

എല്ലാ വ്യാഴാഴ്ചയും 4.00 മണി മുതൽ എൽഡർ സിറ്റിസൺസ് ഫോറം അംഗങ്ങൾ ഒത്തുകൂടുന്നു.

വിമൺസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ ബുധനാഴ്ചയും വൈകുന്നേരം 3.00 മണി മുതൽ ഗീതാക്ലാസ്സ് നടത്തുന്നു.

എറണാകുളം കരയോഗത്തിന്റെ സേവന പ്രവർത്തനങ്ങളുടെ ഭാഗമായി ഹോമിയോ, ആയുർവ്വേദം, അലോപ്പതി എന്നിവയിൽ പ്രഗത്ഭരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ കരയോഗാംഗങ്ങൾക്കും പൊതുജനങ്ങൾക്കും സൗജന്യ വൈദ്യസഹായം നല്കി വരുന്നു.

എറണാകുളം കരയോഗത്തിൽ ജ്യോതിഷ പണ്ഡിതൻ എം. എസ്സ്. ഹരിഹരന്റെ സേവനം ലഭ്യമാണ്.

| കലാസാംസ്കാരിക ക്ലാസ്സുകൾ | |
|---|---|
| വ്യാഴം, വെള്ളി<br>വൈകുന്നേരം 4 മുതൽ 6 മണി വരെ | ഭരതനാട്യം, മോഹിനിയാട്ടം |
| ഞായർ<br>രാവിലെ 10 മുതൽ 12 വരെ | വയലിൻ |
| ചൊവ്വ<br>വൈകുന്നേരം 5 മുതൽ 6 വരെ | യോഗാ |
| തിങ്കൾ, ശനി<br>വൈകുന്നേരം 5.30 മുതൽ 6.30 വരെ | കരാട്ടേ |
| ചൊവ്വ<br>വൈകുന്നേരം 4.30 മുതൽ 5.30 വരെ | ശാസ്ത്രീയ സംഗീതം |

## 80 G ആനുകൂല്യം

എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യ സേവന പ്രവർത്തനങ്ങൾക്ക് നല്കുന്ന സംഭാവനകൾക്ക് ആദായ നികുതി വകുപ്പിന്റെ 80 G ആനുകൂല്യം ലഭ്യമാണെന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. സേവന പ്രവർത്തനങ്ങൾക്ക് നിങ്ങൾ നല്കുന്ന സംഭാവനകൾ ജനോപകാരപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നതോടൊപ്പം സംഭാവന നല്കുന്ന മഹത്വ്യക്തികൾക്ക് ആദായനികുതി വകുപ്പിന്റെ ആനുകൂല്യം ലഭിക്കുമെന്നുള്ളത് കരയോഗത്തിന്റെ സേവന പ്രവർത്തനങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവും പകരുമെന്നതിൽ സംശയമില്ല. എറണാകുളം കരയോഗത്തിന്റെ ജിവകാരുണ്യ സേവന പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

**കരയോഗ അംഗങ്ങൾ കരയോഗത്തിൽ ഏല്പിച്ചിരിക്കുന്ന എൻഡോവ്മെന്റ് തുക വളരെ കുറവായതിനാൽ കാലാനുസൃതമായി വർദ്ധിപ്പിച്ചു തരുവാൻ താല്പര്യപ്പെടുന്നു.**



# പരമമായ സത്യം

ആർ. രാജൻ

മനുഷ്യൻ ദുരാഗ്രഹിയാണ് അവന് എന്നും വേണ്ടത് സുഖം മാത്രം. സമ്പത്ത് മാത്രം. മറ്റുള്ളവരുടെ ആവശ്യങ്ങളെപ്പറ്റിയോ ദുഃഖങ്ങളെപ്പറ്റിയോ അവൻ ചിന്തിക്കുന്നില്ല. സ്വാർത്ഥ താൽപ്പര്യ സംരക്ഷണത്തിനായി അവൻ ഏതു വേഷവും കെട്ടുന്നു. ഏത് ഹീന കൃത്യത്തിനും തയ്യാറാകുന്നു. എന്നിട്ടും ആഗ്രഹങ്ങളൊന്നും പൂവണിയാതെ വരുമ്പോൾ അവസാനത്തെ ആശ്രയമായി അവൻ ദൈവത്തെ പ്രാപിക്കുന്നു. അർഹിക്കുന്നതും അർഹിക്കാത്തതുമായ പലതും അവൻ ദൈവത്തോട് യാചിക്കുന്നു.

സമ്പത്തും മികവാർന്ന വിദ്യ, വലുതാം
സന്താന സൗഭാഗ്യവും
ഇമ്പം കാഴ്ചയിലേവനും പകരുമാ-
റാകാരവും രൂപവും
വൻപാർന്നുള്ള പ്രശസ്തിയും നെടിയതാ-
മായുസ്സുമാരോഗ്യവും
അൻപോടേകിയനുഗ്രഹിക്കയിവനെ
കാരുണ്യ കേദാരമേ.


ഇതു സുഖജീവിതത്തിനായുള്ള പ്രാർത്ഥന. ദുഃഖങ്ങളെ അകറ്റി നിർത്തുവാനുള്ള പ്രാർത്ഥന. കുറെനാൾ ഈ സുഖാന്വേഷണങ്ങളുമായി ജീവിച്ചു കഴിഞ്ഞാൽ, കൈവരാത്ത മോഹങ്ങളോടുള്ള ആവേശമൊക്കെ കുറഞ്ഞു തുടങ്ങിയാൽ അവൻ മരണത്തെപ്പറ്റി ചിന്തിക്കുന്നു. മരണത്തിനും അവന് ഭഗവാന്റെ ആവശ്യമുണ്ട്. അതിനുവേണ്ടിയും അവൻ ഭഗവാനെ ആശ്രയിക്കുന്നു. അല്ലലില്ലാത്ത മരണങ്ങളുണ്ട്. രോഗങ്ങളാൽ ദുരിതമനുഭവിച്ചുകൊണ്ടുള്ള മരണങ്ങളുണ്ട്. ദുരന്ത മരണങ്ങളുണ്ട്. ജീവിത സൗഭാഗ്യങ്ങൾ ക്കായി ഭഗവാനെ പ്രാർത്ഥിക്കുന്ന അവൻ, ശയ്യാവലംബിയായി ദുരിതമനുഭവിക്കാതേയും മറ്റുള്ളവർക്ക് ഒഴിച്ചു കൂടാൻവയ്യാത്ത ഭാര മാകാതേയുമുള്ള ഒരു സുഖമരണം പ്രദാനം ചെയ്യുവാൻ കൂടി ഭഗവാനോട് ന്യായമായും യാചിച്ചേക്കാം. അതിന് അവനെ കുറ്റം പറയാമോ?

ഇക്കൈ കാലുകളിൽ വിഭോ! ചലനവും
ഈ നാവിൽ മാധുര്യവും
ഇക്കൺപോളകളിൽ വെളിച്ചമതുപോൽ
കർണ്ണങ്ങളിൽ നാദവും
ഉൾക്കാമ്പിൽ മുഴുഭക്തിയും കരുണയും
ശേഷിക്കവേ ദേവ നിൻ
തൃക്കാക്കൽ ബത ചേർക്കണം മമ മഹാ-
പാപാവൃതം ജീവിതം.

ഇതു സുഖ മരണത്തിനായുള്ള പ്രാർത്ഥന. അന്യരെ ആശ്രയിക്കാതെ മരിക്കുവാനുള്ള പ്രാർത്ഥന. എന്നാൽ ഈ രണ്ടു വിധത്തിലുള്ള പ്രാർത്ഥനകളെക്കൊണ്ടും എന്തെങ്കിലും ഫലം ഉണ്ടാകുന്നുണ്ടോ? ഇല്ലെന്നുള്ളതാണ് സത്യം. ഭക്തൻമാരും സാത്വികൻമാരും ദുരിതങ്ങൾ അനുഭവിച്ച് ജീവിക്കുകയും മരിക്കുകയും ചെയ്യുന്നില്ലേ? ഖലൻമാർ പലരും സുഖമായി ജീവിക്കുകയും മരിക്കുകയും ചെയ്യുന്നില്ലേ? പ്രാർത്ഥനകളെക്കൊണ്ടൊന്നും മനുഷ്യന് വിധിനിർണ്ണയം നടത്താനാകില്ല എന്നല്ലേ നമ്മുടെ ചുറ്റും നടക്കുന്ന സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നത്. ഒരാൾ ആരാകണമെന്നും എങ്ങിനെ ജീവിക്കണമെന്നും ഭഗവാൻ കാലേകൂട്ടി തീരുമാനിച്ചുറപ്പിച്ചിട്ടുണ്ട്. അതിൽ പ്രകാരമേ കാര്യങ്ങൾ നടക്കു. അതിന് യാതൊരു മാറ്റവുമില്ല.

എല്ലാം ദൈവം നിനക്കുന്നതുപടിയുലകിൽ
വന്നുചേരും; പ്രഭാവം
തെല്ലും മറ്റാർക്കുമില്ല കടുകിടയതിലി-
ന്നോരു മാറ്റം വരുത്താൻ
എല്ലാം ദൈവത്തിലർപ്പിക്കുക, തിരുവടിതൻ
ദിവ്യ കാരുണ്യ വർഷം
നിർല്ലോഭം നൽകിടും ഹാ! എവനുമവനവ-
ന്നർഹതപ്പെട്ടതെല്ലാം

ഇതാണ് പരമമായ സത്യം. ഇതിനു വേണ്ടി മനുഷ്യൻ കാത്തിരുന്നേ മതിയാകു. ■



# രണ്ട് യാത്രികർ

**ബാലസുബ്രഹ്മണ്യൻ**

ഭാര്യ ഭക്ഷണം കഴിക്കേണ്ടതിലേക്കുള്ള തയ്യാറെടുപ്പിലാണ്. ഭാര്യയും ഭർത്താവും പൊതികൾ പങ്കിട്ടു. കൂടുതൽ വന്ന പൊതി കൈയ്യിലെടുത്ത് അവൾ ഭർത്താവിന്റെ മുഖത്തേക്കു നോക്കി. ഭർത്താവ് പൊതി വാങ്ങി എന്റെ നേർക്കു നീട്ടി.

''ഇഡലിയും വടയുമാണ്. ഇനി അടുത്തൊന്നും നല്ല ഭക്ഷണം കിട്ടില്ല. അതുകൊണ്ട് വാങ്ങിച്ചതാ. സമയമായിട്ടില്ലെങ്കിൽ പിന്നീട് കഴിച്ചാൽ മതി.''

ഇത് എന്നോടുള്ള കടം വീട്ടലോ - അതിൽ കൂടെയുള്ള പകപോക്കലോ? അൽപസമയത്തേക്ക് ഒന്നിനും വയ്യാത്ത അവസ്ഥയിലായി. നിരാകരിച്ചാൽ ആയത് തികച്ചും ധിക്കാരപരമായ ഒരു ഏർപ്പാടായിരിക്കും. എന്റേതായ രണ്ടു കാപ്പിയുടെ വക അയാൾ വശം ഉള്ളതുകൊണ്ട് കടം വീട്ടിയതാകാം. അപ്പോൾ ഇതിന്റെ വക എത്രയാണ്. അന്വേഷിച്ചാൽ അതും മോശമാവില്ലെ - അൽപം ജാള്യത്തോടെ പേഴ്സിനായി പരതി പേഴ്സ് എടുത്തു.

''ധൃതിവയ്ക്കണ്ട - സമയമുണ്ടല്ലോ'' അയാളുടെ മുഖത്ത് ജയിച്ചതിന്റെ ഒരു തെളിച്ചം - ആകെ വിഷമത്തിലായി. ബാധ്യതകളിൽ നിന്ന് മുക്തി നേടണമെന്നുണ്ടായിരുന്നു. പക്ഷെ ആയവ വീണ്ടും വീണ്ടും തുടരുന്നു. തുടങ്ങി വെച്ചത് ഞാൻ തന്നെയല്ലെ -

ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ സ്വാദിനേക്കാളേറെ മറ്റെന്തോ ഒന്ന് തൊണ്ടയിൽ അനുഭവപ്പെട്ടു. ജനലിൽ തലചാച്ച് മയങ്ങുന്ന ഭാര്യ - ചൂട് അധികരിച്ചു വരുന്നു. അയാൾ എഴുന്നേറ്റുപോയി. സിഗരറ്റോ മറ്റോ വലിക്കാനാകാം അറിയാതെ ഇടയ്ക്ക് ദൃഷ്ടികൾ അവളിലേയ്ക്ക് തെറിച്ചു വീണു. കാറ്റടിച്ച് പാറിക്കളിക്കുന്ന ചെമ്പിച്ചു ചുരുണ്ട അളകങ്ങൾ അവളുടെ മുഖത്തിനു സൗന്ദര്യം അധികരിപ്പിച്ചു. ഓർമ്മകൾ അതിവേഗം പുറകോട്ടോടി ഏതോ ഒരു അടുത്ത പരിചയത്തിന്റെ നിഴൽ ആ മുഖത്ത് കണ്ടു. ചുരുണ്ട് ഇടതൂർന്ന് ശക്തിയുള്ള മുടികൾ, അനുസരണയില്ലാത്ത അളകങ്ങൾ കാറ്റിന്റെ ശക്തിക്കൊത്ത് മുഖത്ത് നൃത്തം വെയ്ക്കുന്നു. നിറം വെളുപ്പ് അല്ലെങ്കിലും കറുപ്പാണെന്ന് പറയവയ്യ എവിടെയോ അടുത്തറിഞ്ഞ ഒരു ഛായ ആ മുഖത്ത് കാണാൻ കഴിഞ്ഞു. ജീവിതം 55 കൊല്ലങ്ങൾ ഏകനായി പിന്നിട്ട തനിക്ക് ഓർക്കാൻ അനുഭവങ്ങളും അനുഭൂതികളും അധികമില്ല. പത്താം ക്ലാസ്സ് കഴിഞ്ഞ് തുടർന്നു പഠിക്കാൻ കഴിയാതെ കലയും കലാസമിതികളുമായി കഴിഞ്ഞകാലം. അന്ന് ആ കൊച്ചു ഗ്രാമത്തിൽ ഉണ്ടായിരുന്നവർ ആരും തന്നെ ഇപ്പോൾ എവിടെ യാണെന്നറിയില്ല. താനും ആ ഗ്രാമം വിട്ടിട്ട് കൊല്ലങ്ങൾ 35 കഴിഞ്ഞെങ്കിലും എന്നും കാത്തു സൂക്ഷിച്ചുകൊണ്ടു നടക്കുന്ന നിത്യ ഹരിത ഓർമ്മകൾ മാത്രം ഇന്നും കൂട്ടിനായുണ്ട്. കൃഷ്ണനെഴുത്തച്ഛന്റെ വയൽ വരമ്പത്തുകൂടെ നടന്ന് ഇടവഴിയിലേയ്ക്ക് കയറുമ്പോൾ അപ്പുറത്തെ പറമ്പിൽ പശുവിനെ കെട്ടാനായി വരുന്ന പാവാടക്കാരി പെൺകുട്ടി. ഉത്രാളി ക്കാവിലെ ഉത്സവത്തിന് വിരിഞ്ഞു പൊട്ടുന്ന അമിട്ടിന്റെ വർണ്ണ പ്രകാശ നിറങ്ങളിൽ ചാലിച്ചെഴുതിയ മുഖം, ഒരിക്കൽ തളത്തിൽ കൈയ്യില്ലാത്ത കസേരയിൽ ഇരിക്കുന്ന തന്റെ നേർക്ക് വന്നയവസരം കോഴിക്കാഷ്ഠം ചവുട്ടി മടിയിലേയ്ക്ക് കമിഴ്ന്ന് വീണ മുഖം, ദിവസവും തോട്ടിൽ കുളികഴിഞ്ഞ് മടങ്ങുമ്പോൾ ചിറ്റമ്മയുമായി വീട്ടുമുറ്റത്ത് അമ്മയോട് സംസാരിച്ച് നിൽക്കാറുള്ള മുഖം. ആ കൊച്ചു കൊച്ചു ഓർമ്മകളുടെ വളപ്പെട്ടിയിൽ കണ്ട മുഖങ്ങളുമായി ഏറെ അടുപ്പമുള്ള മുഖം. നീണ്ട 35 വർഷങ്ങൾക്ക് ശേഷം വീണ്ടും കാണുകയാണെന്നു തോന്നിപ്പോയി.

അവൾ ഒന്നിളകി ഉണർന്നു. ഞാൻ കൈ കഴുകാൻ പോകവെ ഭർത്താവ് തിരിച്ചെത്തി.

വണ്ടി ഒരേ താളത്തിൽ താളം കൊട്ടി മുന്നോട്ട് കുതിച്ചു നീങ്ങി. രണ്ട് രാത്രികൾ പിന്നിട്ട പരിചയം ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ മാനസികമായ ഒരടുപ്പം എല്ലാവരും തമ്മിൽ ഉണ്ടായിട്ടുണ്ടോ എന്നൊരുതോന്നൽ. എല്ലാ നേരവും കണ്ടുകൊണ്ട് ഇരിക്കുന്ന മുഖങ്ങൾ. എന്നിരുന്നാലും തമ്മിൽ അറിയാത്ത, അറിയിക്കാൻ ആഗ്രഹിക്കാത്ത ജീവിതാനുഭവങ്ങളുടെ സ്വകാര്യസമ്പാദ്യങ്ങൾ എല്ലാവരിലും ഉണ്ട്. ഓരോ വ്യക്തികളും താന്താങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. സ്വവസതിയിലെന്നപോലെ.

വണ്ടിയുടെ അകത്തളം തൂത്തുവാരി വൃത്തിയാക്കുന്ന ഒരു വൃത്തികെട്ട കറുത്ത രൂപത്തെ മറിച്ചു കടന്ന് ഞാനെന്റെ ഇരിപ്പിടത്തിൽ സ്ഥാനം പിടിച്ചു. സ്വൽപം പൊടിവലി ഭക്ഷണത്തിനു ശേഷം പതിവുള്ളതാണ്. മടിച്ചാണെങ്കിലും കരുതലോടെ ഡബ്ബതുറന്നു പൊടിയെടുത്ത് ടവ്വലുകൊണ്ട് മറപിടിച്ചു വലിച്ചു. അയാൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒരു പക്ഷെ - എന്റെ പ്രയോഗം അയാളുടെ ഭാര്യയ്ക്ക് ഉപദ്രവം ആകുമോ എന്നു കരുതിയിട്ടാവാം ഞാൻ സംശയിച്ചു. വേണ്ടാ, ഇനി മറ്റെവിടെയെ ങ്കിലും പോയിട്ടാകാമെന്ന് നിശ്ചയിച്ചു. അന്തരീക്ഷത്തിൽ ചൂട് അധികരിച്ചു കൊണ്ടിരുന്നു. അവരുടെ ഒതുക്കിപ്പിടിച്ചുക്കൊണ്ടുള്ള സംസാരത്തിനിടയിൽ ഇടക്കിടെ അവൾ ഭംഗിയായി ചിരിക്കുന്നുണ്ട്. ജീവിത പ്രാരബ്ധങ്ങളുടെ തഴമ്പ് അവളുടെ മുഖത്തില്ല. അവിടേയ്ക്ക് അവർ എത്തിക്കാണില്ല. തീർച്ച.

ഞാൻ എന്റെ മാഗസിനെടുത്ത് വെറുതെ മറിച്ചു നോക്കിക്കൊണ്ടിരുന്നു. അക്ഷരങ്ങൾ ദൃശ്യവേദിയിലെ പശ്ചാത്തലവും, ചിന്തകൾ കഥാപാത്രങ്ങളുമായ അനുഭവങ്ങൾ - ഓർമ്മകൾ, അനുഭൂതികൾ! വണ്ടി എല്ലാം അരച്ചു മെതിച്ചു ലക്ഷ്യത്തിലേയ്ക്കുകുതിച്ചു കൊണ്ടിരിക്കുമ്പോഴും ശാന്തമായി - ആകാംക്ഷകളില്ലാതെ ഓർമ്മകളുടെ മഞ്ചാടിക്കുരു വാരി കളിച്ചു കൊണ്ടിരിക്കുന്ന ജനം. ആധാരമായ ഭൂമിയും ചുറ്റുപാടും പിറകോട്ട് ഓടിമറയുമ്പോഴും എന്റെ കെട്ടഴിച്ചുവിട്ട ഓർമ്മകൾ പുറം ദൃശ്യങ്ങൾക്കൊപ്പം ഭൂതകാലത്തിലേയ്ക്ക് ഊളിയിട്ടിറങ്ങി. അയൽപക്കത്തെ പെൺകുട്ടികളെ മടിയിലിരുത്തി തല പിന്നിയിട്ട് കണ്ണെഴുതി പൊട്ടുതൊടുവിക്കാറുള്ള അമ്മ. ആരോഗ്യം നന്നേ കുറവായിരുന്നു അമ്മയ്ക്ക്. നാല് ആൺ മക്കൾക്ക് ജീവൻ കൊടുത്തപ്പോഴും ഒരു പെൺകുഞ്ഞിനായി ഏറെ ദാഹിച്ചിരുന്നു. ചുറ്റുപാടിലുള്ള എല്ലാ പെൺകുട്ടികളേയും ഏറെ പ്രിയമായിരുന്നു അമ്മയ്ക്ക്. കുഞ്ഞിനോടൊപ്പം ഇടയ്ക്ക് വീട്ടിൽ വരാറുള്ള കൂട്ടുകാരി അമ്മിണിയമ്മയുടെ വളർത്തുമകളെ അമ്മയ്ക്ക് ഏറെ ഇഷ്ടമായിരുന്നു. മരുമകൾ ആക്കാൻ കഴിഞ്ഞാൽ എന്ന മോഹവും അതിയായിട്ടുണ്ടായിരുന്നു. അമ്മിണിയമ്മയ്ക്ക് മറിച്ചൊരു അഭിപ്രായം ഉണ്ടാകില്ലെന്നുമറിയാം. പക്ഷെ - തൊഴിലൊന്നുമില്ലാതിരുന്ന മകന് വേണ്ടി ആലോചിക്കാൻ ധൈര്യം വന്നില്ല. ആലുവായിലേക്ക് താമസം മാറ്റേണ്ടി വന്ന അമ്മിണിയമ്മ അവിടെ നിന്നും എഴുതുമ്പോൾ മലയാളം അറിയാൻ പാടില്ലാത്ത അവരുടെ എഴുത്തുകൾ വളർത്തുമകൾ മണിയുടെ വടിവൊത്ത അക്ഷരങ്ങളിലൂടെ കുശലം പറഞ്ഞു. മണിക്ക് ആലോചനകൾ പലതും വരുന്നതായിട്ട് അറിയാം. തുടർന്ന് അന്വേഷിക്കാൻ ആയില്ല. കാലം രണ്ടുപേരേയും ഏറെ അകലങ്ങളിൽ എത്തിച്ചു. ജീവിതത്തിന്റെ അന്ത്യശ്വാസം വലിച്ചു കിടക്കുമ്പോഴും, അബോധാവസ്ഥയിൽ ശോഷിച്ച ഞരമ്പുകളും അസ്ഥികളും മാത്രമായ കൈകൾകൊണ്ട് തന്നെ മാറോടുചേർത്ത് അടക്കിപിടിച്ചപ്പോഴും ആ ശരീരത്തിൽ ചൂടാറാതെ ആ മോഹം ഉണ്ടായിരുന്നിരിക്കണം. അമ്മയ്ക്ക് അത്രയ്ക്കും ഇഷ്ടമായിരുന്നു മണിയെ. 35 വർഷങ്ങൾ പിന്നിട്ടിട്ടും ഇന്നും ചേതനയറ്റ ആ ശരീരത്തിന്റെ മരവിച്ച തണുപ്പ് ഓർമ്മകളെ മനസ്സിൽ ശിതീകരിച്ചിട്ടിരിക്കുന്നു പ്രായമാകാതെ.

ചൂട് നന്നായി അധികരിച്ചിരിക്കുന്നു. ആദ്യമായിട്ടാണ് വടക്കോട്ട് ഇത്രയും ദൂരം യാത്ര ചെയ്യുന്നത്. ഡൽഹി പരിചയമില്ലാത്ത സ്ഥലമാണെങ്കിലും ഓഫീസ്കാര്യമായതുകൊണ്ട് ആയത് ഒരു പ്രശ്നമല്ല. സാധിച്ചാൽ ആഗ്രയിൽ പോകണമെന്നുണ്ട്. വിയർപ്പുകൾ പൊടിഞ്ഞിരിക്കുന്ന ആ മുഖം, മുറികൾ അലങ്കരിക്കാൻ പ്രഭാതത്തിൽ പറന്നെത്താറുള്ള പുഷ്പങ്ങളുടെ ഓർമ്മ ഉണർത്തി. ചുറ്റുപാടും കണ്ണുകൾ ഓടിച്ച് ഒരു കാവൽക്കാരനെപ്പോലെ ഭർത്താവ് ഇരിക്കുന്നു.

തണുത്ത പാനീയങ്ങളുമായി ഒരാളെത്തി. ഞാൻ ഒരു സ്പ്രിന്റ് വാങ്ങിച്ചു. എനിക്ക് ഏറെ ഇഷ്ടം അതിനോടാണ്. ഭാര്യ ഭർത്താവിന്റെ മുഖത്തു നോക്കി. അയാൾ രണ്ടു കുപ്പി ഉടനെ വാങ്ങിച്ചു. സ്വാദിഷ്ടമായ പാനീയം നുണഞ്ഞിറക്കുമ്പോഴും അതിലുപരി ശീതീകരിച്ച കുപ്പി ആ കൈയ്യിൽ ഒതുങ്ങിയിരിക്കുന്നത് കാണുവാൻ ഏറെ സുഖം തോന്നി. പാനീയം പെട്ടെന്നകത്താക്കിയ ഞാൻ തിരക്കിൽ കരുതിവച്ചിരുന്ന 100 രൂപ നോട്ട് വെച്ചു നീട്ടി മൂന്നെണ്ണത്തിന്റേയും പണം എടുത്തുകൊള്ളുവാൻ പറഞ്ഞു. പ്രതിഷേധത്തിന്റെ നേരിയ നിഴൽ ഭാര്യയുടെ മുഖത്തും അവിടെന്ന് ഭർത്താവിന്റെ മുഖത്തേക്കും വ്യാപിച്ചു. രണ്ടു പേരും ധരിച്ചുകാണും ഞാൻ കടം വീട്ടുകയാണെന്ന്. എന്നാലും ഒരു കടുത്ത പ്രതികരണം ഉണ്ടായില്ല. ഏറെ ശ്രദ്ധിച്ച് അൽപം പൊടി വലിച്ചു - അയാൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. തീർച്ചയായും ഇനി ആവർത്തിക്കില്ലെന്ന് മനസ്സിലുറപ്പിച്ചു. പൊടിയുടെ അനുഭൂതിയിൽ വീണ്ടും ഓർമ്മകളിലേക്ക് ഊളിയിട്ടിറങ്ങി വണ്ടിക്കൊപ്പം നീങ്ങി. അൽപം സങ്കോചത്തോടെയെങ്കിലും പൊടി ആവശ്യപ്പെട്ടപ്പോൾ മനസ്സിലായി അദ്ദേഹത്തിനു വിരോധം കൊണ്ടല്ല ആവശ്യമാണ് ശ്രദ്ധിക്കാൻ പ്രേരിപ്പിച്ചത് എന്ന്. ഒരിക്കൽ ഇദ്ദേഹവും ഈ ശീലക്കാരനായിരിക്കാതെ തരമില്ല. വിവാഹം ആയത് തടഞ്ഞു നിർത്തിയതായിരിക്കണം. ഭാര്യയുടെ എടുത്തെറിഞ്ഞ നോട്ടം അതു വിളിച്ചറിയിച്ചു. ഈ ഒരു അസ്വാതന്ത്ര്യ അവസ്ഥയ്ക്ക് അടിമപ്പെടാതിരുന്നതിൽ സ്വാഭിമാനം കൊണ്ട് അദ്ദേഹത്തിന്റെ കൂട്ടിനായി ഒരാവർത്തികൂടി വിശദീകരിച്ച് വലിക്കാൻ അതൊരു പ്രേരണയായി.

ഒരു നല്ല കഥാബീജം മനസ്സിൽ മുളയെടുക്കുകയാണ്. ഡയറി എടുത്ത് കുറിച്ചു ബന്ധങ്ങൾ - ബന്ധനങ്ങൾ. അറിയാതെ ബന്ധിക്കപ്പെട്ടെങ്കിലും, ബന്ധപ്പെടാൻ ഇഷ്ടപ്പെടാതെ അറച്ചുമാറി വിട്ടുമാറി ശ്രമിക്കുമ്പോഴും എവിടെയോ എന്തിന്റെയോ പേരിൽ ബന്ധിക്കപ്പെടുന്നു!

ഇപ്പോൾ തമ്മിൽ സംസാരിച്ചാൽ വേണ്ടില്ലെന്നുണ്ട്. പക്ഷെ എന്തു സംസാരിക്കാൻ ഇനി അടുത്തറിയാൻ തന്നെ എന്തുണ്ട്. അറിഞ്ഞിട്ട് എന്തു കാര്യം. ഒരു വണ്ടിയിലെ രണ്ടു യാത്രക്കാർ. യാത്ര തീരുന്നേടം വഴികൾ പിരിഞ്ഞ് പോകുന്നു പിന്നെ എന്തിന്? എപ്പോഴും തോന്നാറുള്ളതാണ്. ജീവിതം തന്നെ - അപരിചിതമായ ഒരു ചുറ്റുപാടിലേക്ക് സ്വയം കയറി ചെന്ന്, സ്വന്തവും ബന്ധവും, വേദനയും വെറുപ്പും, സ്നേഹവും സമ്പത്തും, പ്രൗഢിയും പ്രതാപവും എല്ലാം ചുറ്റിലും കെട്ടി ഉയർത്തി ഒരു ദിവസം എല്ലാം ഉപേക്ഷിച്ച് ആരോടും ഒരു ബാധ്യതയുമില്ലാതെ ഇറങ്ങിപോകുന്നു. ദിക്കുകളിലും ദിശകളിലും നിശ്ചയങ്ങളിലും ഒതുങ്ങാത്ത യാത്ര. എല്ലാം ഉണ്ടെന്ന പൊള്ളയായ ബോധം പ്രേരണകളെ ഉണർത്തുന്നു. അറിയാമായിരുന്നിട്ടും ഓർക്കാൻ ഇഷ്ടപ്പെടാത്ത സത്യങ്ങളിലേക്ക് അനുനിമിഷം അടുത്തുകൊണ്ടിരിക്കുമ്പോഴും സ്വീകരിക്കാനാവാതെ അറച്ചു നിൽക്കുന്നു. അവസരങ്ങൾ നൈമിഷികമാണെന്നറിഞ്ഞിട്ടും അതിനെ അടുത്തറിയാൻ ആഗ്രഹിക്കുന്നില്ല. ചുറ്റുപാടുകളെ തുറന്നറിഞ്ഞുകൊണ്ടുള്ള ഒരു യാത്ര എപ്പോഴും ആനന്ദകരവും, ആസ്വാദ്യകരവുമല്ല? അറിയാം - എങ്കിലും ഒരു വിഷയം കണ്ടെത്താൻ പലപ്പോഴും ആകാറില്ല. എങ്ങോട്ടായിരിക്കും? ആകെയുള്ള ഒരു ചോദ്യം അതാണ് - പക്ഷെ - എന്തിന്?, അറിഞ്ഞിട്ടെന്തു കാര്യം? അവർക്കങ്ങനെ തോന്നിയകൊണ്ടായിരിക്കണം അയാളുടെ ഭാവം അത്ര സുഖകരമല്ല താനും.

ജാലകങ്ങളിലൂടെ ചൂടുള്ള കാറ്റ് ആഞ്ഞടിച്ചു കൊണ്ടിരുന്നു. നോക്കെത്താത്ത ദൂരം പരന്നു കിടക്കുന്ന കരിഞ്ഞ ഭൂമിയിലൂടെ വണ്ടി കുതിച്ചോടി.

''ഇത്ര കടുത്തചൂട് മുമ്പൊരിക്കലും ഉണ്ടായിട്ടില്ല''. ഭർത്താവ് ആരോടെന്നില്ലാതെ പറഞ്ഞു. ഉള്ളിൽ ഭയമായി. പുറപ്പെടുന്നതുവരെ ഓരോ ദിവസവും താപനില ശ്രദ്ധിക്കുമായിരുന്നു 44 - ൽ നിന്നും 41 ലേയ്ക്ക് വന്നപ്പോൾ സമാധാനമായി - കുറഞ്ഞ് വരികയാണ് - ഡൽഹി തന്നെ സംബന്ധിച്ചിടത്തോളം പുതിയ അനുഭവമാണ്. ഈ അന്തരീക്ഷം അത്ര നല്ലതല്ല. ഒഴിഞ്ഞുമാറാൻ എത്ര ശ്രമിച്ചതാണ് നടന്നില്ല.

''ഡൽഹിയിൽ ചൂട് കുറഞ്ഞതായിട്ടാണല്ലോ റിപ്പോർട്ട്'' സംസാരത്തിനു വേണ്ടി തുടങ്ങിവച്ചു. ഭാര്യ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഭർത്താവ് വാചാലനായി. ''അതെല്ലാം റിപ്പോർട്ടിലല്ലേ- എന്താ ഡൽഹിയിൽ ആദ്യമായിട്ടാണോ? അവിടെ ആരെങ്കിലുമുണ്ടോ?''

"ഒന്നു രണ്ടു സുഹൃത്തുക്കൾ ഉണ്ട് - അവർക്ക് എഴുതിയിട്ടുണ്ട്"

"എങ്കിലും ഈ സമയം അത്ര നല്ലതല്ല ഡൽഹി വേണ്ടത്ര ആസ്വദിക്കാനാവില്ല"

"എന്താ നിങ്ങൾ ഡൽഹിക്കാണോ?"

"അല്ല ഞങ്ങൾ ആഗ്രയിൽ ഇറങ്ങും"

ഒരു നഷ്ടബോധം എവിടുന്നോ ഓടി വന്നു.

"ഉദ്യോഗം അവിടെ ആയിരിക്കും?"

"അതെ"

"ഡൽഹിയിലേക്ക് ഇനി എത്ര നേരം വേണ്ടി വരും"

"ഉദ്ദേശം നാലു മണിക്കൂർ "

വണ്ടി ആഗ്ര അടുക്കാറായി, രണ്ടു കൂട്ടർക്കും കൂടുതൽ കൂടുതൽ അറിയണമെന്ന് തോന്നി. ഭാര്യ സാധനങ്ങൾ ഒതുക്കുവാൻ തുടങ്ങി. മുടി ചീകി ഒതുക്കി.

"അങ്കിൾ എവിടെ?"

"എറണാകുളത്തു തന്നെ"

"എനിക്ക് എറണാകുളത്ത് കുറച്ച് സുഹൃത്തുക്കൾ ഉണ്ട്"

"എവിടെയാണ്"

"എന്റെ നാട് പെരുമ്പാവൂർ - വിവാഹം കഴിച്ചത് ആലുവായിൽ നിന്ന് "

ആലുവായ്... ഓടി മറയുന്ന ഓർമ്മകൾ. അന്ന് 35 കൊല്ലങ്ങൾക്കു മുമ്പ് മടങ്ങിയപ്പോൾ....... മറഞ്ഞു കിടക്കുന്ന ഒട്ടനവധി ഓർമ്മകൾ. സുഖമുള്ള അനുഭൂതികൾ മേൽ പാലത്തി നടുത്തുള്ള പെട്രോൾ ബങ്കും തടിമില്ലും മറ്റും....

"ആലുവായിൽ എവിടെ? "

"അവിടെ - "

"അമ്മിണിയമ്മ... അവരുടെ വളർത്തു മകൾ സരോജം... മണിയെന്നു വിളിക്കും ന്താ അറിയുമോ?"

പരിചയമുണ്ട് എന്റെ അമ്മയും അമ്മിണി യമ്മയും വലിയ പരിചയക്കാരായിരുന്നു. മണിയും ഞാനും ചെറുപ്പമായിരുന്നു. അമ്മിണിയമ്മ കുളിക്കാൻ പോകുന്നത് വീട് വഴിയാണ്... കണ്ടിട്ടുണ്ട്... അപ്പോൾ ഈ കുട്ടി?

"അവരുടെ മകളുടെ മകൾ ശാലിനി...."

ആദ്യമായി അവൾ കൈകൂപ്പി ചിരിച്ചു. ഓർമ്മകളിൽ സൂക്ഷിച്ചുവച്ച ആ ചിരി. വണ്ടിയുടെ വേഗത കുറഞ്ഞു. അയാൾ എഴുന്നേറ്റു ലഗേജുകൾ ഒരുക്കുന്ന ശ്രമ ത്തിലാണ്. കുറെക്കൂടി അറിയണമെന്നു ണ്ടായിരുന്നു. പക്ഷെ രണ്ടു പേരും അവരവരുടെ കൃത്യത്തിൽ മുഴുകിയിരിക്കുകയാണ്. വണ്ടി നിന്നു. അകത്തും പുറത്തും ബഹളങ്ങൾ. അവൾ എഴുന്നേറ്റു. എന്റെ തുറിച്ചുള്ള നോട്ടം കണ്ടത് പെട്ടെന്നായിരുന്നു. അൽപം നീരസം ആ മുഖത്ത് നിഴലിച്ചു. ഞാൻ ആർത്തിയോടെ ആരാഞ്ഞു.

"പേര് പറഞ്ഞില്ല"

"മോഹനൻ -"

അച്ഛനും അമ്മയും എല്ലാം നാട്ടിലായി രിക്കും.. അറിയാനായി എത്രയോ കാലം കാത്തിരുന്നതാണ്. ഒരിക്കലെങ്കിലും ഒന്നു കാണണം എന്നുണ്ടായിരുന്നു. വിവരങ്ങൾ അറിയാനെങ്കിലും ആയല്ലോ. ആ അവസരം ഇത്രയും അടുത്ത് സുഗമമായി ലഭിക്കുമെന്ന് കരുതിയില്ല. ദൈവത്തിനോട് നന്ദി പറഞ്ഞു. ഏറെ അറിയാനുള്ള ആഗ്രഹം പതഞ്ഞു പൊങ്ങി. അവർ സാമഗ്രികൾ കോറീഡോറിലേക്ക് നീക്കികൊണ്ടിരിക്കുകയാണ്. ഒരു നിമിഷം തിരക്കൊന്നു കുറയാൻ കാത്തിരുന്നു.

"അച്ഛനും അമ്മയും ... നാട്ടിലായിരിക്കും?"

"അച്ഛൻ ഇവൾക്ക് അഞ്ചു വയസ്സുള്ളപ്പോൾ മരിച്ചു. ഒരു ബസ്സ് ആക്സിഡന്റായിരുന്നു". അമ്മയെ ക്കുറിച്ചറിയാൻ ജിജ്ഞാസ തോന്നി. രണ്ടുപേരും ഫ്ളാറ്റ് ഫോമിൽ ഇറങ്ങി കഴിഞ്ഞു. തുറന്നിട്ട വാതിൽ വരെ അനുഗമിച്ചു. ശാലിനിയെ ഒന്ന് കൺകുളിർക്കെ കാണാൻ അതിരറ്റ മോഹം. അതേ കണ്ണുകൾ - ഇടതൂർന്ന പീലിയുള്ളവ - ഊക്കോടെയുള്ള ഒരു കാറ്റ് അവളെ ഒന്നുലച്ചു.

"ഏതായാലും അമ്മയ്ക്ക് എഴുതുമ്പോൾ അറിയിക്കു ഇങ്ങനെ ഒരാളെ കണ്ടതായിട്ട്.." അയാൾ അടുത്തു വന്നു. ഞാൻ പറഞ്ഞത്

കേട്ടുകാണുമോ വീണ്ടും ആവർത്തിച്ചു. അയാൾ അടക്കിപ്പിടിച്ചുകൊണ്ട് അടുത്തുവന്നു പറഞ്ഞു. “അമ്മ മരിച്ചു.. ഇന്നലെയായിരുന്നു സഞ്ചയനം. അതു കഴിഞ്ഞ് മടങ്ങ്വാ.......”

അവൾ സാരി തുമ്പുകൊണ്ട് കീഴോട്ടു നോക്കി കണ്ണു തുടച്ചു. വേദനകൾ ഉള്ളിലേയ്ക്ക് ഒതുക്കി. ആശ്വസിപ്പിക്കാനോ - സ്വയം ആശ്വസിക്കാനോ ആയില്ല. വണ്ടി ചലിച്ചു. 35 വർഷങ്ങളായി മനസ്സിൽ തളിർത്ത ഓർമ്മകളായി തഴച്ചു നിന്നിരുന്ന ആ അനുഭൂതികളെ സംസ്ക്കരിച്ച ഈ നിമിഷത്തെ മനസ്സറിഞ്ഞു ശപിച്ചു. ചോദിക്കേണ്ടിയിരുന്നില്ല. എവിടെയോ ഉണ്ടെന്ന വിശ്വാസവും ഒരിക്കലെങ്കിലും കാണാൻ കഴിയുമെന്ന മോഹവും ഒരു സുഖമായിരുന്നു. എന്നെക്കുറിച്ച് ഓർത്തിരിക്കുമോ.... കാണാൻ ആഗ്രഹിച്ചിരിന്നിരിക്കുമോ.. വണ്ടിയുടെ വേഗതക്കൊപ്പം ഓർമ്മകളും പുറകോട്ടോടി....

ശാലിനിയേയും മോഹനനേയും പിന്നിട്ട് വണ്ടി മരങ്ങൾക്കിടയിലൂടെ മുന്നോട്ടു പാഞ്ഞു. അവിടെ ചുരുണ്ട മുടിയും ഇടതൂർന്ന പീലികളുള്ള കണ്ണുകളും ഞാൻ കണ്ടു. അവ എന്നെ പിന്തുടരുന്നുണ്ടായിരുന്നു.... ■

## 1–ാം ചരമവാർഷികം

04.06.2015



**വി. വിലാസിനി അമ്മ**

ശങ്കർ നിവാസ്
കെഴുപ്പിള്ളി ക്രോസ് റോഡ്
കടവന്ത്ര, കൊച്ചി - 682020

# എറണാകുളം കരയോഗം

### ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2015 മെയ് മാസത്തിൽ സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. ശങ്കർ മേനോൻ, മഹനീയം, 62/3375, ചിറ്റൂർ റോഡ്, കൊച്ചി 682016 | 25,000 |
| 2. | ഡോ. സി. ബാലചന്ദ്രൻ, ചാനായിൽ, 28/3355, ചെറുപുഷ്പം, കടവന്ത്ര- 682020 | 22, 581 |
| 3. | ജസ്റ്റിസ്. തോട്ടത്തിൽ ബി. രാധാകൃഷ്ണൻ, സായിഗായത്രി, കീർത്തിനഗർ, എളമക്കര, കൊച്ചി | 13,694 |
| 4. | ശ്രീ. പി. കുമാരമേനോൻ, കുമാരനിലയ അനക്സർ, രവിപുരം | 10,000 |
| 5. | ശ്രീ. പി. രാമചന്ദ്രൻ (വേണു), മേലങ്ങത്ത്, ആലഷാട്ട് റോഡ്, രവിപുരം | 10,000 |
| 6. | ശ്രീ. വേണുഗോപാൽ. ആർ, രാജീവം, ഇല്ലത്തും പറമ്പ്, പേട്ട, തൃപ്പൂണിത്തുറ | 10,000 |
| 7. | ശ്രീ. പ്രതാപചന്ദ്രൻ നായർ. എസ്. ബി. 103, ശാന്തി എൻക്ലയ്‌വ്, കടവന്ത്ര | 7,000 |
| 8. | ശ്രീമതി. എൻ. ദേവകിയമ്മ, പ്രശാന്തി ഹോം ഫോർ എയ്ജ്ഡ്, സൗത്ത് ജനത റോഡ് പാലാരിവട്ടം(ഭർത്താവ് ചെമ്പാല നാരായണൻ നായരുടെ സ്മരണയ്ക്ക്) | 5,200 |
| 9. | ശ്രീ. വിജയൻ. കെ.ഡി , കുട്ടാനപിള്ളിൽ, വെണ്ണല. പി. ഒ. കൊച്ചി 682028 | 5,000 |
| 10. | ശ്രീ. രമേഷ് കുമാർ.ബി , കളത്തിൽ പറമ്പിൽ ഹൗസ്, ലായം റോഡ്, എറണാകുളം | 5,000 |
| 11. | ശ്രീ. ഒ. വേണുഗോപാൽ, 49/697 ജി, അനശ്വര, രാജീവ് നഗർ, എളമക്കര | 5,000 |
| 12. | ശ്രീ. രമേഷ് കുമാർ.ബി , കളത്തിൽ പറമ്പിൽ ഹൗസ്, ലായം റോഡ്, എറണാകുളം | 5,000 |

# ഗാന്ധിസൂക്തം

## സംഗീതം വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തണം

സംഗീതം വലുതായി നമ്മെ സ്വാധീനിക്കുന്നു. അതിന്റെ അനന്ത സാദ്ധ്യതകളെക്കുറിച്ച് നാം കുടൂതൽ പരിഗണിച്ചിരുന്നെങ്കിൽ നമ്മുടെ കുട്ടികളെ സംഗീതം പഠിപ്പിക്കാൻ വേണ്ടതു ചെയ്യുമായിരുന്നു. വേദത്തിലെ ശ്ലോകങ്ങളെല്ലാം സംഗീതാത്മകമാണ്. ആത്മാവിനെ സാന്ത്വനപ്പെടുത്തുവാൻ ശ്രുതിലയങ്ങൾക്കു കഴിവുണ്ട്. ചില നേരങ്ങളിൽ ജനക്കൂട്ടത്തിൽ അക്ഷമയും അസ്വസ്ഥതയും നാം കാണാറുണ്ടല്ലോ. അവയെ ഒരു നിമിഷം കൊണ്ട് ശാന്തമാക്കാൻ എല്ലാവരും ചേർന്ന് പാടുന്ന ദേശീയ ഗാനത്തിന് കഴിയും. വളരെയേറെ ആളുകൾ ഒന്നായി ചേർന്നു പാടുന്ന ഗാനം മനസ്സുണർത്താനും ഉയർത്താനും പോന്നതാണ്. വള്ളം തുഴയുന്നവരും പണിയാളുകളും ഹരിഹർ എന്നും അല്ലാ - ബേലി എന്നും മറ്റുമുള്ള നാമങ്ങൾ ഉറക്കെ ചൊല്ലാറുണ്ടല്ലോ. ജോലിഭാരം ലഘുകരിക്കാൻ അതിനാവും. തണുപ്പു കാലത്തിന്റെ തീഷ്ണത മറക്കാൻ പാട്ട് പാടുന്ന ഇംഗ്ലീഷ് സുഹൃത്തുക്കളെ ഞാൻ കണ്ടിട്ടുണ്ട്. പ്രചാരം സിദ്ധിച്ച നാടക ഗാനങ്ങളും മറ്റും നമ്മുടെ കുട്ടികളിൽ ചിലർ ഹാർമോണിയം പോലുള്ള പരുക്കൻ ഉപകരണങ്ങളിൽ വായിക്കാറുണ്ടല്ലോ. ഇത് നല്ല സംഗീതത്തിനുള്ള അഭിരുചിയെ നശിപ്പിക്കുന്നു. പകരം ശാസ്ത്രീയ സംഗീതം അഭ്യസിക്കുകയാണ് എങ്കിൽ തുക്കടാപ്പാട്ടിനുവേണ്ടി അവർ പാഴാക്കുന്ന സമയം വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താനാവും. അതായത് ഒരു നല്ല ഗായകൻ അസമയങ്ങളിലോ അപശ്രുതിയായോ ഗാനങ്ങൾ പാടാത്തതുപോലെ നല്ല സംഗീതം അഭ്യസിക്കുന്നവർ വൃത്തികെട്ട ഗാനങ്ങൾ പാടാനും തയ്യാറാവില്ല. വിദ്യഭ്യാസ പദ്ധതിയിൽ സംഗീതത്തിന് തീർച്ചയായും ഒരു സ്ഥാനം നൽകേണ്ടതാണ്. സാംസ്കാരികമായി ഉൾവെളിച്ചം നല്കാനുള്ള അതിന്റെ കഴിവിനെ അംഗീകരിക്കപ്പെടേണ്ടതുമാണ്.

**യഥാർത്ഥ വിദ്യാഭ്യാസം, പുറം 30**

## ആദരാഞ്ജലി


2015 മെയ് മാസം അന്തരിച്ച കരയോഗം അംഗങ്ങളുടെ പേരുവിവരം



എൽ1484
**കെ. ജി. ടി നായർ**
ഹരിനി,
വാരിയംറോഡ്
കൊച്ചി 682016



എൽ1327
**ടി. ആർ. മേനോൻ**
തോട്ടക്കാട്ട് ഹൗസ്,
നെട്ടേപ്പാടം
ക്രോസ് റോഡ്
കൊച്ചി 682016



എൽ/4394
**ടി. ദേവദാസ്**
48/217 A-1
സ്വാമിപ്പടി
പേരണ്ടൂർ റോഡ്
കൊച്ചി-26




എൽ1973
**സത്യവതി അമ്മ**
പള്ളിയിൽ,
പത്മവിലാസ്,
പൊയ്ബ്ലാശ്ശേരി ലെയിൻ,
രവിപുരം റോഡ്,
കൊച്ചി 682016

# 10–ാം ചരമവാർഷികം

29. 06. 2015



കേരള ഹൈക്കോടതി ജഡ്ജിയായി 8 വർഷവും, എറണാകുളം കരയോഗം പ്രസിഡണ്ടായി (ആദ്യ വനിതാ പ്രസിഡണ്ട്) 6 വർഷവും സേവനം അനുഷ്ഠിച്ച ജസ്റ്റിസ് പി. ജാനകി അമ്മ കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് 10 വർഷം തികയുകയാണ് ജൂൺ 29 ന്. ജീവിതകാലം മുഴുവനും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിൽ മുഴുകി കഴിഞ്ഞിരുന്ന ജസ്റ്റിസ് ജാനകി അമ്മ പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസിന്റെ സജീവ പ്രവർത്തകയുമായിരുന്നു. ആരാധകരുടേയും, സ്നേഹിതരുടേയും, കുടുംബാംഗങ്ങളുടേയും സ്നേഹനിർഭരമായ സ്മരണാഞ്ജലികൾ.



**ഓം ഗം ഗണപതയെ നമഃ**

**ഓം ശ്രീഗുരുഭ്യോ നമഃ**

**ഓം ഭൂർ ഭുവഃ സ്വഃ തത് സവിതുർവരേണ്യം**
**ഭർഗോ ദേവസ്യ ധീമഹി**
**ധീയോ യോനഃ പ്രചോദയാത്**

**ഓം സാംബ സദാശിവായ നമഃ**

1190-ാംമാണ്ട് മിഥുനമാസം 1 മുതൽ 31 വരെ
2015-ാംമാണ്ട് ജൂൺ 16 മുതൽ ജൂലൈ16 വരെ



**പ്രശ്നഭൂഷണം : ഹരിഹരൻ എം.എസ്**
**Monday to Saturday 10 am to 1 pm**
**Tel: TDM - 2361160, *Mob: 9995055764***

# മാസഫലം



**മേടക്കൂറ്** (അശ്വതി, ഭരണി, കാർത്തിക കാൽ) ഈ കൂറിൽ ജനിച്ചവർക്ക് രണ്ടിൽ ബുധൻ മൂന്നിൽ രവി കുജയോഗം നാലിൽ ഗുരു ശുക്രയോഗം ആറിൽ രാഹു അഷ്ടമത്തിൽ ശനി പന്ത്രണ്ടിൽ കേതു സഞ്ചരിക്കുന്നു. പൊതുവെ കാലം അനുകൂലം ദേഷ്യം കുറക്കുക, പാപ ചിന്തകൾ ഒഴിവാക്കുക ധനാഗമം ഗൃഹനിർമ്മാണം വാഹനയോഗം ഉണ്ടാകും ശിവഭജനം, ദേവിക്ക് വിളക്ക്, മുരുകന് ക്ഷീരധാര.



**ഇടവക്കൂറ്** (കാർത്തിക മുക്കാൽ, രോഹിണി, മകയിരം പകുതി)ഈ രാശിക്കാർക്ക് ലഗ്നത്തിൽ ബുധൻ രണ്ടിൽ രവി കുജയോഗം മൂന്നിൽ ഗുരു ശുക്രയോഗം അഞ്ചിൽ രാഹു. കണ്ടകശ്ശനി തുടരുന്നു. (7ൽശനി) പതിനൊന്നിൽ കേതു സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ശമനമുണ്ടാകും വാഹനം സൂക്ഷിക്കുക അഗ്നി ആയുധദോഷം അനാവശ്യമനോവിഷമങ്ങൾ കാണുന്നു. ഉമാ മഹേശ്വര ക്ഷേത്രദർശനം, നാഗപ്രീതി, വിഷ്ണു ഭജനം ഇവ ചെയ്യുക




